Reg. M. No. 2293

ഒറ്റപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 ചിങ്ങം 16—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 സെപ്റ്റംബർ 1 | ലക്കം 3

## കുഞ്ഞുങ്ങളെയോർത്തു്


(കെ. സി. ചാക്കോ എം. എ. എം. എസ്.)

വർണ്ണിക്കാൻകഴിയാത്തവിധമുള്ള കഷ്ടപ്പാടുകൾ സഹിച്ചുകൊണ്ടു് കൊലക്കളത്തിലേക്കു് എഴുന്നെള്ളുന്ന ദിവ്യരക്ഷകനെക്കണ്ടു് ചില സ്ത്രീകൾ നിലവിളിച്ചു. അവരെ നോക്കിക്കൊണ്ടു് ദൈവപുത്രൻ അരുളിച്ചെയ്തു: "നിങ്ങൾ എന്നെ ഓർത്തു കരയേണ്ട. "നിങ്ങളേയും നിങ്ങളുടെ കുഞ്ഞുങ്ങളേയും ഓർമ്മിച്ചു് നിങ്ങൾ കരയുക." ഏതെല്ലാം സൂചനകളും അർത്ഥങ്ങളും ആ കല്പനയിൽ അന്തർഭവിച്ചിരുന്നു. മനുഷ്യൻ, അവന്റെ ജീവിതത്തിലെ പ്രാധാന്യമേറിയ ഘട്ടത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ അവന്റെ മുഖ്യമായ ചിന്ത സ്വന്തം കുഞ്ഞുങ്ങളേയും കുടുംബത്തേയുംപററി ആയിരിക്കുന്നതു് സ്വാഭാവികമാണു്. ഔദ്യോഗികജീവിതവും കുടുംബജീവിതവും തമ്മിൽ തുലനംചെയ്തു് താരതമ്യേന ഒരു പ്രാമാണ്യം കല്പിക്കാൻ ആരെങ്കിലും ശ്രമിക്കുന്നതു് സാഹസമായിരിക്കും. എങ്കിലും സമുദായങ്ങളുടേയും സാമൂഹികജീവിതത്തിന്റെയും അടിസ്ഥാനമായ കുടുംബങ്ങളുടെ സ്ഥായിയായ നിലനില്പും വളർച്ചയും സംബന്ധിച്ച കാര്യങ്ങൾ അന്വേഷിക്കാനുള്ള കുടുംബനാഥന്മാരുടെ ചുമതല ഏററവും ഗൗരവതരമാണെന്നു് ആരും സമ്മതിക്കും.

മാതാപിതാക്കന്മാർ കുഞ്ഞുങ്ങളെ ഓർത്തു് കരയുക എന്നു് ദിവ്യരക്ഷകൻ ആവശ്യപ്പെട്ടു. അന്നു് അദ്ദേഹം ഒരു തലമുറയെ കണ്ടു. പിന്നീടു് വരാനിരുന്നവയേയും അദ്ദേഹം ദീർഘദൃഷ്ടിയിൽ കണ്ടറിഞ്ഞിരുന്നു. അവയിലെല്ലാം ഉണ്ടായിക്കൊണ്ടിരുന്നതും ഉണ്ടാകേണ്ടാവുന്നതുമായ അനുഭവങ്ങളുടെ വെളിച്ചത്തിലല്ലേ ദിവ്യരക്ഷകൻ സംസാരിച്ചതു്? സ്നേഹസമ്പന്നനായ ഒരു പിതാവിനെ വളരെനാളത്തെ കണ്ണീർ കുടിപ്പിച്ച ഒരു ധൂർത്തപുത്രനെ അവിടുന്നു നമുക്കു കാണിച്ചുതന്നു. മൃതനായ പുത്രന്റെ ശവമഞ്ചത്തിനു് പിമ്പേ കണ്ണീർ ഒഴുക്കിക്കൊണ്ടു് പോകുന്ന ഒരു വിധവയെ നാം വേദപുസ്തകത്തിൽ കാണുന്നു. കുഞ്ഞുമകളുടെ രോഗം പൊറുപ്പിക്കാൻ ദിവ്യരക്ഷകനെ ക്ഷണിക്കുന്ന ജയിരൂസും, കുഞ്ഞുങ്ങളെ ഓർത്തു കരയുന്ന പിതാക്കളുടെ ഒരു ഉദാഹരണമാണു്. ഒരു പിടക്കോഴി അതിന്റെ കുഞ്ഞുങ്ങളെ ചിറകുകളുടെ കീഴിലാക്കാൻ ബദ്ധപ്പെടുന്ന ഒരു ചിത്രം അവിടുന്നു നമ്മെ പറഞ്ഞുകേൾപ്പിച്ചു. ഇങ്ങനെ സുവിശേഷം പഠിക്കുന്നവർക്കെല്ലാം കുഞ്ഞുങ്ങളെ ഓർത്തു കരയുന്ന മാതാപിതാക്കളെ കാണാൻകഴിയും. സുവിശേഷങ്ങൾതന്നേയുംതന്റെ തിരുക്കുമാരന്റെ പീഡാനുഭവങ്ങളെ പങ്കിട്ടെടുത്ത സഹരക്ഷകയായ പരിശുദ്ധകന്യക മകനെപ്രതി കരയുന്ന ഒരു തുടക്കഥയായി നമുക്കു വീക്ഷിച്ചുകൂടേ?

പലതരത്തിൽ മക്കൾമൂലം മാതാപിതാക്കൾ കരയേണ്ടതായി വരുന്നു. വേദനയോടുകൂടി ശിശുവിനെ പ്രസവിക്കുന്ന അമ്മ, കരഞ്ഞുകൊണ്ടുതന്നെ തന്റെ സന്താനത്തെ ലോകത്തിനു നൽകുന്നു. ആ കുഞ്ഞു വളർന്നുവരുന്നതുവരെ, ഓരോ ഘട്ടത്തിലും ഏതെല്ലാം മനോവേദനകൾക്കും ശരീരവേദനകൾക്കും മാതാപിതാക്കൾക്കു് അവസരം ഉണ്ടാകുന്നില്ല. അതിനുശേഷം ജീവിതത്തിൽ ഓരോ അവസ്ഥകളിൽ പ്രവേശിക്കുന്ന മക്കളുടെ ഓരോ തെററായ കാൽവെപ്പും, ഓരോ പരാജയവും, ഓരോ അപകടവും മാതാപിതാക്കളുടെ ഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടേയിരിക്കും. അവരുടെ തെററുകൾക്കും, അപഥസഞ്ചാരത്തിനും, പരാജയത്തിനും കാരണവന്മാർ കാരണക്കാർകൂടിയാണെങ്കിൽ അവരുടെ ദുഃഖം പറയാനുമില്ല.

മാതാപിതാക്കന്മാർ മനഃപൂർവ്വമായും ഉപേക്ഷകൊണ്ടും കുട്ടികളുടെ തെററുകൾക്കും സങ്കടങ്ങൾക്കും കാരണമായിത്തീരും. അതെല്ലാം കാലാന്തരത്തിൽ അവരുടെ ഹൃദയത്തെത്തന്നെ തകർത്തുകൊണ്ടു തിരിഞ്ഞുവരും എന്നു് അവർ അറിയുന്നില്ല.



മാതാവിന്റെ പിറവിത്തിരുനാൾ (സെപ്റ്റംബർ 8)

മക്കളുടെ കഷ്ടപ്പാടുകൾക്കു് കാരണവന്മാരും ഉത്തരവാദികളാണ് എന്നു് പറകെ ഒരു ബോധ്യമുണ്ടു്. അപ്പനമ്മമാർ സമ്പാദിക്കുന്ന സമ്പത്തു് മക്കൾക്കു് ന്യായമായി അവകാശപ്പെട്ടതാണെങ്കിൽ അവർ ആർജ്ജിക്കുന്ന ദുഷ്ടതയും കുറെയെല്ലാം മക്കളിലേക്കു് സംക്രമിക്കുന്നതു് ന്യായം മാത്രമല്ലേ. മാതാപിതാക്കന്മാരുടെ ദുഷ്ടതയ്ക്കു് മക്കൾ പരിഹാരംചെയ്യേണ്ടിവരുമെന്നു് ചിലർ മനസ്സിലാക്കുന്നില്ല. മോശ ഇസ്രായേൽക്കാരേയുംകൊണ്ടു് തിരിച്ചുവരുന്നവഴി മൂന്നാം മാസത്തിൽ സീനായ് മലയുടെ പരിസരങ്ങളിൽ എത്തി. അവിടെ അവർ കൂടാരം അടിച്ചു താമസിക്കുമ്പോൾ മോശമാത്രം മലമുകളിലേക്കു പോയി. അവിടെ അയാൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഇടിയും മിന്നലും തീയും പുകയും മുഴക്കവും എല്ലാം നിറഞ്ഞ ഒരു ചുററുപാടിൽ ദൈവം മോശയ്ക്കു് പ്രത്യക്ഷപ്പെട്ടു. പത്തു പ്രമാണങ്ങളെ ദൈവം അന്നു് മനുഷ്യർക്കായി നിർദ്ദേശിച്ചു. അതിൽ ഒന്നാമത്തെ പ്രമാണം വ്യാഖ്യാനിച്ചുകൊണ്ടു് ദൈവം ഏതാണ്ടു് ഇങ്ങനെ പറഞ്ഞു. "നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാൻ സർവ്വശക്തനും അക്ഷാന്തിമാനും ആകുന്നു. എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ ദുഷ്ടതയെ അവന്റെ മൂന്നു നാലു തലമുറകളിലെ മക്കളിലേക്കു പകരുന്ന നീതിമാനായ ദൈവം ഞാനാകുന്നു." മോശ ഇതുകേട്ടു് ഞെട്ടിയിരിക്കും. കല്പലക ഉടഞ്ഞശേഷം വീണ്ടും മോശ ദൈവസന്നിധിയിൽ എത്തുമ്പോൾ ഏററം വ്യക്തമായി ഓർമ്മിച്ചതു് ദൈവത്തിന്റെ ഈ ഭയങ്കരപ്രസ്താവന ആയിരുന്നു. മോശ ദൈവത്തെ വിളിച്ചു "കർത്താവേ, എന്റെ ദൈവമേ, അങ്ങു് കാരുണ്യമുള്ളവനും മഹാമനസ്കനും ക്ഷമാപൂർണ്ണനും ആകുന്നു,....." അടുത്ത നിമിഷത്തിൽ മോശ ഓർമ്മിച്ചു...."അങ്ങു് പിതാക്കന്മാരുടെ പാപത്തിന്റെ ഫലം മൂന്നും നാലും തലമുറകൾ വരെയുള്ള മക്കളിലും കുഞ്ഞുമക്കളിലും നിലനിർത്തുന്നവനും ആകുന്നു" എന്നു് മോശ വിളിച്ചുപറഞ്ഞു.

കല്പലകയിൽ ദൈവം എഴുതിയ കല്പനകൾ എല്ലാം അതിൽ ഗാഢമായി പതിഞ്ഞതുപോലെ, ദൈവത്തിന്റെ ഈ സ്വഭാവത്തെപ്പററിയുള്ള വാക്കുകൾ മോശയുടെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞു. മോശയുടെ മരണംവരേയും അതു് അയാൾ മറന്നില്ല. അത്ര ഭയാനകമായ ഒരു യാഥാർത്ഥ്യമായി അതു് അയാൾ കണ്ടു. അന്നത്തെപ്പോലെ ഭയങ്കരമായ ഒരു യാഥാർത്ഥ്യമായി അതു് ഇന്നും നിലകൊള്ളുന്നു. നമ്മുടെ കുററങ്ങളേയും കുറവുകളേയും പരിഹരിക്കുവാൻ ദൈവം നമ്മെ മാ

ത്രമല്ല നിയോഗിക്കുന്നത്. നമ്മുടെ മക്കളേയും കുഞ്ഞുമക്കളേയും കൂടി ദൈവം അതിനു ക്ഷണിച്ചു എന്നുവരാം.

എല്ലാവരും മക്കളെ സ്നേഹിക്കുന്നു; മക്കൾക്കുവേണ്ടി സകലതും ഉപേക്ഷിക്കാൻ തയ്യാറാകുന്നു; മക്കൾ സുഖമായി ജീവിക്കുവാൻ വേണ്ടി മാതാപിതാക്കന്മാർ ന്യായമായ സുഖസന്തോഷങ്ങളെപ്പോലും വേണ്ടെന്നുവെച്ചു ലുബ്ധിച്ചും ക്ലേശിച്ചും ജീവിക്കുന്നു രോഗവും ക്ഷീണവും വാർദ്ധക്യവും,



ഒന്നും നോക്കാതെ ബുദ്ധിമുട്ടുവാനും വേല ചെയ്യുവാനും അവർ തയ്യാറാകുന്നു, മക്കൾ വിഷമിക്കരുത് എന്നു കരുതി. അവർക്ക് വിശക്കരുത്, വേദനിക്കരുത്, അവർക്രമത്തിലധികം അദ്ധ്വാനിക്കരുത്, അവർ അന്തസ്സായി നടക്കണം, ഇതെല്ലാമാണ് മാതാപിതാക്കളുടെ അഭിലാഷം. ഇതെല്ലാം സാധിക്കണമെങ്കിൽ അവർതന്നെ പാപത്തിൽനിന്ന് അകന്നു ജീവിക്കണം എന്ന് പലരും മനസ്സിലാക്കുന്നില്ല. സ്വകാര്യജീവിതത്തിൽ ദുഷ്ടതയും പോരായ്മകളും നിറഞ്ഞ മനുഷ്യർ അവയെ അവഗണിച്ച് കുഞ്ഞുങ്ങൾ സുഖമായും സന്തോഷമായും അന്തസ്സായും കഷ്ടതകൾ അറിയാതെയും ജീവിക്കണം എന്നു വിചാരിച്ചാൽ അത് ദോഷതരമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവം ദയയും സ്നേഹവും നിറഞ്ഞവനാണ് എന്നു കരുതിയത്രേ പലരും പ്രലോഭനങ്ങൾക്കു വിധേയരായി പാപം ചെയ്യുന്നത്. സ്നേഹവും ദയയും മാത്രമല്ല ദൈവത്തിന്റെ ലക്ഷണങ്ങൾ. നീതിയും സത്യവുംകൂടി അവിടുത്തെ മാറാത്ത അടയാളങ്ങളാകുന്നു. അതേ, നാലു തലമുറകൾവരെയും നമ്മുടെ സന്തതികളെക്കൂടി ബാധിക്കത്തക്കവിധം നമ്മോട് നീതിനടത്താനിരിക്കുന്ന ദൈവത്തെ നാം ഭയപ്പെടുന്നെങ്കിൽ, നാം പാപം ചെയ്യുമ്പോൾ നമ്മുടെ കാര്യം മാത്രമല്ല നാം അപകടത്തിലാക്കുന്നത്, നമ്മുടെ കുഞ്ഞുങ്ങളുടെ കാര്യംകൂടിയാകുന്നു എന്ന് നാം ഓർമ്മിക്കണം. മക്കൾ സുഖമായി ജീവിക്കാൻ വേണ്ടി അന്യായമായും അക്രമമായും ധനം സമ്പാദിക്കുകയും, ലുബ്ധായി ദാനധർമ്മങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യുന്നവർ, അതുമൂലം മക്കളെ സഹായിക്കുകയല്ല ദ്രോഹിക്കുകയാണു ചെയ്യുന്നത്. "എന്റെ മകനെ ഒന്നാം നിലയിൽ വിദ്യ അഭ്യസിപ്പിക്കണം; അവനെ ഇംഗ്ലണ്ടിലയക്കണം; അമേരിക്കയ്ക്കയക്കണം; മകളെ പല ആയിരങ്ങൾ കൊടുത്ത് കെട്ടിക്കണം" എന്നെല്ലാം കരുതി സാമാന്യമായ ദാനധർമ്മങ്ങൾ ചെയ്യാതെ മിച്ചംവയ്ക്കുന്നവർ അവരുടെ മക്കളെ സ്നേഹിക്കുകയാണോ ദ്രോഹിക്കുകയാണോ ചെയ്യുന്നത്? ദാനധർമ്മത്തിന് ഒരു ക്ലിപ്തപരിധി ആരും നിർദ്ദേശിക്കുന്നില്ലെങ്കിലും, ഓരോരുത്തരും അവരവർ സമ്പാദിക്കുന്നതിന്റെ ഒരു നല്ല അംശം ധർമ്മകാര്യങ്ങൾക്കായി ചെലവാക്കാൻ ധാർമ്മികമായി കടപ്പെട്ടവരാകുന്നു. ആ ചുമതലയിൽനിന്ന് തെറ്റിമാറുന്നവർ തന്നത്താൻ വഞ്ചിക്കുന്നവർ മാത്രമാകുന്നു. സ്വന്തം കുഞ്ഞുങ്ങളെയോർത്ത് ഓരോരുത്തരും അവരവരുടെ കടമ നിർവ്വഹിക്കേണ്ടിയിരിക്കുന്നു.

കഷ്ടം, ഇങ്ങനെയെല്ലാം എഴുതുകയും പറയുകയും വിചാരിക്കുകയും ചെയ്യുന്നവർക്കുപോലും പലപ്പോഴും അതനുസരിച്ചു പ്രവർത്തിക്കാനുള്ള ധൈര്യം ഇല്ല. ക്രിസ്തീയജീവിതത്തിൽ ഏററം നിർഭാഗ്യകരമായ ഒരവസ്ഥയുണ്ട്. നാം യഥാർത്ഥ ക്രിസ്ത്യാനികളായി ജീവിക്കണമെന്ന് നമ്മുടെ ചുററുമുള്ളവർപോലും കാര്യമായി കരുതുന്നില്ല. നമ്മുടെ ഉററമിത്രങ്ങൾപോലും അങ്ങനെ കരുതുന്നില്ല.

നാട്ടുനടപ്പിന് വിപരീതമായി, ഒരുത്തൻ ശനിയാഴ്ചദിവസങ്ങളിലല്ലാതെ എല്ലാ ദിവസവും പിച്ചക്കാർക്ക് ധർമ്മം കൊടുത്താൽ—പതിവായി ചിലർക്കെല്ലാം അല്പം ഭക്ഷണവും ഒരു തുണ്ടു തുണിയുംകൂടി കൊടുത്താൽ—സ്വന്തം വീട്ടിൽ നില്ക്കുന്ന വേലക്കാർക്ക്, അല്പം ശമ്പളം കൂട്ടിക്കൊടുത്താൽ—എന്തിന് എന്തെങ്കിലും അല്പം പണം കൂടുതൽ കൈവിട്ടുകളഞ്ഞാൽ അവൻ ലോകത്തിന്റെ ദൃഷ്ടിയിൽ ഒരു മടയനായി, പരിഹാസ്യനായി. അതുകൊണ്ട് അതിന് അവന് ധൈര്യമില്ല. ഫലമോ, അധർമ്മമായി നാം സമ്പാദിക്കുകയും കൂട്ടിവയ്ക്കുകയും ചെയ്യുന്ന സ്വത്ത് നമ്മുടെ കുഞ്ഞുങ്ങളുടെ നാശത്തിനായി പരിണമിക്കുന്നു. ചരിത്രം പരിശോധിച്ചാൽ, ദൈവം നൽകിയ ആ പ്രമാണം അക്ഷരംപ്രതി നിറവേറിയിരിക്കുന്നതായി പലയിടങ്ങളിലും നമുക്ക് കാണാൻ കഴിയും.

നിങ്ങളുടെ കുഞ്ഞുങ്ങളെ ഓർത്ത് നിങ്ങൾ കരയുക എന്ന് കർത്താവു പറഞ്ഞപ്പോൾ ഈ ചിത്രം തന്റെ മനസ്സിൽ നിഴലിച്ചിരുന്നു കാണും. മാതാപിതാക്കൾ ഏതെങ്കിലും തരത്തിലുള്ള ഒരു തെററു ചെയ്യുവാൻ മുതിരുമ്പോൾ, ദാനധർമ്മത്തിനടുത്ത ഒരു പ്രവൃത്തിക്കു മടിക്കുമ്പോൾ, സ്വത്തുക്കൾ മുഴുവനായി കുഞ്ഞുങ്ങൾക്ക് വീതിച്ചുകൊടുക്കുമ്പോൾ, കർത്താവിന്റെ വാക്കുകൾ ഓർമ്മിക്കട്ടെ, "നിങ്ങളുടെ കുഞ്ഞുങ്ങളെ ഓർത്ത് നിങ്ങൾ കരയുക." കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന മാതാപിതാക്കന്മാരുടെ സുകൃതജീവിതത്തിന് ഏററവും വലിയ പ്രേരണാശക്തി, ആ സ്നേഹംതന്നെയായിരിക്കട്ടെ.



# എന്റെ യൂറോപ്പുപര്യടനം

(വെരി റവ. ഫാദർ വിക്ടർ സി. ഡി.)

II

## ഇററലിയുടെ തലസ്ഥാനമായ റോമ

ഇററലിയുടെ തലസ്ഥാനമായ റോമാപട്ടണം വിദേശസന്ദർശകർക്കും തീർത്ഥകർക്കും ഒരുപോലെ ആകർഷകമായ ഒരു കേന്ദ്രമാണ്. ലോകത്തിൽ ഏററം കൂടുതൽ ചരിത്രസ്മാരകങ്ങൾകൊണ്ട് സമ്പുഷ്ടമായ ഒരു നഗരമാണതെന്നുള്ളത് ഒരു തികഞ്ഞ യാഥാർത്ഥ്യമാണ്. തന്മൂലം ഭൂഗോളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമുള്ള സന്ദർശകരെ അവിടെ എപ്പോഴും ധാരാളമായി കാണാൻ സാധിക്കുന്നു. സാമ്പത്തികകഴിവുകളിൽ മുന്നണിയിൽ നില്ക്കുന്നവരായ ഇംഗ്ലീഷുഭാഷ സംസാരിക്കുന്ന രാജ്യക്കാരായിരിക്കും അവരിൽ ഭൂരിപക്ഷവും. വിദേശികളായ സന്ദർശകരെ സല്ക്കരിക്കുക എന്നതു റോമിലെ ഒരു പ്രത്യേക വ്യവസായമാണെന്നു പറയാം. അതിൽനിന്നുള്ള വരുമാനംകൊണ്ടാണ് നഗരവാസികളിൽ വമ്പിച്ച ഒരു ഭാഗം കാലയാപനം നിർവ്വഹിക്കുന്നത്. പേഗൻ റോമയുടെ നഷ്ടശിഷ്ടങ്ങൾ ചരിത്രപഠിതാക്കളായ സന്ദർശകരെ പ്രത്യേകം ആകർഷിക്കുന്ന ഒരു അംഗമാണ്. റോമൻ ഫോറം, കൊളീസിയം, പല്ലാറയിൻ മന്ദിരങ്ങൾ മുതലായവ അവയിൽ പ്രമുഖങ്ങളാണ്. ഭക്തന്മാരായ തീർത്ഥകർക്കും സമാകർഷകമായി അവിടെ നിരവധി പുണ്യസ്ഥലങ്ങളുണ്ട്. ക്രിസ്തുവിന്റെ പ്രതിപുരുഷനായ മാർപ്പാപ്പായുടെ അധിവാസസ്ഥാനമായ വത്തിക്കാനും, ആദിമസഭയിലെ എണ്ണമില്ലാത്ത പുണ്യവാന്മാരുടെ തിരുഅവശിഷ്ടങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന ഭൂഗർഭാലയങ്ങളും, ഗംഭീരങ്ങളും പരമപ്രധാനങ്ങളുമായ ബസ്ലിക്കാദേവാലയങ്ങളും മററിതുപോലുള്ള നിരവധി സ്മാരകസ്ഥാപനങ്ങളും അവരെ ഉത്തേജിതരും ഉത്സുകരുമാക്കുന്നു. റോമിന്റെ അനന്യസാധാരണമായ ആകർഷണീയത അടങ്ങിയിരിക്കുന്നത് അക്രൈസ്തവസംസ്കാരത്തെ ഒരു ഭാഗത്തും ക്രൈസ്തവസംസ്കാരത്തെ മറുഭാഗത്തും പ്രതിഫലിപ്പിക്കുന്നതിനു കഴിവുള്ള അതിന്റെ ബഹുലങ്ങളായ സ്മാരകങ്ങളുടെ സമ്യക്കായ സങ്കലനത്തിലാണെന്നാണ് എന്റെ അഭിമതം. പ്രശ്രുതമായ പ്രസ്തുത രണ്ടു നാഗരികതകളേയും ഇത്ര സ്പഷ്ടമായി പ്രതിഫലിപ്പിക്കത്തക്ക സ്മാരകസമൃദ്ധി വേറൊരു രാജ്യത്തും കാണുന്നതല്ല. ഭൂപടങ്ങളുടേയും നിർദ്ദേശഗ്രന്ഥങ്ങളുടേയും സഹായത്തോടുകൂടി റോമിലെ നഗരവീഥികളിലൂടെ അവിടെയുള്ള ചരിത്രസ്മാരകങ്ങളെ ഒന്നൊന്നായി പരിശോധിച്ച് ചുററിക്കറങ്ങുന്ന ചരിത്രപഠിതാക്കളേയും കലാപ്രേമികളേയും നിത്യേന കണ്ടുമുട്ടുക സാധാരണമാണ്. എല്ലാ രാജ്യക്കാരും ആ ഗണത്തിലുൾപ്പെടുന്നുണ്ട്.




റോമാനഗരത്തിന്റെ ഒരു വിഹഗവീക്ഷണം

## നഗരജീവിതം

പരിഷ്കൃതമായ ആധുനികനഗരങ്ങളിൽ സാധാരണ കാണപ്പെടുന്ന എല്ലാ യാത്രാസൗകര്യങ്ങളും റോമയിലും സുലഭമാണ്. ബസ്സുകളും ട്രാമുകളും മററും സദാ നഗരവീഥികളിലൂടെ ഓടിക്കൊണ്ടിരിക്കുന്നു. നഗരത്തിന്റെ വിവിധഭാഗങ്ങളെപ്പററി വേണ്ടത്ര പരിജ്ഞാനമില്ലാത്തവർക്ക് അവയെ ഉപയോഗപ്പെടുത്തുന്നതിനു ആരംഭത്തിൽ വിഷമമുണ്ടായേക്കാം. അത്തരക്കാർക്ക് വാടകക്കാറുകളായിരിക്കും സൗകര്യം. അതുകൊണ്ട് ഞാനും ഒരു കാർ വാടകയ്ക്കെടുത്തു. പക്ഷെ ഒരു കാര്യം. വാടകനിരക്കു സാധാരണക്കാർക്കു വഹിക്കാൻ വിഷമമാണ്. വണ്ടി ഓടിത്തുടങ്ങിയപ്പോൾ തന്നെ വാടകകുറിക്കുന്ന സൂചിയെ ഞാൻ സൂക്ഷിച്ചു. 150 ലിറ (1ക. 4ണ) എന്നതിൽ അടയാളപ്പെടുത്തിയിരുന്നു. കുറച്ചുദിവസം മുമ്പ് ബോംബെയിൽവച്ചു ഒരു കാർ ഞാൻ വാടകയ്ക്കെടുത്തു. അതിന്റെ പ്രാരംഭനിരക്ക് 4ണ മാത്രം. ഇതായിരുന്നു വ്യത്യാസം. റോമിലെ എന്റെ താമസത്തിനിടയിൽ ഒരു ദിവസം എന്റെ ഒരു പല്ലെടുപ്പിച്ചു. ചാർജ്ജ് 25ക. എറണാകുളത്തെ നമ്മുടെ ജപ്പാൻ ഡെൻറിസ്റ്റ് മി. നിഷിമുറായേയും അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ പ്രവൃത്തികളുടെ താരതമ്യേന ചുരുങ്ങിയ നിരക്കും അപ്പോൾ ഞാനോർമ്മിച്ചു. ഒരുദിവസം ഹോട്ടലിൽ ഒരൂണു കഴിക്കേണ്ടതായി വന്നു. ഒരുവിധം മാന്യമായ ഒരു ഹോട്ടൽ. ഒരു സാധാരണ ഭക്ഷണത്തിന് ചാർജ്ജ് ഏകദേശം 12ക. എന്റെ കീശയെ ഞാൻ മുറുക്കിപ്പിടിക്കാൻ തുടങ്ങി. സാവധാനത്തിൽ എനിക്കു ബോദ്ധ്യപ്പെട്ടു, ജീവിതച്ചിലവു വളരെ ചുരുങ്ങിയിരിക്കുന്ന ഇന്ത്യയിൽനിന്നു അതിനു കടകവിരുദ്ധമായ ഒരു മറുലോകത്തിലാണ് ഞാൻ എത്തിയിരിക്കുന്നതെന്ന്. നിർദ്ദേശഗ്രന്ഥങ്ങളുടെ (Guides) ഉപയോഗം എനിക്കു മനസ്സിലായി. പാശ്ചാത്യരാജ്യങ്ങളിൽ സഞ്ചരിക്കുന്ന പൂർവ്വദേശീയർക്ക് അവരുടെ ജീവിതച്ചിലവ് പാടുള്ളിടത്തോളം കുറയ്ക്കുന്നതിനും അനാവശ്യസുഖസൗകര്യങ്ങളെ ഉപേക്ഷിക്കുന്നതിനും അവ വളരെ സഹായകമത്രെ.

## തൊഴിലാളികളുടെ സ്ഥിതി

ജീവിതച്ചിലവ് ഇത്രമേൽ വർദ്ധിച്ചിരിക്കുന്ന രാജ്യങ്ങളിൽ പാവപ്പെട്ടവരുടേയും തൊഴിലാളികളുടേയും സ്ഥിതി എന്തായിരിക്കുമെന്നറിയുന്നതിന് ഞാൻ ജിജ്ഞാസുവായി. അവിടത്തെ തൊഴിലാളിവേതനത്തെപ്പററിയും മററും ഞാൻ അന്വേഷണം നടത്തി. ഇററലിയിൽ സാധാരണ ഒരു കൂലിക്കാരന് പ്രതിദിനം 11ക യോടടുത്തും വിദഗ്ദ്ധനായ ഒരു തൊഴിലാളിക്ക് 20ക യോടടുത്തും ലഭിക്കുന്നു. ഇററലിയിലേയും ഇന്ത്യയിലേയും ശമ്പളത്തോതുകൾ ഞാൻ താരതമ്യപ്പെടുത്തി നോക്കി. യൂറോപ്പിലെ ദരിദ്രരാജ്യങ്ങളിൽ ഒന്നായി കരുതപ്പെടുന്ന ഇററലിയിൽ ഒരാൾക്കു പ്രതിമാസം ശരാശരി 275 ഡോളറോടടുത്തു കിട്ടുമ്പോൾ ഒരിന്ത്യൻ ശമ്പളക്കാരനു കിട്ടുന്നത് വെറും 56 ഡോളർമാത്രമാണ്. ഈ കണക്കുകൾവച്ചു നോക്കുമ്പോൾ യൂറോപ്യൻ രാജ്യങ്ങളിൽ നിലവിലിരിക്കുന്ന ഉയർന്ന ജീവിതനിലവാരത്തെ മനസ്സിലാക്കാൻ വിഷമമില്ലല്ലോ. ഇങ്ങനെയാണ് അവിടെ കൂലിനിരക്കും വർദ്ധിച്ചിരിക്കുന്നത്. റോമിലുള്ള തൊഴിലാളികൾ അവരുടെ കൂലിയുടെ ഒരുഭാഗംകൊണ്ട് കുടുംബാവശ്യങ്ങൾ നിർവ്വഹിക്കുകയും ബാക്കിയുള്ള തുക സുഖസൗകര്യങ്ങൾക്കും വിനോദങ്ങൾക്കുമായി ചിലവിടുകയും ചെയ്യുന്നു. യൂറോപ്പിൽ, പട്ടണപ്രദേശങ്ങളിൽ പ്രത്യേകിച്ചും, ഒരു തൊഴിലാളിയേയും ഒരു ധനവാനേയും അവരുടെ വേഷത്തിൽനിന്നു തിരിച്ചെടുക്കുക വിഷമമാണ്. പൊതുജീവിതത്തിൽ സമത്വത്തിനുവേണ്ടിയുള്ള അവരുടെ ബദ്ധപ്പാട് പ്രത്യേകം ശ്രദ്ധാർഹമത്രെ. ഭക്ഷണത്തിലും മററു വീട്ടാവശ്യങ്ങളിലും ചുരുക്കിപ്പിടിച്ചിട്ട് സാമൂഹികരംഗങ്ങളിൽ സമത്വം പ്രദർശിപ്പിക്കുന്നതിനാണ് അവരുടെ ഉൽക്കണ്ഠ. സാമൂഹികശാസ്ത്രജ്ഞന്മാർക്ക് ഇതു നിരർത്ഥകമായി തോന്നിയേക്കാം. പക്ഷെ യൂറോപ്യൻ സാമൂഹികരംഗത്തെ സർവ്വസാധാരണമായ ഒരു മനോഭാവമാണത്.

## കുടുംബജീവിതം

ഒരു തൊഴിലാളിക്കു ശരാശരി 8 മണിക്കൂറാണ് പ്രതിദിനം ജോലിചെയ്യാനുള്ളത്. അതു കഴിഞ്ഞാൽ സിനിമാശാലകളിലോ മദ്യവില്പനസ്ഥലങ്ങളിലോ വിനോദത്തിനായി സമ്മേളിക്കുകയാണ് സാധാരണ പതിവ്. അതുകൊണ്ട് സൗഹൃദമായ ഒരു കുടുംബജീവിതസുഖമനുഭവിക്കുന്നതിന് അവർക്കു സമയം കിട്ടുന്നില്ലത്രെ! മാത്രമല്ല, വിവിധ രീതിയിലുള്ള വിനോദങ്ങളുടെ ആകർഷണീയതയിൽ കുടുങ്ങി ദൈവത്തെ അനുസ്മരിക്കുന്നതിനുപോലും അവർക്കു സമയമില്ലെന്നായിരിക്കുന്നു. സാധാരണഗതിയിൽ മാതൃകാപരമായി കണക്കാക്കപ്പെടുന്ന ക്രിസ്തീയഭവനങ്ങളിലും സാമാന്യേന ഇതാണ് ഗതി. അനന്തരഫലമോ? തൊഴിലാളികളുടെ ഇടയിൽ പൊതുവെ മതകാര്യങ്ങളിൽ ഒരു നിഷ്പക്ഷതാമനോഭാവം പ്രചരിച്ചുവരുന്നു. ഈ പരിണാമത്തെ വിശദീകരിക്കുന്ന

(ശേഷം 11-ാം പേജിൽ)

റോമാക്കത്ത്



# മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് വേനൽക്കാലവസതിയിൽ

(പി. ജോസഫ്, റോം)

പരിശുദ്ധ പിതാവ് തിരുമനസ്സിലേക്കു കുറെ നാളുകൾക്കുമുമ്പുണ്ടായ ആലസ്യം ലോകമൊട്ടാകെയുള്ള നാനാജാതി മതസ്ഥരായ ജനങ്ങളെ അല്പമൊന്നു പരിഭ്രമം കൊള്ളിച്ചതാണല്ലോ. ആലസ്യശേഷമെങ്കിലും ഭാരമേറിയ തന്റെ ജോലികൾ കുറെ കുറച്ചുവച്ച് ഒരു ദീർഘവിശ്രമമെടുത്തേക്കുമെന്നായിരുന്നു ജനങ്ങളുടെ പ്രതീക്ഷ. ഇറ്റലിക്കുവെളിയിൽനിന്നു തീർത്ഥാടനാർത്ഥം റോമിൽ വന്നെത്തിയിട്ടുള്ളവരിൽ ആരും പ. പിതാവിനെ നേരിട്ടുകാണാൻ കഴിയുമെന്നു വിചാരിച്ചിരുന്നതല്ല. എന്നാൽ സ്നേഹനിധിയായ ആ വന്ദ്യവയോധികൻ തന്റെ സുഖക്കേടിനു അല്പം ശമനംകണ്ട ദിവസംമുതൽ നിത്യനഗരത്തിൽ വന്നുകൊണ്ടിരുന്ന ബഹുസഹസ്രം ആളുകൾക്കു സന്ദർശനമനുവദിച്ചുകൊണ്ടാണിരുന്നത്. ഇതിനുമുമ്പുണ്ടായ ഒരാലസ്യശേഷം ദീർഘിച്ച ഒരു വിശ്രമം എടുക്കണമെന്നാവശ്യപ്പെട്ട അവിടുത്തെ ഡോക്ടറോട് തിരുമനസ്സുകൊണ്ട് പറഞ്ഞ മറുപടി, ഒരു പോപ്പിനു യാതൊരു കാരണവശാലും വിശ്രമത്തിനവകാശമില്ലെന്നായിരുന്നു. അനേകനാളത്തേക്കു ശയ്യാവലംബിയായിരുന്നശേഷവും കൃശഗാത്രനായ അവിടുന്നു സ്ഫടികജനലുകൾ തുറന്നു ജനാവലിയെ അനുഗ്രഹിച്ചിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും ക്രിസ്തുവിന്റെ പ്രതിപുരുഷനെ ഒരു നോക്കു കാണുവാനും അവിടുത്തെ ആശീർവ്വാദം സ്വീകരിക്കുന്നതിനുംവേണ്ടി വി. പത്രോസിന്റെ ദേവാലയാങ്കണത്തിൽ തിങ്ങിക്കൂടിയിരുന്ന തന്റെ പ്രിയ മക്കളോട് രണ്ടു വാക്കെങ്കിലും പറയണമെന്ന് അവിടുന്ന് അതിയായി ആഗ്രഹിച്ചു. അതിന്റെ ഫലമായിട്ടാണ് തന്റെ പഠനമുറിയുടെ ജനാലയിൽത്തന്നെ ഒരുച്ചഭാഷിണി ഘടിപ്പിച്ച് അതിൽക്കൂടി സംസാരിച്ചിരുന്നത്.

റോമിലെ വേനൽക്കാലം നമ്മുടെ കേരളത്തിലെ ചൂടുകാലത്തെക്കാൾ കഠോരമെന്നു പറഞ്ഞാൽ നേരിട്ടനുഭവിച്ചറിഞ്ഞിട്ടില്ലാത്ത പലരും വിശ്വസിക്കാൻ മടിച്ചേക്കാം. ഇവിടെ ഏതു തൊഴിലാളിയും വേനൽക്കാലത്ത് കുറെ ദിവസങ്ങൾ റോമിനുവെളിയിൽ ചിലവഴിക്കുക പതിവുണ്ട്. മാർപ്പാപ്പാമാരുടെ വേനൽക്കാലവസതി റോമിൽനിന്നു 12 മൈൽ അകലെയുള്ള കാസ്റ്റൽ ഗണ്ടോൾഫോ എന്ന സ്ഥലമാണ്. ഒരഗ്നിപർവ്വതം പൊട്ടിയതിന്റെ ഫലമായി ഉണ്ടായിട്ടുള്ള വിസ്തൃതവും ചരിത്രപ്രസിദ്ധവുമായ അൽബാനോ തടാകം ഇവിടെയാണു സ്ഥിതിചെയ്യുന്നത്. തടാകത്തിനു സമീപമായി അനേകം ചെറുകുന്നുകൾ കാണാം. പരിശുദ്ധ പിതാവ് സ്ഥലത്തില്ലാത്ത അവസരത്തിൽ കാസ്റ്റൽ ഗണ്ടോൾഫോ പട്ടണം വെറും നിർജ്ജീവമായി കാണപ്പെടുന്നു. തിരുമനസ്സിലെ ആഗമനത്തോടെ ഈ കൊച്ചുപട്ടണത്തിലെങ്ങും ഒരു നവജീവൻ പ്രസരിക്കുന്നതുകാണാം.

മാർപ്പാപ്പാമാരുടെ പ്രത്യേക വാത്സല്യപാത്രവും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വൈദികവിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നതുമായ പ്രൊപ്പഗാന്താ കോളേജുകെട്ടിടങ്ങൾ റോമിലും കാസ്റ്റല്ലോയിലും മാർപ്പാപ്പായുടെ വസതിയോടു തൊട്ടടുത്താണ് സ്ഥിതിചെയ്യുന്നത്. കോളേജുവിദ്യാർത്ഥികൾ മുൻകാലങ്ങളിലെ പതിവനുസരിച്ച് ഇക്കൊല്ലവും ജൂൺ അവസാനത്തിൽ വർഷാവസാനപ്പരീക്ഷകഴിഞ്ഞ് റോമിൽനിന്നു കാസ്റ്റൽ ഗണ്ടോൾഫോയിലെത്തി. കാസ്റ്റൽപട്ടണത്തിലെ ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു പ. പിതാവ് ഇക്കൊല്ലം പതിവുള്ളതിലും അല്പം നേരത്തെ തന്നെ സ്ഥലത്തെത്തുമെന്ന്. അങ്ങനെയിരിക്കുമ്പോഴാണ് ഇക്കൊല്ലം തിരുമേനി വളരെ താമസിച്ചേ വന്നുചേരുകയുള്ളു എന്നറിവുകിട്ടിയത്. സമാധാനത്തിന്റെ പാപ്പായെന്നും മരിയൻ പോപ്പെന്നും മററുമുള്ള അപരനാമങ്ങളാൽ അറിയപ്പെടുന്ന തിരുമനസ്സിലേക്കു ലോകസമാധാനത്തിനുവേണ്ടിയും മരിയൻ വത്സരച്ചടങ്ങുകളുടെ നിർവ്വഹണത്തിനുവേണ്ടിയും മററും റോമിൽ പലതും ചെയ്യേണ്ടിയിരുന്നു. ഈ വർഷത്തിൽ ലോകത്തിന്റെ നാനാഭാഗത്തും നടത്തപ്പെടുന്ന കോൺഗ്രസ്സ് സമ്മേളനങ്ങളിലേക്ക് തന്റെ പ്രതിനിധികളെ നിയമിച്ചയക്കുന്നതിനും, ഓരോ സ്ഥലത്തേക്കും പ്രത്യേകസന്ദേശങ്ങൾ എഴുതിയുണ്ടാക്കി റേഡിയോ പ്രക്ഷേപണം ചെയ്യുന്നതിനും അവിടുത്തെ സാന്നിദ്ധ്യം റോമിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണല്ലോ. കൂടാതെ വിവിധ രാജ്യങ്ങളിൽനിന്ന് വത്തിക്കാനിലേക്കുള്ള നയതന്ത്രപ്രതിനിധികളെ സ്വീകരിക്കുന്നതിനും, രാജാക്കന്മാർ, മുഖ്യമന്ത്രിമാർ, രാഷ്ട്രീയ പാർട്ടിനേതാക്കൾ മുതലായവർക്കു പ്രത്യേകസന്ദർശനങ്ങളനുവദിക്കുന്നതിനും മററും തിരുമനസ്സുകൊണ്ട് യാതൊരു വിഷമവും കാണിക്കാറില്ല.

ഇപ്രകാരം നാനാവിധങ്ങളായ കൃത്യങ്ങളുടെ ബാഹുല്യംനിമിത്തം ജൂലൈ ആദ്യവാരത്തിൽ വേനൽക്കാലവസതിയിലെത്താറു പതിവുണ്ടായിരുന്ന തിരുമനസ്സുകൊണ്ട് ജൂലൈ 31 നാണ് ഇക്കൊല്ലം സ്ഥലത്തെത്തിയത്. അന്നു വൈകുന്നേരം 6 മണിക്ക് കാസ്റ്റല്ലോയിലെ മേയറും പട്ടണനിവാസികളും അനേകം തീർത്ഥാടകസംഘങ്ങളും മാർപ്പാപ്പായുടെ വസതിയുടെ മുൻഭാഗത്ത് തിരുമനസ്സിലെ വരവ് പ്രതീക്ഷിച്ചു നിന്നിരുന്നു. റോമിൽനിന്ന് അരമണിക്കൂർമതി കാർ സ്ഥലത്തു വന്നുചേരുവാൻ. എന്നാൽ അഞ്ചേരയ്ക്കു പുറപ്പെട്ട തിരുമേനി സ്ഥലത്തെത്തിയപ്പോൾ മണി ആറര കഴിഞ്ഞിരുന്നു. തിരുമനസ്സുകൊണ്ട് വത്തിക്കാനിൽനിന്നിറങ്ങിയപ്പോൾ ആയിരക്കണക്കിനു റോമൻജനത അവിടുത്തേക്ക് മംഗളങ്ങൾ ആശംസിക്കാനായി വി. പത്രോസിന്റെ ദേവാലയാങ്കണത്തിൽ തിങ്ങിക്കൂടിയിരുന്നു. കൂടാതെ യാത്രാമദ്ധ്യേയുള്ള ചെറുനഗരങ്ങൾ ക്രിസ്തുവിന്റെ പ്രതിപുരുഷന്റെ അസുലഭസാന്നിദ്ധ്യത്തിൽ ആഹ്ലാദിക്കുക പതിവാണ്. ഈ നഗരങ്ങളിലെത്തുമ്പോൾ കാർ സാവധാനം വിട്ട് ജനക്കൂട്ടത്തെ ആശീർവ്വദിച്ചുകൊണ്ടാണ് മുമ്പോട്ടുപോകുക. ആറരമണിക്ക് തിരുമനസ്സുകൊണ്ട് വേനൽക്കാലവസതിയിലെത്തി. തിരുമനസ്സിലെ ബഹുമാനാർത്ഥം ഇററാലിയൻ പട്ടാളം അവിടുത്തെ അകമ്പടിസേവിക്കുന്നുണ്ടായിരുന്നു. സ്ഥലത്തെത്തിയ ഉടനെ സിററിമേയർ ഔദ്യോഗികമായി തിരുമേനിയെ സ്വീകരിച്ചു. റോഡിനു രണ്ടുവശങ്ങളിലുമായി തിങ്ങിക്കൂടിയിരുന്ന ജനാവലിയിൽനിന്നുയർന്നുകൊണ്ടിരുന്ന സ്വാഗതഗാനാലാപങ്ങളുടെയും ഹർഷാരവങ്ങളുടെയും മദ്ധ്യേ സുസ്മേരവദനനായും ആശീർവ്വാദഹസ്തങ്ങൾ ഉയർത്തിക്കൊണ്ടും അവിടുന്നു തന്റെ വസതിയിൽ പ്രവേശിച്ചു. കെട്ടിടത്തിന്റെ മുകളിൽ ചെന്നെത്തിയശേഷം അവസാനമായി ഒരിക്കൽക്കൂടി ജനക്കൂട്ടത്തെ ആശീർവ്വദിക്കയുണ്ടായി.

വിശ്രമസ്ഥലമായ കാസ്റ്റൽ ഗണ്ടോൾഫോയിൽ നാമുദ്ദേശിച്ചേക്കാവുന്ന വിശ്രമമൊന്നും അവിടുത്തേക്കില്ല. തന്റെ കെട്ടിടത്തിനുള്ളിൽ ഒരു ജയിൽവാസിയെപ്പോലെ കഴിഞ്ഞുകൂടുന്ന നമ്മുടെ വത്സലപിതാവ് സായാഹ്നത്തിൽ പുറത്തിറങ്ങി നടക്കുന്നതു മുക്കാൽമണിക്കൂർ നേരത്തേക്കുമാത്രം. ആ സമയത്തും വളരെ ഏകാഗ്രതയോടെ എന്തോ വായിക്കുന്നതായി പ. പിതാവിന്റെ അയൽവാസികളായ പ്രൊപ്പഗാന്താ വിദ്യാർത്ഥികൾ കാണാറുണ്ട്. മററു പല ജോലികൾക്കും പുറമെ ബുധനാഴ്ചയും ഞായറാഴ്ചയും ഇവിടെ വച്ച് പൊതുസന്ദർശനങ്ങൾ നൽകുന്നുണ്ട്. സുപ്രസിദ്ധ വാഗ്മിയായ അവിടുന്ന് ഇററാലിയൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, ജർമ്മൻ, പോർട്ടുഗീസ്, സ്പാനിഷ്, ഡച്ച് എന്നീ ഭാഷകളിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നു വന്നെത്തിയിട്ടുള്ള ജനക്കൂട്ടത്തോട് സംസാരിക്കുന്നു. ഈ അവസരങ്ങളിൽ കൂട്ടംകൂട്ടമായി സ്ഥലത്തെത്തിയിട്ടുള്ള സന്യാസസഭക്കാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, യുദ്ധസേവനക്കാർ, തൊഴിലാളികൾ മുതലായവർക്ക് പ്രത്യേകം ഉപദേശങ്ങൾ നൽകുക പതിവാണ്. തിരുമനസ്സുകൊണ്ട് കതകുതുറന്നു ബാൽക്കണിയിൽ പ്രത്യക്ഷപ്പെടുമ്പോൾ ജനക്കൂട്ടം കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പാപ്പാ നീണാൾ വാഴട്ടെ എന്ന ജയ്‌വിളികൾ മുഴക്കും. ഉദ്ദേശം പത്തുമിനിട്ടു നീണ്ടുനില്ക്കുന്ന ഹർഷാരവങ്ങൾക്കിടയിൽ കൈകൾ വിടർത്തിപ്പിടിച്ചുകൊണ്ട് ജനക്കൂട്ടത്തിന്റെ സ്വാഗതാശംസകൾ സ്വീകരിക്കും. വിസ്തൃതമായ അങ്കണത്തിന്റെ നാനാഭാഗത്തേക്കും സുസ്മേരവദനനായ തിരുമനസ്സുകൊണ്ട് കരങ്ങൾ നീട്ടുമ്പോൾ ജനങ്ങളുടെ ആർപ്പുവിളികൾകൊണ്ട് അന്തരീക്ഷം മുഖരിതമാകുന്നതാണ്.

പരി. പിതാവിനെ ആദ്യമായി നേരിട്ട് കാണുമ്പോളുണ്ടാകുന്ന വികാരങ്ങൾ എന്തെല്ലാമെന്ന് അനുഭവിച്ചിട്ടുള്ളവർക്കേ ശരിക്കു ഗ്രഹിക്കാൻ സാധിക്കയുള്ളു. ആദ്യത്തെത്തവണ തിരുമേനിയെ ദർശിക്കുമ്പോൾ പലരും ഗദ്ഗദമണിയാറുണ്ട്. നമ്മുടെ പല സാഹിത്യകാരന്മാരും ഉപയോഗിക്കാറുള്ള "സന്തോഷാശ്രുക്കൾ" എന്ന വാക്കിന്റെ യാഥാർത്ഥ്യം ലേഖകനു വെളിപ്പെട്ടതു് ആദ്യമായി മാർപ്പാപ്പായെ കാണാൻവരുന്ന അനേകരിൽനിന്നാണ്. കാസ്റ്റെല്ലോയിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങളും പോപ്പിനോടടുത്തുതന്നെ താമസിക്കുന്ന പ്രൊപ്പഗാന്താ കോളേജുവിദ്യാർത്ഥികളും, തങ്ങൾക്ക് ആഴ്ചയിൽ രണ്ടുതവണ കിട്ടുന്ന സന്ദർശനാവസരങ്ങൾ പാഴാക്കാറില്ല.

അന്യമതസ്ഥർ പ. പിതാവുമായി നടത്തുന്ന അഭിമുഖസന്ദർശനങ്ങൾക്കുശേഷം അവിടുത്തെ വ്യക്തിമാഹാത്മ്യം, സ്നേഹം, ശാന്തത, ധീരത മുതലായ ഗുണങ്ങൾ പുകഴ്ത്തിപ്പറയുന്നതു കേൾക്കാറുണ്ട്. ദുഃഖിതരേയും, മർദ്ദിതരേയും മററു ജീവിതദുരിതങ്ങൾമൂലം വേദനയനുഭവിക്കുന്നവരേയും അഭിസംബോധനം ചെയ്യുമ്പോൾ കേൾവിക്കാർക്ക് മനസ്സിലാകും അവിടുത്തെ ഹൃദയം എല്ലായ്പോഴും ലോകത്തിന്റെ നാനാവിധ ദുഃഖദുരിതങ്ങളിൽ പങ്കുകൊള്ളുന്നുണ്ടെന്നു.



പരിശുദ്ധപിതാവ് കാസ്റ്റൽ ഗണ്ടോൾഫോയിലേക്കു പോകുന്നു

(മുമ്പിൽ കാണുന്ന കാറിലാണ് തിരുമേനി)




## പുതിയ വത്തിക്കാൻ സ്റ്റാമ്പുകൾ

ഇടത്ത്:- 9-ാംപീയൂസ് മാർപ്പാപ്പാ 1854-ൽ അമലോത്ഭവസത്യം പ്രഖ്യാപനം ചെയ്ത സംഭവത്തിന്റെ സ്മാരകം.

മദ്ധ്യത്തിൽ:- 10-ാം പീയൂസ് മാർപ്പാപ്പായുടെ സിദ്ധപദപ്രാപ്തിയുടേയും വിശുദ്ധപദപ്രഖ്യാപനത്തിന്റേയും സ്മാരകം

വലത്ത്:- 12-ാംപീയൂസ് മാർപ്പാപ്പാ അമലോത്ഭവസത്യപ്രഖ്യാപനത്തിന്റെ ശതവത്സരജൂബിലിസമുൽഘാടനം ചെയ്തതിന്റെ സ്മാരകം.


## കേരളത്തിലെ ക്രൈസ്തവസഭകൾ

(പരിഷ്കരിച്ച രണ്ടാംപതിപ്പ്)

ഗ്രന്ഥകർത്താ:

റവ. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി

കേരളീയരായ സകല ക്രൈസ്തവരും വായിച്ചിരിക്കേണ്ടതും, എല്ലാ ഭവനങ്ങളിലും, സ്ഥാപനങ്ങളിലും, വായനശാലകളിലും സൂക്ഷിച്ചിരിക്കേണ്ടതുമായ വിശിഷ്ടഗ്രന്ഥം

വില ക. 2—8—0

സെപ്റ്റംബർ 10-ാംനു-ക്കു മുമ്പ് ക. 1-8-0 അയച്ചുതരുന്നവർക്കു പുസ്തകം ലഭിക്കുന്നതായിരിക്കും.

മാനേജർ

കത്തോലിക്ക് ബുക്ക് ഡിപ്പോ, പന്തളം P. O.

# മരിയവത്സരമഞ്ജരി

സൂനം 24

ഡമാസ്കസിലേക്കുള്ള കവാടത്തിൽവച്ചു അത്ഭുതകരമായവിധത്തിൽ മാനസാന്തരപ്പെട്ടത്തപ്പെട്ട സാവൂളിനെക്കുറിച്ചു അനനിയാസിനോടു ക്രിസ്തു പറഞ്ഞതിപ്രകാരമാണ്:- "നീ അവന്റെ പക്കലേക്കു പോകുക. എന്തുകൊണ്ടെന്നാൽ അവൻ എനിക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട പാത്രമാകുന്നു." വിശുദ്ധ അപ്പസ്തോലൻ പിന്നീടു പറഞ്ഞിട്ടുള്ളതും ഈ ഭാഷയിൽതന്നെയാണ്: "എന്നാൽ ഈ നിക്ഷേപത്തെ (ക്രിസ്തുവിന്റെ സുവിശേഷവും ശ്ലീഹായുടെ ദൈവവിളി-



യും) മൺപാത്രങ്ങളിലാണ് നാം സംവഹിക്കുന്നതു് തന്മൂലം ധാരാളമായ ഈ ശക്തിവിശേഷങ്ങളൊന്നും നമ്മുടേതല്ല, പ്രത്യുത ദൈവത്തിന്റേതാണെന്നു പ്രത്യക്ഷമാക്കപ്പെടുന്നു." മാനുഷികമായ ദൗർബല്യങ്ങളെ അതിശയിക്കത്തക്കവണ്ണം അമാനുഷികമായ ദിവ്യദാനങ്ങളാൽ പരിപൂർണ്ണമാക്കപ്പെട്ട ഒരു ആദ്ധ്യാത്മിക പാത്രമാണു പരിശുദ്ധ കന്യകമറിയം. പാപപങ്കിലമായ മനുഷ്യസ്വഭാവത്തിന്റെ ദുഷ്പ്രേരണകളൊന്നും ഈ ദിവ്യപാത്രത്തെ മലിനമാക്കുന്നതിനു ശക്തമായില്ല. കാരണം പരിശുദ്ധാരൂപിയുടെ ശക്തിമത്തായ ദൈവദാനങ്ങൾ അതിനെ സംരക്ഷിക്കുകയും അതിൽ ആവസിക്കുകയും ചെയ്തിരുന്നു. പരിശുദ്ധാരൂപിയുടെ ഏഴു ദിവ്യദാനങ്ങൾ സദാപി പരിശുദ്ധകന്യകയിൽ പ്രവർത്തിച്ചു.

## സപ്തദാനങ്ങൾ

ഏശയ്യാസ് ദീർഘദർശി മിശിഹായെപ്പറ്റി ഇപ്രകാരം പ്രവചിച്ചു:- "കർത്താവിന്റെ അരൂപി അവനിൽ ആവസിക്കും. ജ്ഞാനത്തിന്റെയും, ബുദ്ധിയുടെയും, ആലോചനയുടെയും, ആത്മശക്തിയുടേയും, അറിവിന്റെയും, ഭക്തിയുടേയും അരൂപിയാണതു്. ദൈവഭയത്തിന്റെ അരൂപിയാൽ അവൻ നിറയ്ക്കപ്പെടുകയും ചെയ്യും" (ഏശയ്യാസ് 11-12) ഈ സപ്തദാനങ്ങളുടെ ഉദ്ദേശ്യം ആത്മാവു പരിശുദ്ധാരൂപിയുടെ അന്തഃപ്രേരണകളെ സൂക്ഷ്മമായി ഗ്രഹിക്കുന്നതിനും സന്നദ്ധമായി അവയെ പ്രവൃത്തിയിൽ വരുത്തുന്നതിനുമാണ്. ദീർഘദർശിയുടെ മേലുദ്ധരിച്ച വാക്യങ്ങൾ പ്രകാരാന്തരേണ മറിയത്തെക്കുറിച്ചും അർത്ഥവത്താകുന്നുണ്ടു്.

പാപമാലിന്യത്തെ അതിന്റെ യഥാർത്ഥവെളിച്ചത്തിൽ കാണുന്നതിനു ദൈവഭയം നമ്മിൽ പ്രവർത്തിച്ചെങ്കിൽ മാത്രമേ സാദ്ധ്യമാവൂ. സർവ്വശക്തനായ ദൈവത്തിന്റെ പരിശുദ്ധമായ തിരുമനസ്സിനെതിരായി അവിടുത്തെ ബദ്ധശത്രുവായ പിശാചുമായി ഐക്യപ്പെടുന്ന ഏറ്റം ഗുരുതരമായ ഒരു വിപ്ലവമാണ് പാപം. അതിലാണ് മനുഷ്യന്റെ അധഃപ്തനവും, നിത്യനാശവും. പാപത്തെപ്പറ്റി ശരിയായി ഗ്രഹിക്കുന്ന ഒരാൾക്കു അതിനെ പരിപൂർണ്ണം വെറുക്കാതെയും അതേപ്പറ്റി ഭയപ്പെടാതെയും ഗത്യന്തരമില്ല. ദൈവഭക്തി, നേരെമറിച്ചു്, സ്നേഹനിധിയായ ദൈവപിതാവിന്റെ നിസ്സീമമായ ദാനങ്ങളെ നമ്മെ അനുസ്മരിപ്പിക്കുകയും അവിടുത്തോടു അഭേദ്യമായി നമ്മെ ഒരു സ്നേഹശൃംഖലയാൽ ബന്ധിക്കുകയും ചെയ്യുന്നു. സൃഷ്ടവസ്തുക്കളെ ശരിയായവിധത്തിൽ വിലമതിക്കുന്നതിനും, സ്രഷ്ടാവായ ദൈവത്തോടു തുലനംചെയ്യുമ്പോൾ അവയ്ക്കുള്ള നിസ്സാരതയെ ഗ്രഹിക്കുന്നതിനും അറിവു നമ്മെ സഹായിക്കുന്നു. ദൈവത്തിന്റെ സ്തുതിക്കും നമ്മുടെ ആത്മാവുകളുടെ നന്മയ്ക്കുംവേണ്ടി ലോകത്തെ അവഗണിക്കുന്നതിനുള്ള സന്നദ്ധതയും അതു നമുക്കു പ്രദാനംചെയ്യുന്നു. ദൈവത്തിനുവേണ്ടി മഹത്കാര്യങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സേവനസന്നദ്ധതയാണ് ആത്മശക്തിയുടെ ഉദ്ദേശ്യം. അതു പ്രവർത്തിക്കുന്നതു ലോകത്തിന്നടുത്ത ആർഭാടങ്ങളിലല്ല; സ്വയം പരിത്യാഗത്തിലും ദൈവസ്നേഹപ്രകടനത്തിലുമാണ്. ആലോചന നമ്മുടെ സംശയങ്ങളിലും വിഷമതകളിലും ദൈവതിരുമനസ്സ് നമുക്കു കാണിച്ചുതരുന്നു. ബുദ്ധി നമ്മുടെ വിശ്വാസത്തിന്റെ മഹനീയമായ സത്യങ്ങളുടെ അഗാധതയിലേക്കും വൈശിഷ്ട്യത്തിലേക്കും നമ്മെ ആനയിക്കുകയും നമ്മുടെ ജീവിതത്തിൽ അവയ്ക്കുള്ള പ്രസക്തിയെ നമ്മെ ഗ്രഹിപ്പിക്കുകയും ചെയ്യുന്നു. ജ്ഞാനം ഈ ദാനങ്ങളിലെല്ലാം അടങ്ങിയിരിക്കുന്ന ഗുണഫലങ്ങളുടെ ഒരു സമാഹാരമാണെന്നു പറയാം. ദൈവശുശ്രൂഷയിലുള്ള ആത്മീയാനന്ദത്തെ അതു നമ്മിൽ അങ്കുരിപ്പിക്കുന്നു.

അതിമഹനീയമായ ഈ ദിവ്യദാനങ്ങളുടെയെല്ലാം വിളനിലമായിരുന്നു പരിശുദ്ധ കന്യകമറിയം എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. മിശിഹായിലെന്നപോലെതന്നെ, മറിയത്തിന്റെ വ്യക്തിത്വത്തിനുൾക്കൊള്ളുവാൻ കഴിയുന്നതിന്റെ പരമാവധിഅവയാൽ നിറയ്ക്കപ്പെട്ടിരുന്നു. അതുകൊണ്ടു് പരിശുദ്ധ കന്യകമറിയത്തെ ആത്മജ്ഞാനപൂരിതപാത്രമെന്നു അഭിസംബോധനചെയ്യുന്നതു എത്ര സമുചിതമായിരിക്കുന്നു! മാമ്മോദീസായിലും സ്ഥൈര്യലേപനത്തിലും പരിശുദ്ധാരൂപിയുടെ ദാനങ്ങളെ സ്വീകരിച്ചിട്ടുള്ള മറിയത്തിന്റെ മക്കളായ നമ്മിലും ഈ വിശിഷ്ടദാനങ്ങൾ ഫലപ്രദമാകുന്നതിനു നമുക്കു അമ്മയായ മറിയത്തെ വിളിച്ചപേക്ഷിക്കാം.

# ആത്മജ്ഞാനപൂരിതപാത്രമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സൂനം 25

ആദ്ധ്യാത്മിക ജ്ഞാനപാത്രമായിരിക്കുന്ന പരിശുദ്ധ കന്യകമറിയം പരിശുദ്ധാരൂപിയുടെ വിശിഷ്ടദാനങ്ങളാൽ പരിഭൂഷിതയാണെന്നു നാം കണ്ടു. എന്നാൽ മറിയം ബഹുമാനപാത്രംകൂടിയാണ് — അതായതു്, പരിശുദ്ധാരൂപിയുടെ അപരിമേയമായ പ്രവർത്തനങ്ങളുടെ ഒരു പ്രത്യേകവിഷയമായിരുന്നു കന്യകമറിയം. ദൈവവചനത്തിന്റെ മനുഷ്യാവതാരത്തിൽ അവിടുത്തെതിരുശരീരരക്തങ്ങളെ സംവഹിക്കുവാനുള്ള ഈ പാത്രം എത്ര അപരിമിതമായ പുണ്യയോഗ്യതകളാൽ അലംകൃതമായിരുന്നിരിക്കണം. ദിവ്യബലിയിൽ ഉപയോഗിക്കപ്പെടുന്ന വിശുദ്ധ പാത്രങ്ങളെ സംബന്ധിച്ചു തിരുസഭ വളരെ ശുഷ്കാന്തി പ്രദർശിപ്പിക്കുന്നതു നാം കാണുന്നു. മിശിഹായുടെ തിരുശരീരരക്തങ്ങളെ വയ്ക്കുവാനുള്ള കാസയും പീലാസയും കുസ്തോദിയുമെല്ലാം രാജകീയമായ സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടതായിരിക്കണം. മുഴുവൻ സ്വർണ്ണമല്ലെങ്കിൽതന്നെയും ആ ദിവ്യവസ്തുക്കളെ സ്പർശിക്കുന്ന ഭാഗങ്ങൾ സ്വർണ്ണം പൂശപ്പെട്ടതായിരിക്കണം. അങ്ങിനെയെങ്കിൽ മിശിഹായെ സജീവമായി സംവഹിച്ച മറിയം എത്ര കൂടുതലായി പരിശുദ്ധാരൂപിയാൽ അലങ്കരിക്കപ്പെട്ടിരിക്കണം. മറിയം ഏറ്റം വലിയ ബഹുമാനപാത്രമാണ്.

## പാത്രസജ്ജീകരണം

പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങൾ പരിശുദ്ധ കന്യകമറിയത്തിൽ അത്യത്ഭുതാവഹങ്ങളാണ്. വൃദ്ധദമ്പതികൾക്കു ദൈവാനുഗ്രഹത്തിന്റെ ഫലമായി മറിയം ജനിക്കുന്നു. ജനനത്തിൽതന്നെ പാപലേശമേശാതെ അമലോത്ഭവമായി സംരക്ഷിക്കപ്പെടുന്നു. ഉത്ഭവപാപത്തിന്റെ വിനാശകരമായ ഫലങ്ങൾക്കൊന്നും മറിയത്തിൽ പ്രസക്തിയില്ല. പാപത്താൽ മുറിവേൽക്കപ്പെട്ട മാനുഷികസ്വഭാവത്തിൽതന്നെ അന്തർലീനമായിരിക്കുന്ന പ്രലോഭനവികാരങ്ങൾ പരിശുദ്ധാരൂപിയുടെ അനുഗ്രഹപ്രവർത്തനഫലമായി മറിയത്തിൽ നിർജ്ജീവമാക്കപ്പെട്ടിരിക്കുന്നു. തൽസ്ഥാനത്തു കറയററ വിശുദ്ധതയുടെ പ്രകാശവും അപരിമിതമായ ദൈവസ്നേഹത്തിന്റെ പരിമളധോരണിയും പ്രസരിക്കുന്നു. മറിയത്തെ സംബന്ധിച്ചിടത്തോളം ഒരു സംഗ്രഹണപാത്രത്തിന്റെ സ്ഥാനം മാത്രമല്ല ഉള്ളതു്, പ്രത്യുത, അവതീർണ്ണനാകുന്ന ദൈവത്തിനു മനുഷ്യത്വത്തിനു വേണ്ട അംശങ്ങളെ സ്വകീയമായി പ്രദാനംചെയ്യുകയും ശിശുവായ ദൈവത്തെ പാലൂട്ടി വളർത്തുകയും സംവഹിക്കുകയും ചെയ്യുക എന്നതു് മറിയത്തിന്റെ അവകാശമായിരുന്നു. യഥാർത്ഥത്തിൽ നരദൈവത്തെ സംജാതമാക്കുകയും സംരക്ഷിക്കുകയും ചെയ്ത മറിയമാകുന്ന പാത്രം അത്യധികമായ ബഹുമാനത്തിനു അർഹയാകുന്നു എന്നതു സ്പഷ്ടമാണ്. മറിയത്തിൽനിന്നു ഏവംവിധം ദൈവപുത്രൻ മനുഷ്യാവതാരം നിർവ്വഹിക്കാനിരുന്നതുകൊണ്ടു് പരിശുദ്ധാരൂപി മറിയത്തെ ഒരു മനുഷ്യസൃഷ്ടിക്കു എത്രമാത്രം ദിവ്യതയെ ഉൾക്കൊള്ളാമോ അതിന്റെ പരമാവധിവരെ ഉൾക്കൊള്ളുന്ന ഒരു മനോഹരപാത്രമായി രൂപംകൊടുത്തു എന്നാണ് ഇതിനർത്ഥം. വിശുദ്ധ പാത്രങ്ങൾ തിരുകർമ്മങ്ങൾക്കുപയോഗിക്കുന്നതിനു മുമ്പായി കൂദാശചെയ്യപ്പെടുന്നു. തദ്വാരാ അവ വിശുദ്ധകർമ്മങ്ങൾക്കു മാത്രം ഉപയോഗിക്കപ്പെടത്താവുന്നസംപൂജ്യവുംബഹുമാന്യവുമായ ഉപകരണങ്ങളായി മാറുന്നു. നിർജ്ജീവവസ്തുക്കൾ ഇപ്രകാരം സംപൂജ്യവും ബഹുമാന്യവുമായി തീരുന്നു എങ്കിൽ പരിശുദ്ധ കന്യകമറിയത്തെ പരിശുദ്ധാരൂപി നേരിട്ടു അഭിഷേകം ചെയ്തതുകൊണ്ടു് ഈ വിശിഷ്ടപാത്രം എത്രമേൽ ബഹുമാനാർഹമാകുന്നില്ല!

ഈ പാത്രത്തിന്റെ സ്വർണ്ണം നിറംകെടുന്നതല്ല; അതിന്റെ ആകൃതി നശിപ്പിക്കപ്പെടുന്നതല്ല; അതിന്റെ കൂദാശാകർമ്മം അലംഘനീയമാണ്. കന്യകമറിയം പരിശുദ്ധാരൂപിയുടെ ദിവ്യമണവാട്ടിയും ദൈവകുമാരന്റെ സ്നേഹമാതാവുമാണ്. എല്ലാ സ്തുതിക്കും ബഹുമാനത്തിനും വണക്കത്തിനും ഈ അമ്മ യോഗ്യയാണ്.

മറിയത്തിന്റെ മക്കളായ നമുക്കും ഏതാണ്ടൊരു സ്ഥാനമുണ്ടു്. ഒരു ക്രിസ്ത്യാനി ദൈവത്തിന്റെ ഒരു തിരഞ്ഞെടുക്കപ്പെട്ട പാത്രമാണ്. മാമ്മോദീസായിൽ നാം ദൈവത്തിന്റേതായിത്തീർന്നു മുമ്പിലത്തെ ഒപ്പുതുമായിൽ നാം പരിശുദ്ധാരൂപിയുടെ ആവാസംകൊണ്ടു ക്രിസ്തുവിന്റെ പതാകാവാഹികളായ യോദ്ധാക്കളായി. വിശുദ്ധകുർബാനസ്വീകരണത്തിൽ നാം മിശിഹായെ പ്രത്യക്ഷരം ഉൾക്കൊള്ളുന്നദിവ്യപാത്രങ്ങളായി മാറുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃശരീരരക്തങ്ങളിൽ മിശിഹാവഴി ഒരുവിധത്തിൽ നാമും പങ്കുകാരാകുന്നു. വിശ്വാസം നമ്മുടെ ബോധത്തിലേക്കു ഊറിയിറങ്ങുന്നതിനനുസരിച്ചു ഈ വസ്തുതകളെ സജീവമായി ഗ്രഹിക്കുന്നതിനു നമുക്കു സാധിക്കും. അതുകൊണ്ടു ഈ ബഹുമാന്യസ്ഥാനത്തിനനുസരിച്ചു യോഗ്യപാത്രങ്ങളായി തീരുന്നതിനു പരിശുദ്ധ അമ്മയോടു നമുക്കു കേണപേക്ഷിക്കാം:-

# ബഹുമാനത്തിന്റെ പാത്രമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

---

മൻകൊല്ലങ്ങളിൽ മുഴുവൻസമയവും നിന്നുകൊണ്ടാണ് പരിശുദ്ധ പിതാവു സംസാരിച്ചിരുന്നതു് ഇക്കൊല്ലം, മുഴുവൻ സമയവും നിൽക്കാൻ തിരുമേനി അശക്തനായി കാണപ്പെടുന്നു തിരുമനസ്സിലെ അനാരോഗ്യസ്ഥിതിയെപ്പററി ജനങ്ങൾക്കു വലിയ ഉൽക്കണ്ഠയുണ്ടു് ഇക്കഴിഞ്ഞ ദിവസം തിരുമേനി സംസാരിച്ചുകൊണ്ടിരിക്കെ ജനക്കൂട്ടത്തിൽനിന്നും ഒരാൾ അവിടുത്തെ അനാരോഗ്യാവസ്ഥ മനസ്സിലാക്കിയിട്ടു് വിളിച്ചുകൂകി "മതി! മതി!" എന്നു്. ഇതു കേട്ട തിരുമനസ്സുകൊണ്ടു പ്രസംഗം നിറുത്തിയിട്ടു "മതിയോ, ഞാൻ നിറുത്തട്ടെ?" എന്നു ചോദിച്ചു. ജനക്കൂട്ടം വലിയ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "തുടരണം! തുടരണം!" എന്നു്. വീണ്ടും തിരുമനസ്സുകൊണ്ടു് വിളിച്ചുചോദിച്ചു: "ഇനി എനിക്കു തുടരാമോ" എന്നു്. തിരുമനസ്സിലെ അനാരോഗ്യതയിൽ ജനങ്ങൾക്കു വലിയ ഉൽക്കണ്ഠയുണ്ടെങ്കിലും അവിടുത്തെ സ്വരം കേൾക്കുന്നതിൽ അവർക്കുള്ള താല്പര്യത്തിനു് ഒട്ടും കുറവില്ല.

വത്തിക്കാനിലെ ഇൻഡ്യൻ പ്രതിനിധി മിസ്റ്റർ ഗുൺദേവിയാ പരി. പിതാവുമായിട്ടു് ഈയിടെ നടത്തിയ ഒരഭിമുഖസന്ദർശനത്തിനുശേഷം പ്രൊപ്പഗാന്താ കോളജിലെ ഇൻഡ്യൻ വിദ്യാർത്ഥികളോടു് സംസാരിക്കുകയുണ്ടായി. മാർപ്പാപ്പാ തിരുമനസ്സിലെ വ്യക്തിമാഹാത്മ്യം അമ്പാസിഡർ അവർകളെ അത്യധികം ആകർഷിച്ചതായിട്ടാണു് ആ അവസരത്തിൽ പറഞ്ഞതു് ലോകസമാധാനത്തിനും മനുഷ്യത്വത്തിന്റെ പൊതുനന്മയ്ക്കുംവേണ്ടി ഇന്നു പ്രവർത്തിക്കുന്നവരിൽ പ്രഥമഗണനീയനാണു് തിരുമനസ്സുകൊണ്ടു് എന്നു് അംബാസിഡർ അവർകൾ പ്രത്യേകം ഉറന്നിപ്പറയുകയുണ്ടായി. എല്ലാവർക്കും എല്ലാമായിത്തീർന്ന എന്ന വി. പൗലോസിന്റെ വാക്കുകൾ ക്രിസ്തുവിന്റെ ഈ പ്രതിപുരുഷനിലും അർത്ഥവത്തായിത്തീർന്നിരിക്കുന്നു കൊടുങ്കാററും തിരമാലകളും ഭേദിച്ച് പത്രോസിന്റെ നൗകയെ മുന്നോട്ടുനയിക്കുവാൻ ക്രിസ്തുവിന്റെ ഈ പ്രതിപുരുഷന്റെ ഹസ്തങ്ങൾക്കു ബലംനൽകാൻ സർവ്വശക്തനായ ദൈവത്തോടു് നമുക്കു പ്രാർത്ഥിക്കാം.

---


## എന്തിനുമൊരു പ്ലാൻവേണം

ഭാവിയിലേക്കു പണം കരുതുവാൻ എല്ലാവർക്കും ആഗ്രഹമുണ്ടു്
പക്ഷേ, പലർക്കും അതു സാധിക്കുന്നില്ലാ.
നിശ്ചിതപ്ലാനോടുകൂടി ആവിഷ്കരിച്ചിട്ടുള്ള മിച്ചനിക്ഷേപപദ്ധതികളുടെ അഭാവമാണ് അതിനു കാരണം.

ഇതാ ഞങ്ങളൊരു പ്ലാൻ സംവിധാനം ചെയ്തിരിക്കുന്നു.

ഇതു് നിങ്ങളുടെ വരവിനനുസരണമായും ഭാവി ആവശ്യങ്ങൾക്കുതകത്തക്കവിധത്തിലുമാണു പ്ലാൻ ചെയ്തിട്ടുള്ളതു്.

— അതാണു് —

"ഫെഡറൽ മിച്ചനിക്ഷേപപദ്ധതി"

10ക. വീതം 46 മാസം ആകെ 460ക. അടയ്ക്കുമ്പോൾ അതു്
500 ഉറുപ്പികയായി വർദ്ധിക്കുന്നു.
5ക. യിൽ കുറയാത്ത ഏതു സംഖ്യകൊണ്ടും ഈ പദ്ധതിയിൽ ചേരാവുന്നതാണ്.
കൂടുതൽ വിവരങ്ങൾക്കു്:

### ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ
ബ്രാഞ്ചുകൾ: എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി.

തിരുസഭാചരിത്രം 42

# കോൺസ്റ്റന്റയിനും ക്രിസ്തുമതവും

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

റോമാസാമ്രാജ്യത്തിന്റെ പാശ്ചാത്യ പൗരസ്ത്യ വിഭാഗങ്ങളുടെ ഭരണാധിപന്മാരായിരുന്ന കോൺസ്റ്റന്റയിനും ലിസീനിയസും ചേർന്നു് 313 A. D. യിൽ പുറപ്പെടുവിച്ച മിലാനിലെ ശാസനം (The Edict of Milan) വരെയുള്ള ചരിത്രസംഭവങ്ങൾ നാം കണ്ടുകഴിഞ്ഞു. മതസഹിഷ്ണതയ്ക്കു് നൈയാമികമായ അംഗീകാരം നൽകിക്കൊണ്ടുള്ള ഒരു പ്രഖ്യാപനമായിരുന്നു പ്രസ്തുത ശാസനം. ക്രിസ്ത്യാനികൾക്കും ബഹുദേവാരാധനക്കാർക്കും പരിപൂർണ്ണമായ ആരാധനാസ്വാതന്ത്ര്യം അതുമൂലം ലബ്ധമായി. ക്രിസ്ത്യാനികൾക്കു് അനുവദിക്കപ്പെട്ട അവകാശങ്ങൾ അവർക്കു് അനുഭവവേദ്യമാക്കുന്ന കാര്യത്തിൽ കോൺസ്റ്റന്റയിൻ ചക്രവർത്തി അതീവതല്പരനായിരുന്നു. ക്രിസ്തുമതത്തിനും ക്രിസ്ത്യാനികൾക്കും ഏററം പ്രോത്സാഹജനകമായ അനവധി കല്പനകൾ ഒന്നിനു പുറകേ ഒന്നായി ചക്രവർത്തി പുറപ്പെടുവിച്ചു. വൈദികരെ സർക്കാർ കരംകൊടുക്കുന്നതിൽനിന്നും മതേതരകർത്തവ്യങ്ങൾ അനുഷ്ഠിക്കുന്നതിൽനിന്നും ഒഴിവാക്കി. സംഭാവനകളും ദാനം ചെയ്യപ്പെടുന്ന സ്വത്തുക്കളും സ്വീകരിക്കുവാനും കൈകാര്യം ചെയ്യുവാനുമുള്ള അധികാരം

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. സി. അന്തോണി
കട്ടത്തുരുത്തി.

ദൈവാലയങ്ങൾക്കു നൽകപ്പെട്ടു. ക്രിസ്ത്യാനികളുടെ പരിശുദ്ധ ദിവസമായ ഞായറാഴ്ച പൊതുജീവിതസംബന്ധമായ എല്ലാ വ്യാപാരങ്ങളും കൂലിവേലയും എല്ലാമതവിഭാഗക്കാർക്കും നിരോധിക്കപ്പെട്ടു. കുററവാളികളെ ക്രൂശിക്കുന്ന ഏർപ്പാടും നിറുത്തലാക്കി.

കോൺസ്റ്റന്റയിനു് ക്രിസ്തുമതത്തോടുണ്ടായിരുന്ന ഹൃദയവേഴ്ച ക്രമേണ വർദ്ധിച്ചുവന്നു. സഭാസംബന്ധമായ കാര്യങ്ങളിൽ അദ്ദേഹം സജീവമായ ശ്രദ്ധചെലുത്തുകയും മെത്രാന്മാരുടെ അധികാരവും സ്വാധീനശക്തിയും വർദ്ധിപ്പിക്കുന്നതിൽ സഹായിക്കയുംചെയ്തു. റോമാചക്രവർത്തി എന്ന നിലയ്ക്കു് അദ്ദേഹം ബഹുദേവമതത്തിലെ (Paganism) പുരോഹിതശ്രേഷ്ഠൻ (Pontifex Maximus) എന്നസ്ഥാനംകൂടി വഹിച്ചിരുന്നു. ഈസ്ഥാനത്തോടു ചേർന്ന ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിച്ചുപോന്നു എങ്കിലും ബഹുദേവമതപ്രകാരമുള്ള ആരാധനച്ചടങ്ങുകളിൽ അദ്ദേഹം സംബന്ധിച്ചിരുന്നില്ല.

സാമ്രാജ്യത്തിന്റെ പൗരസ്ത്യ വിഭാഗത്തെ ഭരിച്ചിരുന്ന ലിസീനിയസ് മിലാൻ പ്രഖ്യാപനത്തിൽ പങ്കാളിയായിരുന്നു എങ്കിലും അതിലെ വ്യവസ്ഥകൾ പ്രയോഗത്തിൽ വരുത്തുവാൻ അയാൾ കൂട്ടാക്കിയില്ല. ക്രിസ്ത്യാനികളോടു തനിക്കുണ്ടായിരുന്ന വിരോധം ലിസീനിയസ് സർവ്വപ്രകാരേണയും പ്രകടമാക്കി. 321 A. D. യിൽ അയാൾ ക്രിസ്ത്യാനികൾക്കെതിരായി ഒരു മതപീഡനംതന്നെ സമാരംഭിച്ചു. മെത്രാന്മാരെയും വൈദികരെയുമാണു് ലിസീനിയസ് അധികമായി ഞെരുക്കിയതു്.

324 A. D. യിൽ അയാൾ കോൺസ്റ്റന്റയിനോടു സമരം പ്രഖ്യാപിച്ചു. ആദ്യം അഡ്രിയാനോപ്പിളിൽ (Adrianople) വച്ചും പിന്നീടു് ബൈസാന്തിയം (Byzantium) നഗരത്തിനു സമീപംവച്ചും ലിസീനിയസ് പരാജിതനാക്കപ്പെട്ടു. ഒടുവിൽ നിക്കോമീഡിയായിൽവച്ചു് കോൺസ്റ്റന്റയിൻ അയാളെ ബന്ധനസ്ഥനാക്കുകയും തെസ്സലോണിക്കായിൽ തടവുകാരനായി പാർപ്പിക്കയുംചെയ്തു. അടുത്തവർഷം സാമ്രാജ്യത്തിന്റെ ശത്രുക്കളുമായി രാജ്യദ്രോഹപരമായ ബന്ധത്തിലേർപ്പെട്ടു എന്ന കുററത്തിനു് ലിസീനിയസ് വധിക്കപ്പെടുകയും ചെയ്തു.

അങ്ങിനെ കോൺസ്റ്റന്റയിൻ സാമ്രാജ്യം മുഴുവന്റെയും അധിപനായിത്തീർന്നു. അപ്പോഴും ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നില്ലെങ്കിലും ചക്രവർത്തിക്കു് ക്രിസ്തുമതത്തോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ അദ്ദേഹം പല പ്രകാരത്തിൽ പ്രകടിപ്പിക്കുകയുണ്ടായി. തിരുസ്സഭയുടെ വർദ്ധമാനമായ പ്രാബല്യത്തേയും സാമ്രാജ്യത്തിനുള്ളിൽ വർത്തമാനകാലത്തും ഭാവിയിലും സൃഷ്ടിപരമായ പരിവർത്തനങ്ങൾ വരുത്തുവാൻ ക്രിസ്തുമതത്തിനുള്ള കഴിവിനെയുംപററി കോൺസ്റ്റന്റയിനുണ്ടായിരുന്ന ബോദ്ധ്യമാണു് അദ്ദേഹത്തെ അങ്ങോട്ടേക്കാകർഷിച്ചതു്. സാമ്രാജ്യത്തിന്റെ അധഃപതനത്തെ തടയുവാൻ ജീർണ്ണാവസ്ഥയിലായിക്കഴിഞ്ഞിരുന്ന ബഹുദേവമതത്തിനു് സാദ്ധ്യമല്ലെന്നു് മനസ്സിലാക്കുവാൻ തക്കദീർഘദൃഷ്ടിയും യാഥാർത്ഥ്യബോധവും കോൺസ്റ്റന്റയിനുണ്ടായിരുന്നു.

റോമാ, നിക്കോമീദിയാ, അന്ത്യോക്യാ, ടയർ യറുശലം എന്നീ സ്ഥലങ്ങളിലെല്ലാം ചക്രവർത്തി ഗംഭീരങ്ങളായ ദേവാലയങ്ങൾ പണിചെയ്യിക്കുകയും അവയെല്ലാം പണമായും ഭൂസ്വത്തുക്കളായും രാജോചിതമായ സംഭാവനകൾ. നൽകുകയും ചെയ്തു. ഇവയിൽ ഏററം പ്രാധാന്യം അർഹിക്കുന്നതു് റോമയിൽ നീറോയുടെ സർക്കസ്സ് നിന്നിരുന്ന സ്ഥാനത്തു് വി. പത്രോസിന്റെ ശവകുടീരത്തിനുമുകളിൽ പണിചെയ്യപ്പെട്ട വി. പത്രോസിന്റെ ബസ്ലിക്കായാണു്. പതിനാറാംനൂററാണ്ടിന്റെ ആരംഭഘട്ടംവരെയും പ്രസ്തുത ദേവാലയം നിലനിന്നിരുന്നു. കൂടാതെ ലാററൻ കൊട്ടാരം മാർപ്പാപ്പായ്ക്കു് ദാനമായി നൽകിയതും കോൺസ്റ്റന്റയിനാണു്.

ചക്രവർത്തി ബഹുദേവമതത്തോടു് അവജ്ഞാപൂർവ്വമുള്ള സഹിഷ്ണതയാണു് പ്രദർശിപ്പിച്ചതു്. അതിനെ പീഡനംകൊണ്ടു സംഹരിക്കുവാൻ അദ്ദേഹം മുതിർന്നില്ല. എന്നാൽ അതിന്റെ ആഭിമുഖ്യത്തിൽ നിലനിന്നുപോന്നിരുന്ന അപകടകരങ്ങളും അസന്മാർഗ്ഗികങ്ങളുമായ ആചാരങ്ങളെ അദ്ദേഹം അമർച്ചചെയ്തു. അന്ധവിശ്വാസം വച്ചുപുലർത്തി ജനങ്ങളെ ചൂഷണംചെയ്യുവാൻ അദ്ദേഹം അനുവദിച്ചില്ല. ഭരണകൂടത്തിന്മേൽ ബഹുദേവമതത്തിനുണ്ടായിരുന്ന സ്വാധീനശക്തിയെ അദ്ദേഹം ക്രമേണ നാമാവശേഷമാക്കി. സർക്കാർ നാണയങ്ങളിന്മേലുണ്ടായിരുന്ന പുരാതനമതചിഹ്നങ്ങൾ നീക്കംചെയ്തു അവയ്ക്കു പകരം ക്രിസ്തീയമുദ്രകൾ നടപ്പിലാക്കി. ക്രൂരവും സന്മാർഗ്ഗവിരുദ്ധവുമായ പുരാതനമതകർമ്മങ്ങൾ നിരോധിക്കപ്പെട്ടു. രാഷ്ട്രത്തിലെ ഏററം ഉയർന്ന ഉദ്യോഗങ്ങളിൽ ക്രിസ്ത്യാനികൾ നിയമിതരായി. പ്രജകളെല്ലാവരും ക്രിസ്തുമതം സ്വീകരിക്കണമെന്നുള്ള തന്റെ അഭിലാഷം ചക്രവർത്തി പരസ്യമായി പ്രകടിപ്പിച്ചു.

ക്രിസ്തുമതത്തേയും റോമാസാമ്രാജ്യത്തേയും സംബന്ധിച്ചിടത്തോളം ഏററം വിദൂരവ്യാപകമായ ഫലങ്ങൾ പുറപ്പെടുവിച്ച ഒരു കാര്യം കോൺസ്റ്റന്റയിൻ നിർവ്വഹിക്കുകയുണ്ടായി സാമ്രാജ്യത്തിന്റെ തലസ്ഥാനം പടിഞ്ഞാറുനിന്നും കിഴക്കോട്ടു മാററി എന്നുള്ളതാണു് അതു്. പുതിയ തലസ്ഥാനമായി അദ്ദേഹം തിരഞ്ഞെടുത്തതു് ബൈസാന്തിയം (Byzantium) എന്ന പട്ടണമാണു്. ഏഷ്യയുടെ കവാടത്തിങ്കലും ഡാന്യൂബ് നദിയോടടുത്തും സ്ഥിതിചെയ്തിരുന്നതുകൊണ്ടു് പേർഷ്യാക്കാരുടെയും ഉത്തരയൂറോപ്പിൽനിന്നുള്ള കിരാതവർഗ്ഗക്കാരുടെയും ആക്രമണങ്ങളെ പ്രതിരോധിക്കുവാൻ പററിയ ഒരു സ്ഥാനമായിരുന്നു അതു്. പുതിയ നഗരത്തിന്റെ ശിലാസ്ഥാപനം 326 A. D അവസാനത്തോടടുത്തു് നിർവ്വഹിക്കപ്പെട്ടു. 330 A. D. മേയ്മാസം 11-ാംനു- ഗംഭീരമായ ആഘോഷങ്ങളുടെ മദ്ധ്യേ അത്യാഡംബരപൂർവ്വം പുതിയ തലസ്ഥാനനഗരം ദൈവജനനിക്കു സമർപ്പിക്കപ്പെട്ടു. കോൺസ്റ്റന്റിനോപ്പിൾ (Constantinople) എന്ന പേരിൽ ചരിത്രപ്രഖ്യാതമായിത്തീർന്ന ഈ നഗരം പ്രൗഢിയിലും പ്രഭാവത്തിലും റോമയോടു തുല്യത വഹിച്ചിരുന്നു. അചിരേണ ജനസംഖ്യയിലും ധനസമൃദ്ധിയിലും അതു് റോമയെ അതിശയിക്കയുംചെയ്തു.

പുതിയ തലസ്ഥാനനഗരത്തിന്റെ ഉദയം തിരുസ്സഭയുടെയും സാമ്രാജ്യത്തിന്റെയും ചരിത്രങ്ങളിലെ സുപ്രധാനമായ ഒരു പരിവർത്തനഘട്ടത്തെ കുറിക്കുന്നു. സാമ്രാജ്യകേന്ദ്രം കിഴക്കോട്ടുക്കു നീങ്ങിയതിന്റെ ഫലമായി റോമൻ നിയമത്തേയും സംസ്കാരത്തേയും ഗ്രീക്കു ശാസ്ത്രങ്ങൾ, സാഹിത്യം, കല മുതലായവയേയും കുറേ ശതാബ്ദക്കാലത്തേക്കുകൂടി നിലനിറുത്തിക്കൊണ്ടു പോകുന്നതിനു് റോമൻ ചക്രവർത്തിമാർക്കു സാധിച്ചു. പിന്നീടു് പടിഞ്ഞാറേയൂറോപ്പിൽ രൂപംപ്രാപിച്ച പുതിയ ജനപദങ്ങൾക്കു് ഈ പുരാതനസംസ്കാരാവശിഷ്ടങ്ങളെ സ്വായത്തമാക്കുന്നതിനും അതുമൂലം സാധിച്ചു. സഭയെ സംബന്ധിച്ചാണെങ്കിൽ ചക്രവർത്തിമാരുടെ ആസ്ഥാനം കോൺസ്റ്റന്റിനോപ്പിളിലേക്കു നീങ്ങിയതോടുകൂടി റോമാനഗരം മാർപ്പാപ്പമാരുടെ പൂർണ്ണമായ സ്വാധീനത്തിലായിത്തീരുകയും അവരുടെ ആത്മീയാധികാരം ലൗകികാധികാരത്തിന്റെ ഇടപെടൽ കൂടാതെ സ്വതന്ത്രമായി പ്രയോഗിക്കുന്നതിനു് സൗകര്യം ലഭിക്കയുംചെയ്തു. എന്നാൽ സാമ്രാജ്യത്തിന്റെ കിഴക്കേഭാഗത്തു് സഭയുടെ മേലുള്ള ചക്രവർത്തിമാരുടെ നിയന്ത്രണം അടിക്കടി വർദ്ധിച്ചുവരികയും ഒടുവിൽ പൗരസ്ത്യവിഭാഗത്തെ സഭയുടെ സ്വാതന്ത്ര്യംതന്നെ നാമാവശേഷമായിത്തീരുകയുംചെയ്തു. നാലാം ശതാബ്ദത്തിൽ പൗരസ്ത്യദിക്കിൽ പൊട്ടിപ്പുറപ്പെട്ട മതപരമായ ഛിദ്രങ്ങളിൽ ചക്രവർത്തിമാർ ഓരോ പക്ഷം ചേർന്നു സ്വാധീനം ചെലുത്തിയതിന്റെ ഫലമായി അവ രൂക്ഷമായിത്തീരുകയും ദീർഘകാലം നിലനില്ക്കുകയുംചെയ്തു. ഈ സാഹചര്യങ്ങളിൽ സഭയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ തമ്മിൽ ക്രമേണ അകന്നുപോവുകയും ഒടുവിൽ വിനാശകരമായ പൗരസ്ത്യശീശ്മയിൽച്ചെന്നു കലാശിക്കയുംചെയ്തു. ബഹുദേവമതത്തിന്റെ ശക്തികേന്ദ്രമായിരുന്ന റോമാനഗരത്തിൽനിന്നും വളരെ വിദൂരമായ ഒരു സ്ഥലത്തേക്കു് തലസ്ഥാനം മാററിയാൽ അവിടം കേന്ദ്രമാക്കിക്കൊണ്ടു് ഒരു ക്രിസ്തീയസാമ്രാജ്യം കരുപ്പിടിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതായിരുന്നു കോൺസ്റ്റന്റയിന്റെ ഉദ്ദേശമെന്നു ചില ആധുനികചരിത്രകാരന്മാർ അനുമാനിക്കുന്നു.

കോൺസ്റ്റന്റയിൻ വിഭാവന ചെയ്ത ക്രിസ്തീയസാമ്രാജ്യം അചിരേണ സാക്ഷാത്കരിക്കപ്പെട്ടെങ്കിലും അതുമൂലം പല പുതിയ പ്രശ്നങ്ങളെയും സഭയ്ക്കു നേരിടേണ്ടതായിവന്നു. മതം രാജ്യാധികാരത്തിനു കീഴ്പ്പെട്ടിരിക്കണമെന്നുള്ള ഒരു പാരമ്പര്യം റോമാസാമ്രാജ്യത്തിൽ നിലനിന്നുപോന്നിരുന്നു. സാമ്രാജ്യം ക്രിസ്തീയമായി രൂപംപ്രാപിച്ചതിനുശേഷവും ഈ പാരമ്പര്യം വച്ചുപുലർത്തുന്നതിൽ ചക്രവർത്തിമാർ ഔൽസുക്യം പ്രദർശിപ്പിക്കുകയുണ്ടായി. സഭയുടെ സംരക്ഷകന്മാരായിരിക്കുന്നതോടൊപ്പം അവളുടെമേൽ ആധിപത്യം പുലർത്തുകയെന്നുള്ളതു് തങ്ങളുടെ അവകാശമാണെന്നു് പല ചക്രവർത്തിമാരും കരുതിയിരുന്നു. അങ്ങിനെ ക്രിസ്തീയസാമ്രാജ്യം രൂപംപ്രാപിച്ചതോടൊപ്പം സഭയും രാഷ്ട്രവും തമ്മിൽ അധികാരവിഭജനം സംബന്ധിച്ചുള്ള വടംവലിയും ആരംഭിച്ചു. അനേകം നൂററാണ്ടുകൾക്കുശേഷം ഇന്നും ഇതു് പരിഹൃതമാകാത്ത ഒരു പ്രശ്നമായി അവശേഷിക്കുന്നു.

എ. ഡി. 336-ൽ പേർഷ്യാചക്രവർത്തിയായിരുന്ന സാപ്പോർ രണ്ടാമൻ (Sapor II) കോൺസ്റ്റന്റയിനെതിരായി സമരം പ്രഖ്യാപിച്ചു. തന്റെ സൈന്യത്തെ ശത്രുവിനെതിരായി നയിക്കുവാൻ ഒരുക്കങ്ങൾ ചെയ്തുകൊ

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

എ. ജെ. അന്നംകുട്ടി

ണ്ടിരിക്കവേ കോൺസ്റ്റന്റയിൻ രോഗബാധിതനായിത്തീരുകയും 337 മേയ്മാസം 22-ാംനു- ചരമമടയുകയും ചെയ്തു. മരണശയ്യയിൽവച്ചു് തന്റെ സുഹൃത്തും ആരിയൻ പാഷണ്ഡപക്ഷത്തെ ഒരു മെത്രാനുമായിരുന്ന യൗസേബിയൂസിൽനിന്നും ചക്രവർത്തി ജ്ഞാനസ്നാനം സ്വീകരിച്ചു. അന്യായമായി താൻ നാടുകടത്തിയിരുന്ന പലരേയും മരണാസന്നനായ ചക്രവർത്തി മടക്കിവിളിച്ചു. ദൈവത്തിനു നന്ദിയും സ്തോത്രവും പ്രകാശിപ്പിച്ചുകൊണ്ടുള്ള ഒരു പ്രാർത്ഥനയായിരുന്നു അദ്ദേഹം ഉച്ചരിച്ച അവസാനവാക്കുകൾ. കോൺസ്റ്റന്റിനോപ്പിളിൽ ചക്രവർത്തി പണികഴിപ്പിച്ചിരുന്ന അപ്പസ്തോലന്മാരുടെ ദേവാലയത്തിൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ യഥോചിതം സംസ്കരിക്കപ്പെട്ടു.

ഗ്രീക്കുസഭ അദ്ദേഹത്തെ ഒരു പുണ്യവാനായി വണങ്ങുന്നു. എന്നാൽ കത്തോലിക്കാസഭ താദൃശമായ ഒരു സ്ഥാനം അദ്ദേഹത്തിനു നൽകുന്നില്ല. ഉററബന്ധുക്കളോടുപോലും അക്ഷന്തവ്യമായ ക്രൂരത അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. ജ്ഞാനസ്നാനം മരണസമയംവരെ നീട്ടിവച്ചതു് ഒരുപക്ഷേ അക്കാലത്തെ ആചാരത്തിന്റെ പേരിൽ ന്യായീകരിക്കാമെന്നിരുന്നാൽത്തന്നെയും കാർമ്മികനായി ഒരു പാഷണ്ഡിയായ മെത്രാനെ തിരഞ്ഞെടുത്തതിൽ ചക്രവർത്തിക്കു തെററുപററി എന്നതിനു് സംശയമില്ല. കൂടാതെ ആരിയൂസിന്റെ പാഷണ്ഡതയെ അദ്ദേഹം പലഘട്ടങ്ങളിൽ അനുകൂലിക്കയും സഹായിക്കയും ചെയ്തിട്ടുണ്ടു്. ഈ ന്യൂനതകൾ ഒക്കെ ഉണ്ടെങ്കിലും ബഹുദേവമതത്തിന്റെ പ്രാബല്യം നശിപ്പിച്ചു് ക്രിസ്തുമതത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും കളമൊരുക്കുന്നതിൽ ദൈവത്തിന്റെ ഉപകരണമായി ഭവിച്ച വ്യക്തി എന്ന നിലയ്ക്കു് ഇന്നും കത്തോലിക്കാസഭ "മഹാൻ" എന്ന പദവി നൽകിക്കൊണ്ടു് അദ്ദേഹത്തിന്റെ സ്മരണയെ ബഹുമാനിക്കുന്നു.

—o—



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM SEPTEMBER 1 | No. 3

# കത്തോലിക്കാ യുവജനങ്ങളുടെ കർത്തവ്യം

ആധുനികലോകത്തിൽ അന്ധകാരശക്തികൾ വിധിനിർണ്ണായകമായ ഒരു സംഘട്ടനത്തിനുള്ള പടനീക്കം അതിനിപുണതയോടെ നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതു സുവിദിതമായ ഒരു യാഥാർത്ഥ്യമാണ്. അതിനെതിരെ അണിനിരക്കേണ്ടതു് മതബോധമുള്ള എല്ലാവരുടെയും കടമയാണ്. ഒരു ക്രിസ്തുമതാവലംബിക്കു അവന്റെ മതവിശ്വാസത്തെ സംരക്ഷിക്കണമെങ്കിൽ അവന്റെ സകല കഴിവുകളും ഈ ആക്രമണസംരംഭത്തിനെതിരായി സ്വരൂപിക്കാതെ ഗത്യന്തരമില്ല. വെല്ലുവിളികളെ ധീരതയോടുകൂടി നേരിടുന്നതിനും, ക്ലേശങ്ങളെ വീരോചിതമായ ത്യാഗസന്നദ്ധതയോടുകൂടി സ്വീകരിക്കുന്നതിനും, പ്രതിയോഗികളെ തന്റേടത്തോടുകൂടി ചെറുക്കുന്നതിനും അവൻ തയ്യാറാകണം. പൊതുവെ, മതവിശ്വാസമുള്ള എല്ലാ ജനങ്ങളേയും ക്രൈസ്തവരെ പ്രത്യേകിച്ചും ഈ കർത്തവ്യം തട്ടിയുണർത്തേണ്ട ഈ അവസരത്തിൽ സമുദായത്തിന്റെ ശക്തികേന്ദ്രമായ യുവസഞ്ചയം പ്രവർത്തനോന്മുഖമാകുന്നില്ലെങ്കിൽ സകല ശ്രമങ്ങളും പരാജയമടയുകതന്നെ ചെയ്യും. അതുകൊണ്ടാണ് കാലോചിതമായ ഉത്തേജനം അവർക്കു നൽകുന്നതിനായി ഈ സെപ്റ്റംബർമാസത്തെ പ്രാർത്ഥനാനിയോഗമായി, "കത്തോലിക്കാ പ്രവർത്തന"ത്തിലേർപ്പെട്ടിരിക്കുന്ന യുവസഞ്ചയത്തിന്റെ പുരോഗതിയെന്ന വിഷയം തിരുസഭ നിർദ്ദേശിച്ചിരിക്കുന്നതു്.

## കത്തോലിക്കാ പ്രവർത്തനസംഘടനകൾ

ഒരു സംഘടന "കത്തോലിക്കാ പ്രവർത്തന"ത്തിന്റെ പരിധിയിൽ വരുന്നതിനു അതിനുണ്ടായിരിക്കേണ്ട ലക്ഷണങ്ങൾ, അതു് വൈദികാദ്ധ്യക്ഷന്മാരുടെ നിയന്ത്രണത്തിലിരിക്കുന്നതും, തിരുസഭയുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതും, തിരുസഭയുടെ അപ്പസ്തോലികജോലിയിൽ ഏതെങ്കിലും തരത്തിൽ സഹകരിക്കുന്നതുമായിരിക്കണം എന്നിവ മാത്രമാണ്. അതുകൊണ്ടു തിരുസഭയിൽ പ്രവർത്തനം നടത്തുന്ന ഒട്ടുമിക്ക യുവജനസംഘടനകളും കത്തോലിക്കാപ്രവർത്തനത്തിൽ ഉൾപ്പെടുന്നുണ്ടെന്നു വിശദമാണല്ലോ. ഈ സംഘടനകളെല്ലാം ഇന്നത്തെ ആസന്നമായ ആപൽഘട്ടത്തെ വേണ്ടവിധത്തിൽ ഗ്രഹിച്ചു സാഹചര്യങ്ങൾക്കനുഗുണമായ വിധത്തിൽ വീറോടെ സഭാസേവനം നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് ഈ ഉത്തേജനം നൽകപ്പെട്ടിരിക്കുന്നതു്. അവ സംഖ്യയിലും ചൈതന്യത്തിലും വളരുന്നതിനുവേണ്ടിയത്രെ ഈ മാസത്തിൽ പ്രത്യേകിച്ചും ശ്രദ്ധ കേന്ദ്രീകൃതമാകേണ്ടതു്.

"ഇത്രയേറെ തിന്മകൾ നമ്മെ ഭീഷണിപ്പെടുത്തുമ്പോൾ, ഇത്രയേറെ അപകടങ്ങൾ നമ്മെ വട്ടമിട്ടു കൂടുമ്പോൾ, നമ്മുടെ എതിരാളികൾ കത്തോലിക്കാ മതത്തിന്റെയും ക്രിസ്തീയസംസ്കാരത്തിന്റെയും അടിത്തറ മാന്തുന്നതിനു കിണഞ്ഞു പരിശ്രമിക്കുമ്പോൾ യാതൊരുത്തനും സംശയാലുവായി നില്ക്കാതിരിക്കട്ടെ, യാതൊരുത്തനും മന്ദനാകാതിരിക്കട്ടെ, യാതൊരുത്തനും അലസനാകാതെയുമിരിക്കട്ടെ. "ഈ ലോകത്തിന്റെ സന്താനങ്ങൾ പ്രകാശത്തിന്റെ സന്താനങ്ങളേക്കാൾ വിവേകമുള്ളവരാണെന്നു" മേലിൽ ഒരിക്കലും പറയാനിടവരാതിരിക്കട്ടെ. പ്രകാശത്തിന്റെ ദൂതന്മാർ പ്രവർത്തനരഹിതരാകുന്നതിനും ഒരിക്കലും ഇടവരാതിരിക്കട്ടെ." ഇതാണ് പരിശുദ്ധമാർപ്പാപ്പായുടെ തീവ്രമായ ഉൽബോധനം. ലോകത്തിന്റെ വിനാശകരമായ ഉപജാപങ്ങൾ ജനതയേയും സംസ്കാരത്തേയും ക്രിസ്തീയവിശ്വാസത്തേയും തച്ചുടയ്ക്കുന്നതിനു ബദ്ധകങ്കണമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ മാനവസ്നേഹികളിൽ അഗ്രഗണ്യനായ പരിശുദ്ധമാർപ്പാപ്പാ നൽകുന്ന ഈ ആഹ്വാനം കത്തോലിക്കാ യുവസഞ്ചയത്തേയും അവരുടെ കത്തോലിക്കാ പ്രവർത്തനസംഘടനകളേയും തട്ടിയുണർത്തുന്നില്ലെങ്കിൽ മാനവസമുദായത്തിന്റെ ഭാവി നിരാശാപരമായിരിക്കുമെന്നു പ്രവചിക്കുവാൻ അസാധാരണമായ ദീർഘദർശിത്വമൊന്നും ആവശ്യമില്ലല്ലോ. അതുകൊണ്ടു കത്തോലിക്കാ പ്രവർത്തനസംഘടനകളെങ്കിലും ഒന്നുണരണമെ എന്നു ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുകയും കർമ്മധീരന്മാരായ യുവാക്കൾ കത്തോലിക്കാ പ്രവർത്തനത്തിൽ ബദ്ധശ്രദ്ധരാകണമെന്നു ശക്തിയുക്തം ഉൽബോധിപ്പിക്കുകയും ചെയ്തുകൊള്ളുന്നു

## ക്രിസ്തീയയുവാവു ക്രിസ്തുവിന്റെ ഭടനാണ്

മാതൃകാപരമായ ഒരു ക്രിസ്തീയ ജീവിതം നയിച്ചു് ക്രിസ്തുവിനെ സജീവമായ ജീവിതമാതൃകകൊണ്ടു് ലോകത്തിനു് രക്ഷാകരദീപമാക്കി കാണിച്ചുകൊടുക്കേണ്ടതു് ഏതൊരു യഥാർത്ഥകത്തോലിക്കന്റെയും ഒഴിച്ചുകൂടാത്ത കടമയാണ്. മാമ്മോദീസാ എന്ന മഹനീയ കൂദാശയിൽ ഈ വ്രതമാണ് ഓരോരുത്തരും സ്വീകരിക്കുന്നതു്. പിശാചിനേയും അവന്റെ ആഡംബരങ്ങളേയും പ്രവർത്തനങ്ങളേയും ഉപേക്ഷിച്ചു് ദൈവമക്കളായി, ക്രിസ്തുവിന്റെ അനുയായികളായി ധീരസേവനം അനുഷ്ഠിക്കുന്നതിനു് നാം ഏറ്റെടുത്തിട്ടുള്ള ആ കർത്തവ്യത്തിൽ വിമുഖതയോ അലസതയോ പ്രകടിപ്പിക്കുന്നതു് എത്ര ശോചനീയമാണ്. എന്നാൽ ഒരു പടികൂടി കടന്നു ഒരു ക്രിസ്തീയയുവാവു് സ്ഥൈര്യലേപനം എന്ന കൂദാശയെ സ്വീകരിക്കുമ്പോൾ അക്ഷരാർത്ഥത്തിൽ വീരോചിതമായ ഒരു യോദ്ധൃസേവനത്തിനാണ് സ്വയം പ്രതിഷ്ഠിക്കുന്നതു്. അതു മറക്കുന്നതിനോ മറയ്ക്കുന്നതിനോ യാതൊരുത്തനും സാദ്ധ്യമല്ല. മഹാ ശാസ്ത്രജ്ഞനായ തോമസ് അക്വിനാസ് പറയുന്നു:- "പൂർണ്ണപ്രായത്തിനു് അനുയോജിക്കുന്ന ആദ്ധ്യാത്മികശക്തി പ്രദാനംചെയ്യുന്നതിനു് ഈ കൂദാശയിൽ പരിശുദ്ധാരൂപിയുടെ പരിപൂർണ്ണമായ ദാനമാണ് നൽകപ്പെടുന്നതു്. പരിപക്വമായ ഈ ജീവിതസന്ധിയിൽ അവൻ അവന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവരിലേക്കു സംക്രമിപ്പിക്കുന്നതിനു് തുടങ്ങുന്നു. അവന്റെ വിശ്വാസത്തെ പ്രകടമായി പ്രകാശിപ്പിക്കുന്നതിനും, യാതൊരു വിധത്തിലും അതിനെ നിഷേധിക്കാതിരിക്കുന്നതിനും, ക്രിസ്തുവിനുവേണ്ടിയും അവിടത്തെ തിരുസഭയ്ക്കുവേണ്ടിയും സമരം ചെയ്യുന്നതിനും, തിരുസഭയെ സംരക്ഷിക്കുന്നതിനും അവൻ നിർബദ്ധനാകുന്നു." യോദ്ധൃസഹജമായ ഈ അപ്പസ്തോലികാഹ്വാനത്തിന്റെ സൂചനകളാണ് സ്ഥൈര്യലേപനമെന്ന കൂദാശയുടെ കർമ്മാനുഷ്ഠാനത്തിൽ ഉൾക്കൊള്ളുന്നതു്. രക്തസാക്ഷികളോടായി പണ്ഡിതനായ ടെർട്ടുലിയൻ പ്രസ്താവിച്ചിട്ടുള്ള വാക്കുകൾ പ്രത്യേകം ശ്രദ്ധാർഹങ്ങളാണ്:- "കൂദാശയുടെ വാക്കുകൾക്കു നാം അനുകൂലമായ മറുപടി നൽകിക്കഴിയുന്ന മാത്രയിൽ ജീവിക്കുന്നവനായ ദൈവത്തിന്റെ സൈന്യവ്യൂഹത്തിലേക്കു നാം സ്വീകരിക്കപ്പെടുന്നു." അതുകൊണ്ടു് ഈ കൂദാശ നമ്മെ ലോകത്തിന്റെ എതിർപ്പുകളേയും സംഘട്ടനങ്ങളേയും നേരിടുന്നതിനു് യഥാവിധി സജ്ജീകരിക്കുകയാണു ചെയ്യുന്നതു്. ദൈവാനുഗ്രഹങ്ങളുടെ പിന്തുണ നമുക്കവകാശമായി ലഭിക്കുകയുംചെയ്യുന്നു. പരിശുദ്ധ മാർപ്പാപ്പാ പറയുന്നു:- "സ്ഥൈര്യലേപനം വഴിയായി നാം ക്രിസ്തുവിന്റെ ഭടന്മാരായിത്തീരുന്നു. ഒരു ഭടൻ തനിക്കുവേണ്ടി മാത്രമല്ല മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയും സമരം നടത്തുന്നതിനു് നിർബദ്ധനാകുന്നുവെന്നു് ആരാണ് മനസ്സിലാക്കാത്തതു്?"

## കത്തോലിക്കാപ്രവർത്തനത്തിന്റെ ചൈതന്യം

കർമ്മധീരന്മാരും കർത്തവ്യനിരതരുമായ യുവജനങ്ങൾ നിരനിരയായി ക്രിസ്തുവിന്റെ ദൈവരാജ്യപ്രചാരണത്തിനു വേണ്ടി മുമ്പോട്ടുവരുന്നതുകൊണ്ടുമാത്രം കത്തോലിക്കാ പ്രവർത്തനം വിജയിക്കുകയില്ല. അവർ സുസംഘടിതരും സുശിക്ഷിതരുമായി തീരുന്നതിനും അങ്ങനെ കത്തോലിക്കാ പ്രവർത്തനത്തിന്റെ അപ്പസ്തോലികചൈതന്യം പ്രായോഗികമാക്കുന്നതിനും ശ്രദ്ധിക്കണം. പ്രാർത്ഥനാരൂപിയും, ഉറച്ച ദൈവഭക്തിയും, ത്യാഗസന്നദ്ധതയും, വിശുദ്ധ കുർബാനയെ സംബന്ധിച്ച സജീവസ്നേഹവുമാണ് ഈ പ്രേഷിതാരൂപിയെ പ്രോജ്ജ്വലിപ്പിക്കുന്നതു്. അതുകൊണ്ടു് കത്തോലിക്കാ സഭയുടെ അപ്രമാദമായ ശിക്ഷണത്തിൽ യുവജനങ്ങൾ വിശ്വാസസത്യങ്ങളെ പഠിക്കുകയും, ആദ്ധ്യാത്മികമൂല്യങ്ങളെ യഥാർത്ഥം വിലമതിക്കുന്നതിനു് പരിശീലിക്കുകയും, പ്രാർത്ഥനയിൽ ദൈവൈക്യം സാക്ഷാൽക്കരിക്കുന്നതിനു യഥാശക്തി ശ്രദ്ധിക്കുകയും ചെയ്യട്ടെ. ഏതൊരു കൃത്യനിർവ്വഹണത്തിലും അവർ യഥാർത്ഥ ക്രിസ്തുവാഹകരായിത്തീരുന്നതിന്നനുസ്മരിക്കട്ടെ. അവർ പഠിക്കുമ്പോഴും, കളിക്കുമ്പോഴും, ജോലിചെയ്യുമ്പോഴും, സന്തോഷത്തിലും സന്താപത്തിലും, ത്യാഗത്തിലും പീഡനങ്ങളിലും ക്രിസ്തു അവരോടുകൂടിയുണ്ടെന്നും അവിടുന്നാണ് അവരിൽ പ്രവർത്തിക്കുന്നതെന്നുമുള്ള സജീവവിശ്വാസം അവരെ പ്രചോദിപ്പിക്കട്ടെ. വിശുദ്ധ കുർബാനയാകുന്ന ദിവ്യകൂദാശയിലാണ് ക്രിസ്തുവിനോടുള്ള ഈ ഐക്യം അക്ഷരശഃ പ്രായോഗികമാക്കേണ്ടതു്. "ഈ കൂദാശയുടെ ഫലസിദ്ധിയാലാണ് സ്നേഹംവഴി ക്രിസ്തുവിലുള്ള മനുഷ്യന്റെ ഒരു പരിണാമാവസ്ഥ സംജാതമാക്കപ്പെടുന്നതു്; കൂദാശയുടെ ലക്ഷ്യം ഇതുതന്നെയാണ്" എന്നത്രെ വേദപാരംഗതനായ വിശുദ്ധ തോമ പ്രസ്താവിച്ചിട്ടുള്ളതു്. അതുകൊണ്ടു് ക്രിസ്തുവിന്റെ അപ്പസ്തോലികജോലിയിൽ പങ്കെടുക്കുന്നതിനു് ഉദാരമായ ഹൃദയവികാരങ്ങളോടുകൂടി മുന്നോട്ടുവരുന്ന യുവാക്കൾ കത്തോലിക്കാപ്രവർത്തനത്തിന്റെ യഥാർത്ഥമായ ചൈതന്യത്തിൽ സ്വയം സുശിക്ഷിതരായിത്തീരുന്നതിനും മഹത്തായ ആ സംഘടനയുടെ കീഴിൽ ക്രിസ്തുയോദ്ധാക്കളായി അണിനിരന്നു് ലോകത്തെ അധഃപ്പതിപ്പിച്ചു് മുന്നേറുന്ന നശീകരശക്തികളെ ചെറുത്തു ക്രിസ്തുവിന്റെ ദൈവരാജ്യം സാക്ഷാൽക്കരിക്കുന്നതിനുമിടയാകട്ടെ.

# പ്രസാധകക്കുറിപ്പുകൾ

## തിരുക്കൊച്ചിയിലെ കൃഷിഭൂമി— ധനകാര്യമന്ത്രിയുടെ കണക്കു്

ഭൂനയപരിഷ്കരണ ബില്ലുകൾ കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ധനകാര്യമന്ത്രി ശ്രീ നടരാജപിള്ള ചെയ്ത വിശദീകരണപ്രസംഗത്തിൽ തിരുക്കൊച്ചിയിലെ കൃഷിഭൂമിയെ സംബന്ധിച്ചു് ഒരു കണക്കു നൽകുകയുണ്ടായി. അതാണ് താഴെ ചേർക്കുന്നതു്:-

കൃഷിക്കുപയുക്തമായ 31,00,470 ഏക്കർ ഭൂമിയാണ് തിരുക്കൊച്ചിയിലുള്ളതു്. മൊത്തം പാട്ടദാരന്മാരുടെ സംഖ്യ 20,50,492 ആണ്. ഇതിൽ 3 ഏക്കറും അതിൽ കുറവുമുള്ളവരുടെ എണ്ണം 19,48 591 ആണ്. അവരുടെ കൈവശം ആകെ 12,58,483 ഏക്കർ ഭൂമിയുണ്ടു്. അതായതു് മൊത്തത്തിലുള്ള കൃഷിഭൂമിയുടെ 40 6 ശതമാനം, 94·6 ശതമാനം പാട്ടദാരന്മാരുടെ കൈവശമാണു. 5 മുതൽ 10 ഏക്കർ വരെ ഭൂമിയുള്ള 72,274 പാട്ടദാരന്മാരുടെ കൈവശം 4,44,209 ഏക്കർ ഭൂമിയുണ്ടു്. അതായതു് കൃഷിഭൂമിയുടെ 14·3 ശതമാനം, 35 ശതമാനം പാട്ടദാരന്മാരുടെ കൈവശമാണ്. 10 മുതൽ 20 ഏക്കർവരെ കൈവശം വച്ചിരിക്കുന്ന 22,040 പാട്ടദാരന്മാരുടെ കൈവശം മൊത്തം 3,17,168 ഏക്കർ ഭൂമിയുണ്ടു്. അതായതു് പാട്ടദാരന്മാരിൽ 1·1 ശതമാനം ആളുകൾ കൃഷിഭൂമിയുടെ 10·2 ശതമാനം കൈവശപ്പെടുത്തിയിരിക്കുന്നു.

* * *

## ഭൂനയബില്ലുകളും തിരുക്കൊച്ചി പി. സി. സി. യും

തിരുക്കൊച്ചിയിലെ പ്രൊവിൻഷ്യൽ കോൺഗ്രസ്സ് കമ്മിറ്റിയുടെ ഒരു സമ്മേളനം ആഗസ്റ്റ് 12-ാംനു ആലപ്പുഴവച്ചു നടന്നതിൽ പി. എസ്. പി. യുടെ ഭൂനയബില്ലുകളെപ്പറ്റി ചർച്ച ചെയ്തശേഷം താഴെ കാണുന്ന പ്രമേയങ്ങൾ സ്വീകരിച്ചു:-

ബില്ലുകളുടെ അവതരണത്തെ പിൻതാങ്ങുന്ന നില കോൺഗ്രസ്സ് നിയമസഭാകക്ഷി അവലംബിച്ചതിനെ ഈ കമ്മിറ്റി അംഗീകരിക്കുന്നു. ബില്ലുകളെപ്പറ്റി കോൺഗ്രസിന്റെ മനോഭാവം സ്വാഭാവികമായി ഭൂപരിഷ്കരണത്തെ സംബന്ധിച്ചു് കോൺഗ്രസ്സ് സ്വീകരിച്ചിട്ടുള്ള തത്വങ്ങളാൽ നയിക്കപ്പെട്ടിരിക്കും. വിശദാംശങ്ങളിലേക്കു് കടക്കാതെ കോൺഗ്രസ്സ് എന്തിനുവേണ്ടി നില്ക്കുന്നുവെന്നു് കമ്മിറ്റി താഴെ കാണുന്നപ്രകാരം വീണ്ടും പ്രഖ്യാപിക്കുന്നു.

(1) ഭൂമിയുടെ കൈവശം, ഉടമ എന്നിവയ്ക്കു പരിധി നിർണ്ണയിക്കണം. ഇന്നുള്ള കൈവശത്തേയും ഉടമയേയുംകൂടെ ഈ പരിധി നിർണ്ണയം ബാധിക്കുകയുംവേണം. (2) അങ്ങനെ നിർണ്ണയിക്കുന്നതു് വിസ്തീർണ്ണത്തെമാത്രം ആശ്രയിച്ചായിരിക്കരുതു്. ആദായത്തേയും വിലയേയുംകൂടെ പരിഗണിച്ചായിരിക്കണം. (3) നിർണ്ണയിച്ച പരിധികൾക്കു് അധികമുള്ള ഭൂമി പ്രതിഫലംകൊടുത്തു് സർക്കാരിൽനിന്നെടുക്കുന്നതിനു് വ്യവസ്ഥചെയ്യണം, (4) അങ്ങനെ എടുക്കുന്ന അധികമുള്ള ഭൂമി നിവൃത്തിയുള്ളിടത്തോളം ഭൂമിയില്ലാത്തവർക്കും കർഷകർക്കുംമാത്രം വിതരണം ചെയ്യണം. (5) മദ്ധ്യവർത്തികളെ ഒഴിവാക്കണം. (6) കുടിയാന്മാർക്കു സ്ഥിരാവകാശം നൽകണം. (7) മര്യാദപാട്ടം നിശ്ചയിക്കണം. അതിനു ന്യായയുക്തമായ തത്വങ്ങൾ സ്വീകരിക്കണം. (8) ചെറുതരം ഉടമസ്ഥർക്കും കൈവശക്കാർക്കും സംരക്ഷണം നൽകണം. (9) കുടികിടപ്പുകാരെ കുടിയിറക്കുന്നതിനെ തടയണം—ഒഴിപ്പിച്ചെടുക്കേണ്ട ന്യായമായ ആവശ്യമുണ്ടെങ്കിൽ പകരം പാർപ്പിടസൗകര്യം നൽകിയിരിക്കണം. (10) സഹകരണസംഘങ്ങൾ മുഖേന ചെറിയ കൃഷിസ്ഥലങ്ങളെ സംയോജിപ്പിക്കണം. (11) ഇടവക, ശ്രീപാദം, ശ്രീപണ്ടാരം വക മുതലായ ഭൂമിയിലുള്ള പ്രത്യേകാവകാശങ്ങൾ ഇല്ലാതാക്കണം.

മുകളിൽ കൊടുത്തിരിക്കുന്ന തത്വങ്ങളുടേയും മററും വെളിച്ചത്തിൽ, കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട ബില്ലുകൾ പരിശോധിച്ചു് രണ്ടുമാസത്തിനുള്ളിൽ റിപ്പോർട്ടു് സമർപ്പിക്കുന്നതിനു് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുംചെയ്തു.

* * *

## ഭൂകൈവശപരിധി നിർണ്ണയം സാധാരണകർഷകർക്കു ദോഷകരം— ശ്രീ മൂത്തേടൻ

വസ്തു ഉടമസ്ഥതയും കൈവശവും നിർണ്ണയിക്കുന്ന തിരുക്കൊച്ചിയിലെ പുതിയ ബില്ലിനെപ്പറ്റി ശ്രീ എ. വി. മൂത്തേടൻ എം. എ. ബി. എൽ. രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം ശ്രദ്ധേയമാണ്:-

ഭൂനയവും കൈവശവും ഓരോ നാട്ടിലും ഓരോ മാതിരിയാണ്. നമ്മുടെ നാട്ടിലെ സ്ഥിതിഗതികളെപ്പറ്റി ആലോചിക്കുകയാണെങ്കിൽ ചില്ലറക്കാരായ വസ്തു ഉടമസ്ഥന്മാരെ ഞെരുക്കി ഇപ്രകാരമുള്ള ഒരു നിയമം അവരുടെ തലയിൽ കെട്ടിവയ്ക്കേണ്ടതായ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. അധികം വസ്തുക്കൾ ഉള്ളവർക്കുമാത്രമേ ഈ നിയമംകൊണ്ടു് ദോഷംവരികയുള്ളു എന്നുവരികിൽ എന്തെങ്കിലും ആകട്ടെയെന്നു വിചാരിക്കാമായിരുന്നു. നേരെമറിച്ചു് ഈ ബില്ല് നിയമമാക്കുകയാണെങ്കിൽ നമ്മുടെ നാട്ടിലെ സാധാരണക്കാരായ കർഷകരേയും അതു ബാധിക്കുന്നതാണ്. ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ള പരിധിയിൽ കുറഞ്ഞതായ വസ്തുക്കളുള്ള ഒരാൾക്കു മാത്രമേ അടുത്തുള്ള വസ്തുക്കൾ തീ

വാങ്ങിക്കുന്നതിനോ കൈവശപ്പണയം എടുക്കുന്നതിനോ സാധിക്കുകയുള്ളു. പണമുള്ള ആളുകൾ എല്ലാവരുംതന്നെ പരിധിപ്രകാരം ആകാവുന്ന വസ്തുക്കൾ കൈവശമുള്ളവരുമായിരിക്കും. അങ്ങനെവരുമ്പോൾ ഒരു സാധാരണ കർഷകനു് കൃഷിയാവശ്യത്തിനോ, ഒരു വീടു പണിതു താമസിക്കുന്നതിനോ, വസ്തു നന്നാക്കുന്നതിനോ വേറെ എന്തെങ്കിലും കാര്യം നിർവ്വഹിക്കുന്നതിനോ പണം ആവശ്യമായി വന്നാൽ ഏതെങ്കിലും വസ്തു കൊഴവക്ക പണയം കൊടുക്കാമെന്നോ തീറു കൊടുക്കാമെന്നോ പറഞ്ഞാൽ തന്നെ സംഖ്യകൊടുക്കുവാൻ ആളുണ്ടാകയില്ല. ഈ ആവശ്യങ്ങൾ പരസ്പരസഹായസംഘങ്ങളിൽ നിന്നും കടംവാങ്ങിച്ചു് നടത്തത്തക്കവിധം പരസ്പരസഹായസംഘങ്ങൾ നമ്മുടെ നാട്ടിൽ വേണ്ടവിധം പ്രചരിച്ചിട്ടില്ല. ഇതിന്റെയെല്ലാം ഫലമായി ഗ്രാമങ്ങളിൽ വസ്തുവില ദിവസേന കുറഞ്ഞുവരികയുംചെയ്യും. ഈ തരം നോക്കി പണം ധാരാളമുള്ള കച്ചവടക്കാർ 'നിസ്സാരവിലയ്ക്കു്' ഈ വസ്തുക്കൾ മുഴുവനും തട്ടിയെടുക്കുകയുംചെയ്യും. ഈ ബില്ല് വരാൻപോകുന്നുവെന്നു കേട്ടമുതൽക്കുതന്നെ വസ്തുവില ധാരാളം കുറഞ്ഞുതുടങ്ങിയിട്ടുണ്ടു്. അതിനാൽ സാധാരണകർഷകനു് ഈ ബില്ലുകൊണ്ടു് ദോഷമല്ലാതെ ഗുണം യാതൊന്നും ഉണ്ടാകുവാൻ പോകുന്നില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്.

## പരിധി താനേ വേഗം ഉണ്ടായിക്കൊള്ളും

വസ്തുക്കൾ അധികമുള്ള ചില വസ്തുഉടമസ്ഥന്മാരുടെ വസ്തുക്കൾ നാട്ടുകാർക്കു് ഭാഗിച്ചുകൊടുക്കുന്നതിനാണു് ഈ ബില്ലുകൾകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ ഈ ബില്ല് ഇല്ലാതെതന്നെ 20-25 കൊല്ലങ്ങൾകൊണ്ടു് അതു താനേ നടപ്പിൽവന്നുകൊള്ളും. ലാന്റു് പോളിസി (അച്യുതമേനോൻ) കമ്മിററി റിപ്പോർട്ടുചെയ്യുന്ന കാലത്തു് നമ്മുടെ നാട്ടിൽ എസ്റ്റേയിററു് ഡ്യൂട്ടി ആക്ടു് പാസ്സാക്കിയിട്ടില്ലായിരുന്നു. ഇപ്പോൾ എസ്റ്റേയിററു് ഡ്യൂട്ടി ആക്ടു് പാസ്സാക്കിയിട്ടുള്ള സ്ഥിതിക്കു് രണ്ടു തലമുറകൊണ്ടു് അധികം വസ്തുക്കളുള്ള ആളുകൾ അവരുടെ വസ്തുക്കൾ വിററു് എസ്റ്റേയിററു് ഡ്യൂട്ടി അടയ്ക്കേണ്ടിവരും. ഇതാണു് ഇംഗ്ലണ്ടിലെ അനുഭവം. ഇങ്ങനെ വസ്തുവിനു് ഒരു പരിധി വയ്ക്കുവാൻ ഇംഗ്ലണ്ടിലെ സോഷ്യലിസ്റ്റുകക്ഷി 1945 മുതൽ ഏഴുകൊല്ലത്തോളം രാജ്യഭരണം നടത്തിയിട്ടും ചിന്തിക്കപോലും ചെയ്തിട്ടില്ല. അതു് ആവശ്യമില്ലെന്നു് അവർക്കു ബോദ്ധ്യമുള്ളതുകൊണ്ടാണു് അവർ അതിനു ശ്രമിക്കാഞ്ഞതു്. നമ്മുടെ നാട്ടിലെ സോഷ്യലിസ്റ്റുകക്ഷിയും ഇംഗ്ലണ്ടിലെ സോഷ്യലിസ്റ്റുകക്ഷിയെപ്പോലെ ഈ ശ്രമം ഇനിയും മുന്നോട്ടുകൊണ്ടുപോകയില്ലെന്നാണു് എന്റെ വിശ്വാസം. അതിനു് അവരോടു ഞാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഈ ചുരുങ്ങിയകാലംകൊണ്ടു ഭാരിച്ച ആദായനികുതിയും കാർഷിക ആദായനികുതിയും കൊടുക്കുവാൻ നിവൃത്തിയില്ലാതെ പലരും വസ്തുക്കൾ വിററുവരികയാണു്. കേരളത്തിലെ ഏററവും വലിയ വസ്തു ഉടമസ്ഥനും ജന്മിയുമായ പാലിയം തറവാട്ടിൽനിന്നും കൊല്ലത്തിൽ ഏഴെട്ടുലക്ഷം ഉറുപ്പിക ആദായനികുതി ഇനങ്ങളിൽ ഗവർമെന്റിലേക്കു് അടയ്ക്കുവാൻ വിഷമമായതുകൊണ്ടു് അടുത്തകാലത്തു കുടുംബഭാഗം നടത്തുകയും 600 തവഴികളായി പിരിയുകയും ചെയ്തിരിക്കുന്നു. ഈ നിയമം ഒന്നും കൂടാതെതന്നെ ഓരോ തവഴിക്കാർ അവരവരുടെ വസ്തുക്കൾ ധാരാളം കുടിയാന്മാർക്കു് തീറുകൊടുക്കുന്നുണ്ടു്. ഈ പരിതഃസ്ഥിതികളിൽ ഇങ്ങനെ ഒരു നിയമം കൊണ്ടുവരേണ്ടതായ ആവശ്യമുണ്ടോ എന്നു ഇപ്പോൾ ഭരിക്കുന്ന പി. എസ്സ്. പി. ആലോചിക്കേണ്ടതാണു്. രാജ്യത്തു സമാധാനവും ഐശ്വര്യവും വർദ്ധിപ്പിക്കുന്നതിനാണു് ഭരണകക്ഷി ഉത്സാഹിക്കേണ്ടതു്. ഈ ബില്ല് നിയമമായാൽ ഇതു രണ്ടും നാട്ടിൽ ഉണ്ടാകുവാൻ പോകുന്നില്ല എന്നാണു് എന്റെ അഭിപ്രായം.

* * *

## പ്രാർത്ഥനയ്ക്കായി അമേരിക്കൻ പ്രസിഡന്റിന്റെ ആഹ്വാനം

സോവിയററധീനങ്ങളായ ചില രാഷ്ട്രങ്ങൾ ഉൾപ്പെടെ 48 രാജ്യങ്ങളുടെ പ്രതിനിധികൾ സന്നിഹിതരായിരുന്ന "ലോകസഭകളുടെ കൗൺസിൽ" സമ്മേളനത്തിൽ അമേരിക്കൻ പ്രസിഡന്റു് ഐസനോവർ പ്രസംഗിക്കുകയായിരുന്നു.

നീതിനിഷ്ഠവും സുസ്ഥിരവുമായ സമാധാനത്തിനായി കോടാനുകോടി ജനങ്ങൾ ആത്മാർത്ഥതയോടും സൽബുദ്ധിയോടും ഏകയദാർഢ്യത്തോടും പ്രാർത്ഥിക്കുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു

"പരമോന്നതങ്ങളായ ആദർശങ്ങളാലും ഉദ്ദേശശുദ്ധിയാലും പ്രേരിതരായ ലോകമാസകലമുള്ള സ്ത്രീപുരുഷന്മാരിൽനിന്നുമുള്ള മഹത്തായ ശക്തി സമാധാനത്തിന്റെ വിജയത്തിനു അത്യന്താപേക്ഷിതമാണു്. ആദ്ധ്യാത്മികനേതാക്കന്മാരാണു ഇതിനുള്ള മാർഗ്ഗം തെളിക്കേണ്ടതു്. എല്ലാ രാജ്യങ്ങളിലുമുള്ള ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാ ജനങ്ങളും സമാധാനത്തിനായി പ്രാർത്ഥിക്കുന്ന വിശ്വാസപ്രതിജ്ഞയിൽ പങ്കുകൊള്ളുവാൻ ആഹ്വാനം ചെയ്യപ്പെടേണ്ടതാകുന്നു."

---

## ജപാപ്പസ്തോലസഖ്യത്തിന്റെ സെപ്റ്റംബർമാസത്തെ പൊതുനിയോഗം

കത്തോലിക്കാപ്രവർത്തനാംഗങ്ങളായ യുവാക്കന്മാർ സംഖ്യയിലും അപ്പസ്തോലികചൈതന്യത്തിലും വളരുന്നതിനു്.

## വേദപ്രചാരനിയോഗം

മിഷൻരംഗങ്ങളിൽ തിരുസഭയുടെ സാമൂഹികസിദ്ധാന്തങ്ങൾ കൂടുതലായി അറിയപ്പെടുന്നതിനും ബഹുമാനിക്കപ്പെടുന്നതിനും.

## അടുത്ത യാഴ്ചയിൽ

സെപ്റ്റംബർ
2 വ്യാ: ഏന്നുപ്പാനോസ്
3 വെ: പീയൂസ്
4 ശ: ലേലിസ്സിലെ കമീലോസ്
5 ഞാ: പന്തക്കുസ്ത 13-ാംഞായർ
6 തി: പത്രോസ് ശ്ലീഹായുടെ തുടൽ
7 ചൊ: കുരിയാക്കോസും ലർഗോസും
8 ബു: കന്യകാമറിയത്തിന്റെ പിറവി

---

## കൃതജ്ഞത

വി. കൊച്ചുത്രേസ്യാപ്പുണ്യവതിയുടെ മദ്ധ്യസ്ഥതയാൽ അസാദ്ധ്യമെന്നു കരുതിയിരുന്ന ദീനം സുഖപ്പെട്ടതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

തൊമ്മൻ ചെറിയാൻ
ഉഴുന്നുകല്ലേൽ, കൂടല്ലൂർ




പന്തക്കു: 13-ാംഞായർ

## നന്ദിപ്രകടനം

സുവിശേഷം—വിശുദ്ധ ലൂക്കാ 17:11—19

"ഒരിക്കൽ അവിടുന്നു ഓർശലത്തേക്കു പോകവെ, ശമരിയായ്ക്കും ഗ്ലീലായ്ക്കും മദ്ധ്യേകൂടി കടന്നുപോയി. അവിടുന്നു ഒരു ഗ്രാമത്തിലേക്കു ചെന്നപ്പോൾ കുഷ്ഠരോഗികളായ പത്തുപേർ അവിടത്തെ പക്കലേക്കുവന്നു ദൂരത്തുനിന്നുകൊണ്ടു്, ഗുരുവായ ഈശോ, ഞങ്ങളോടു കരുണയുണ്ടാകണമേ എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. നിങ്ങൾപോയി നിങ്ങളെത്തന്നെ പുരോഹിതന്മാർക്കു കാണിക്കുവിൻ എന്നരുളിച്ചെയ്തുകൊണ്ടു് അവിടുന്നു അവരെ അഭിമുഖീകരിച്ചു. തദനുസരണം പോകവെ അവർ ശുചീകൃതരായി. എന്നാൽ അവരിൽ ഒരുത്തൻ, താൻ സുഖംപ്രാപിച്ചുവെന്നുകണ്ടു് ഉച്ചസ്വരത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു് തിരിയെച്ചെന്നു ഈശോയുടെ പാദത്തിങ്കൽ സാഷ്ടാംഗംവീണു് നന്ദിപ്രദർശിപ്പിച്ചു. ഇയാൾ ഒരു ശമരായനായിരുന്നു. അപ്പോൾ ഈശോ ചോദിച്ചു: പത്തുപേരും ശുചീകൃതരായില്ലേ? ബാക്കി ഒമ്പതുപേർ എവിടെ? ഈ വിജാതീയനല്ലാതെ മറെറാരുത്തനും ദൈവത്തെ സ്തുതി-



കുഷ്ഠരോഗികൾ ഈശോയെ സമീപിക്കുന്നു.

ക്കുവാൻ തിരിച്ചുവന്നില്ല. അപ്പോൾ അവിടുന്നു അവനോടു്, നീ എഴുന്നേററുപൊയ്ക്കൊൾക, നിന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു എന്നു പറഞ്ഞു."

പിതാവു്:- ഈ സംഭവം എല്ലാവർക്കും മനസ്സിലായോ?

ജോണി:- ഇതൊരു നല്ല കഥയാണു്.

ലൂസി:- അപ്പച്ചാ, ഇതു കഥയാണോ?

ജോണി:- പിന്നെന്താണു്?

പിതാവു്: ജോണീ, ഞാൻ പറഞ്ഞുതരാം. സാധാരണകഥയെന്നു പറഞ്ഞാൽ കെട്ടുകഥ, അതായതു് യഥാർത്ഥത്തിൽ സംഭവിക്കാത്തതും എന്നാൽ സംഭവിക്കാവുന്നതുമായ ഒരു ചരിത്രം എന്നാണു് മനസ്സിലാക്കുന്നതു്. സംഭവം എന്നു പറഞ്ഞാൽ യഥാർത്ഥത്തിൽ നടന്ന ഒരു ചരിത്രം. വേദപുസ്തകത്തിൽ ഈ രണ്ടുതരം വിവരണങ്ങളും കാണാം. അതിൽ വളരെയേറെ ചരിത്രങ്ങൾ യഥാർത്ഥസംഭവങ്ങളാണു്. മററു ചില വിവരണങ്ങളെല്ലാം യഥാർത്ഥത്തിൽ സംഭവിച്ചവയല്ല. ഉദാഹരണമായി ഉപമകൾ ഓരോ തത്വങ്ങൾ വിശദമാക്കുന്നതിനു് ഈശോ ധാരാളം ഉപമകൾ അരുളിച്ചെയ്തിട്ടുണ്ടു്. അവിടുന്നു ഉപമകൾവഴിയായി അവരെ പഠിപ്പിച്ചുവെന്നാണു് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതു്. ഇന്നത്തെ സുവിശേഷവിവരണം ഒരു സംഭവത്തിന്റെ ചരിത്രമാണു്.

മേരി:- ഏതായാലെന്താ, നമുക്കു കാര്യം അറിഞ്ഞാൽ പോരെ?



വഴിമദ്ധ്യേ അവർ സുഖപ്പെട്ടതായി കാണുന്നു.

ലൂസി:- അതുമതിയോ? ഒരു സംഗതി യഥാർത്ഥത്തിൽ നടന്നോ എന്നറിയേണ്ടേ? പോരെങ്കിൽ ഈശോ പ്രവർത്തിച്ചകാര്യങ്ങൾ!

പിതാവു്:- മേരി, നമുക്കു നന്നായി ജീവിക്കുന്നതിനു് ഈശോ പഠിപ്പിച്ച കാര്യങ്ങൾ ഗ്രഹിച്ചാൽമതി. എങ്കിലും സുവിശേഷസംഭവങ്ങളെ അതിന്റെ പൂർണ്ണമായ യാഥാർത്ഥ്യത്തിൽ നമ്മുടെ കഴിവനുസരിച്ചു് നാം പഠിക്കേണ്ടതാവശ്യമാണു്. അതു നമ്മുടെ വിശ്വാസത്തെ കൂടുതൽ ശക്തിപ്പെടുത്തും.

മേരി:- ഇന്നത്തെ സുവിശേഷ



നന്ദിപറയാൻ മടങ്ങിവന്ന ശമറായക്കാരൻ

ചരിത്രം ഒരു സംഭവമാണു്, അല്ലേ അപ്പച്ചാ?

പിതാവു്:- അതെ, അതു ഈശോ ചെയ്ത ഒരു അത്ഭുതസംഭവമാണു്. അതേപ്പററി മേരിക്കെന്തു തോന്നുന്നു. എന്തു പാഠമാണു് അതിൽനിന്നു പഠിക്കേണ്ടതു്?

മേരി:- ഈശോ അവരെ പത്തുപേരെയും സുഖപ്പെടുത്തി. ഒമ്പതുപേരും നന്ദികാണിക്കാതെ കടന്നുകളഞ്ഞതു വലിയ കഷ്ടമായിപ്പോയി. ഈശോ അവരെ സുഖപ്പെടുത്തിയിട്ടു് നന്ദിയില്ലാതെ പോയതുകൊണ്ടു് അവർക്കു വീണ്ടും ആ രോഗം വരുമോ അപ്പച്ചാ?


പിതാവു്:- ഈശോ അങ്ങനെ ചെയ്യുകയില്ല. നന്ദികാണിച്ച ആളിൽ അവിടുന്നു പ്രസാദിച്ചു. വളരെ അനുഗ്രഹങ്ങൾ അയാൾ പ്രാപിച്ചിരിക്കും. മററുള്ളവരോടു് അവിടുന്നൊരിക്കലും പ്രതികാരം ചെയ്യുകയില്ല. അവർക്കു കിട്ടാവുന്ന വളരെ അനുഗ്രഹങ്ങൾ അവർ ആ നന്ദികേടുമൂലം നഷ്ടപ്പെടുത്തുന്നു. അതാണു് സംഭവിക്കുക. ഇതുതന്നെയാണു് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നതു്. ദൈവം നമുക്കു എത്രയെത്ര നന്മകൾ തരുന്നു! അവയ്ക്കെല്ലാം നാം ദൈവത്തോടു് നന്ദിയുള്ളവരായിരുന്നാൽ അവിടുന്നു കൂടുതൽ കൂടുതൽ അനുഗ്രഹങ്ങൾ തന്നുകൊണ്ടിരിക്കുന്നതിനു നാം നമ്മെത്തന്നെ യോഗ്യരാക്കുന്നു. ഇതാണു് നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൽ സദാ സംഭവിച്ചുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് എപ്പോഴും നിങ്ങൾ ദൈവത്തോടു് നന്ദിപറയുന്നതിനു് ഓർമ്മിക്കണം. നമ്മുടെ ദൈവപ്രമാണങ്ങൾക്കനുസരിച്ച ജീവിതം തന്നെയാണു് അവിടുത്തോടു നന്ദികാണിക്കുന്നതിനുള്ള ഒന്നാമത്തെ മാർഗ്ഗം. ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതു ദൈവത്തിനിഷ്ടമാകുമോ ഇല്ലയോ എന്നു നിങ്ങൾ ഓർമ്മിക്കണം. ദൈവത്തിനിഷ്ടമില്ലാത്തതാണെങ്കിൽ അതുപേക്ഷിക്കണം.

ജോണി:- അതെങ്ങിനെയാ അപ്പച്ചാ? ചേച്ചി, ഈ മേരിച്ചേച്ചി എന്നോടു വെറുതെ വഴക്കുകൂടും. അപ്പോൾ ഞാൻ ചേച്ചിയോടും വഴക്കുകൂടും. അതു ഈശോയ്ക്കിഷ്ടമുള്ളതല്ല. എങ്കിലും ഞാനെന്തുചെയ്യും?

ലൂസി: ജോണീ, അതു കഴിഞ്ഞയാഴ്ച വേദോപദേശക്ലാസിൽ സിസ്റ്റർ പറഞ്ഞുതന്നില്ലേ? നമുക്കിഷ്ടമില്ലാതെ ആരെങ്കിലും എന്തെങ്കിലും ചെയ്താൽ നാം ക്ഷമിക്കണമെന്നു്. അതു് ഈശോയ്ക്കു വലിയ ഇഷ്ടമാണെന്നു്.

ജോണി:- അതു ഞാൻ കേട്ടു. എന്നാൽ അവൾക്കങ്ങിനെ ചെയ്യാതിരിക്കാൻ പാടില്ലേ?

പിതാവു്:- ജോണീ, നമുക്കു ജീവിതത്തിൽ പലപല അനിഷ്ടസംഭവങ്ങളുണ്ടാകും. അതു ലോകസഹജമാണു്. അതു ആരിൽനിന്നു വരുന്നുവെന്നു നോക്കിട്ടാവശ്യമില്ല. ആ അവസരത്തെ ഉപയോഗിച്ചു് നാം ദൈവത്തോടുള്ള നമ്മുടെ നന്ദിയെ കാണിക്കണം. അങ്ങനെ ഇഷ്ടക്കേടുകളെ സഹിച്ചും നല്ല പ്രവൃത്തികൾ ചെയ്തും നാം നന്ദിയുള്ളവരായി ജീവിക്കണം. അതിലെല്ലാം ദൈവം നമ്മെ സഹായിക്കുകയും അനുഗ്രഹിക്കുകയുംചെയ്യും.



"കർത്താവു എനിക്കു ചെയ്ത ഉപകാരങ്ങൾക്കു ഞാനെന്തു പ്രതിനന്ദി പ്രദർശിപ്പിക്കണം"
B.

# മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമഹേതുകത്തിരുനാൾ

എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റിൻ തിരുമനസ്സിലെ നാമകാരണനായ വിശുദ്ധ ആഗ്ഗസ്സീനോസിൻെറ തിരുനാൾ മഹാമഹം ആഗസ്റ്റ് 28-ാംതീയതി സാഘോഷം കൊണ്ടാടപ്പെട്ടു. തലേദിവസം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രത്യേകകപ്പേളയിൽ സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ആഘോഷമായ ലദീഞ്ഞും പരിശുദ്ധ കുർബാനയുടെ വാഴ്വും നടന്നു. തിരുനാൾസൂപസ്സുകുർബാന റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ അരമനക്കപ്പേളയിൽ നടത്തപ്പെട്ടു. തുടന്നു് മെത്രാപ്പോലീത്താ തിരുമേനി മോൺ. പോത്തനാമുഴി അവർകൾക്കു തിരുസിംഹാസനത്തിൽനിന്നും കല്പിച്ചുനൽകിയിരിക്കുന്ന"ഡൊമസ്റ്റിക്ക് പ്രിലേററ്" എന്ന ഉന്നതബഹുമതിയുടെ അധികാരപത്രം പരസ്യപ്പെടുത്തുകയും സ്ഥാനവസ്ത്രങ്ങൾ ആശീർവ്വദിച്ചു് അദ്ദേഹത്തെ ധരിപ്പിക്കുകയുംചെയ്തു. സഹായമെത്രാൻ റൈററ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെപ്രധാനകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയുടെ വാഴ്വും"ലാക് അലഹോ" എന്ന സ്തോത്രഗീതവും നടന്നു. 11 മണിക്കു അരമന ഹാളിൽ അതിവന്ദ്യ സഹായമെത്രാൻെറയും, മോൺസിഞ്ഞോർമാരുടേയും വൈദികരുടേയും കന്യാസ്ത്രീകളുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുൾപ്പെട്ട ഒരു വമ്പിച്ച ജനക്കൂട്ടത്തിൻെറയും സാന്നിദ്ധ്യത്തിൽ അനുമോദനയോഗം ചേന്നു. മംഗളപത്രം ജ്ഞാനപൂക്കെട്ടുകൾ മുതലായവ മഹാവന്ദ്യ തിരുമേനിക്കു അപ്പിക്കപ്പെട്ടു. വയോവൃദ്ധനായ വന്ദ്യ തിരുമേനി ഹൃദയസ്പൃക്കും ഉത്തേജകവുമായ മറുപടിപ്രസംഗം ചെയ്തു. "പാവങ്ങളുടെ കാര്യം ദൈവത്തിൻെറതന്നെ കാര്യമാണു്. സാധുജനോദ്ധാരണാത്ഥം ചെയ്യുന്ന ഏതൊരു സഹായവും ഒരിക്കലും വ്യത്ഥയാവുകയില്ല. ഇഹത്തിലും പരത്തിലും പതിരട്ടിഫലം തന്നുലം ലഭിക്കുന്നതാണു്. എല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെന്നവണ്ണം സ്നേഹത്തിലും പരസ്പരബഹുമാനത്തോടും ജീവിക്കണം. അതിനെതിരായി ലോകവും പിശാചും കൊണ്ടുവരുന്ന തന്ത്രങ്ങളെ എതിക്കുകയും നമ്മുടെ ശാരീരികകഴിവുകളെ ദൈവശുശ്രൂഷയിൽ ഏപ്പെടുത്തുകയും ചെയ്യണം" എന്നിപ്രകാരം പിതൃസഹജമായ ഉപദേശം അതിൽ ഉള്ളടക്കിയിരുന്നു. ഈ അവസരത്തിൽ സഹായമെത്രാൻ തിരുമേനിക്കു അവിടുത്തെ മെത്രാഭിഷേകസ്മാരകമായി 5000 ക. യുടെ ഒരു പണക്കിഴി അതിരൂപതയിലെ ബവൈദികരുടെ വകയായി സമർപ്പിച്ചിരുന്നു തിരുമേനിയുടെ അഭിലഷമനുസരിച്ചു് സത്യദീപത്തിൻെറ സൗജന്യവിതരണഫണ്ടിലേക്കു തിരുമേനി ഏല്പിച്ചതായി പ്രഖ്യാപിക്കപ്പെടുകയും സത്യദീപത്തിൻെറ ജനയിതാവും സംരക്ഷകനുമായ മെത്രാപ്പോലീത്താ തിരുമേനി ഈ സംഭാവനയെ കൃതജ്ഞതാപൂവ്വം അംഗീകരിക്കുകയും എല്ലാവരും സത്യദീപത്തിൻെറ പ്രചരണത്തിലും അതിൻെറ അഭിവൃദ്ധിയിലും ശ്രദ്ധിക്കണമെന്നനുസ്മരിപ്പിക്കുകയും ഉണ്ടായി. തിരുഹൃദയപൊറിസെമ്മിനാരി വിദ്യാത്ഥികൾ "ഭിക്ഷു" എന്ന പ്രഹസനം തന്മയത്വത്തോടുകൂടി അഭിനയിച്ചു.

## വിനോദവീഥി



അയ്യയ്യോ ഒന്നെഴുന്നേൽക്കണേ—ഇനി പെൺസീററിൽ ഞാനൊരിക്കലും ഇരിക്കില്ല! ഹാവൂ!! ഒന്നു വേഗം—

* * *

ഒരു യാത്രക്കാരൻ മുടിവെട്ടിക്കുന്നതിനായി ഒരു ബാർബർ ഷാപ്പിൽ കയറി. അയാളെ കസാരയിൽ ഇരുത്തി ആദ്യപരിപാടികളെല്ലാം കഴിച്ചു സംസാരപ്രിയനായ ബാർബർ നൂറുകൂട്ടം കാര്യങ്ങളെപ്പററി സംസാരിച്ചുതുടങ്ങി.

ബാർബർ—നിങ്ങൾക്കു ഷേവെടുക്കണമോ?

യാത്രക്കാരൻ—വേണ്ട, മുടി വെട്ടിത്തന്നാൽ മതി. പോകാൻ ധൃതിയുണ്ടു്.

ബാർബർ—നല്ല ഫാഷൻ മസ്സാഷ്വെച്ചു ചെയ്യാം; ക്ലീൻ ഷേവുചെയ്യാം; ഏതു ഫാഷനും എനിക്കു വശമാണു്.

യാത്രക്കാരൻ—ഒന്നു വേഗം വേണം. എനിക്കു വണ്ടി തെററും.

ബാർബർ—ആ വണ്ടിയുടെ കാര്യം. ഏതു വണ്ടിക്കാ യാത്ര? ട്രെയിനോ? അതോ ബസ്സിനോ?

യാത്രക്കാരൻ—അയ്യോ നിങ്ങളെന്നെ ചതിക്കല്ലേ.

ബാർബർ—അല്ലാ നിങ്ങളുടെ മുടി നരച്ചുതുടങ്ങിയല്ലോ!

യാത്രക്കാരൻ— (അക്ഷമനായി) നിങ്ങളുടെ ഷാപ്പിൽ കയറിയാൽ മുടി നരയ്ക്കുകയല്ല, വെട്ടു കഴിയുമ്പോഴേക്കും മുടി കൊഴിഞ്ഞുതുടങ്ങുമെന്നാ തോന്നുന്നതു്.

## ഇടവകവാർത്തകൾ

**ചെമ്മലമററം:** സ്ഥലത്തെ സെൻറ് വിൻസെൻറ് ഡി പോൾ സംഘം സമാരംഭിച്ച മിച്ചനിക്ഷേപഫണ്ടു് രണ്ടുമാസംകൊണ്ടു് സാധുക്കളായ 100-ൽപരം പേർ അംഗങ്ങളും, 1000ക. യോളം നീക്കിയിരുപ്പും ഉള്ള ഒരു സ്ഥാപനമായി വളന്നിരിക്കുകയാണു്. 5 ശതമാനം പലിശ കൊടുക്കുവാൻ കഴിയുമെന്നു പ്രവത്തകർ കരുതുന്നു. സാധുജനസേവനാത്മകമായ ഈ പദ്ധതി തികച്ചും പ്രശംസാർഹംതന്നെ.


**വടക്കൻ പറവൂർ:** പറവൂർ കോട്ടയ്ക്കാവു് ഇടവകയിലെ മരിയസഖ്യം, അൾത്താരബാലസംഘം, സൺഡേ സ്കൂൾസ് എന്നിവയുടെ വാർഷികദിനം ആഗസ്റ്റ് 22-ാംതീയതി ആഘോഷിക്കപ്പെട്ടു. വെരി റവ. ഫാദർ ഡൊമിനിക്കു് കോയിക്കര പൊതുയോഗത്തിൽ ആദ്ധ്യക്ഷംവഹിച്ചു. ശ്രീ പി. ജെ. തോമസ് ബി. എ ബി. എൽ; ശ്രീ എൻ. ജെ. ജോസഫ് ബി. എ. ബി. ടി. എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം മരിയസഖ്യാംഗങ്ങൾ "രക്തസാക്ഷിണി" അഭിനയിച്ചു.

**എൽത്തുരുത്തു്:** ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 9-ാംനു- വൈകുന്നേരം ആരംഭിച്ചു 13-ാംനു- കാലത്തുഅവസാനിക്കത്തക്കവണ്ണം എൽത്തുരുത്തു ആശ്രമത്തിൽ ഒരു ഏകാന്തധ്യാനം നടത്തുന്നതാണു്. ബോർഡിങ്ങ് ഫീസ് 6ക. മാത്രം. ശയ്യോപകരണങ്ങൾ കൊണ്ടുവരണം. ധ്യാനത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 6-ാംനു-ക്കു മുമ്പു് "സെക്രട്ടറി, ഫ്രാൻസിസ്കൻ മൂന്നാംസഭ, എൽത്തുരുത്തു്," എന്ന വിലാസത്തിൽ വിവരം അറിയിക്കണം.

**ഞാറയ്ക്കൽ:** സ്ഥലം ലേഡീസ് ക്ലബ്ബിൻെറ ധനശേഖരത്തിനായി ശ്രീ ജോസഫ് കൈമാപറമ്പൻ മഗ്ദലനമറിയം ഖണ്ഡകാവ്യത്തെ അധികരിച്ചു് ഹൃദ്യമായ ഒരു കഥാപ്രസംഗം സെൻറ് മേരീസ് സ്കൂൾഹാളിൽവച്ചു നടത്തിയിരിക്കുന്നു. ക്ലബ് പ്രസിഡൻറ് മിസ് എം. എ. മേരി ബി. എ. ബി. ററി. യുടെ കൃതജ്ഞതയോടെ പരിപാടി ഭംഗിയായി പര്യവസാനിച്ചു.

**അമയന്നൂർ:** അമയന്നൂർ സെൻറ് മേരീസ് പള്ളിയിൽവച്ചു് ആഗസ്റ്റ് 22-ാംനു- ഞായറാഴ്ച തെക്കേക്കര കുടുംബാംഗമായ ശ്രീ മാത്തു (കുഞ്ഞുകൊച്ചു്) കുടുംബസമേതം കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ടിരിക്കുന്നു.


**Thanksgiving**








For favours received

Mrs. P. J. Joseph, Kothamangalam




പരേതയായ

ശ്രീമതി മറിയക്കുട്ടി കൊച്ചുവക്കിതച്ചിൽ

(ചരമവാത്ത കഴിഞ്ഞ ലക്കം സത്യദീപത്തിൽ)

R. I. P.

**നെയ്യശ്ശേരി:** ഇവിടെസ്ഥാപിതമായിരിക്കുന്ന കാത്തലിക്കു് സോഷ്യൽ ലീഗിൻെറ ആഭിമുഖ്യത്തിൽ ഒരു വായനശാലയുടെ ഉദ്ഘാടനവും സ്വാതന്ത്ര്യദിനാഘോഷവും സംബന്ധിച്ചു് ഉച്ചയ്ക്കുശേഷം മിഡിൽസ്കൂൾ മൈതാനത്തു് പതാകഉയത്തുകയും ഒരു ഘോഷയാത്ര നടത്തുകയും ചെയ്തു. തുടന്നു് 3 മണിക്കു് സ്കൂൾ ഹാളിൽവച്ചു് വികാരി റവ. ഫാദർ ജോസഫ് മണവാളൻ ബി. എ. ബി. ടി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ പൊതുയോഗം ആരംഭിച്ചു. ശ്രീ സി. ദേവസ്യാ ബി. എ. ബി. എൽ., ശ്രീ ദേവസ്യാ അഞ്ചാറിമംഗലം എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ അഭിനയം, ഡാൻസ്, സംഗീതം, പ്രഭാഷണം ഇവയും ഉണ്ടായിരുന്നു.

### ചരമം

**ചേപ്പുംപാറ:** പാലായിൽ പൊരുന്നോലിൽ കുടുംബാംഗമായ മററക്കര മണിയൻചിറ ശ്രീമാൻ സ്കറിയ ഔസേപ്പു് (പാലാക്കാരൻ ഔസേപ്പച്ചൻ) ആഗസ്റ്റ്മാസം 14-ാംതീയതി കത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം ചേപ്പുംപാറപള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ, സ്വസഹോദരീപുത്രൻ ബ. ദൊനീസിയോസ് അച്ചൻെറ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരം നടത്തപ്പെട്ടു.

R. I. P.


## പരി. ആരോഗ്യ (വേളാങ്കണ്ണി) മാതാവിൻെറ തിരുനാൾ


അങ്കമാലി വേളാങ്കണ്ണിമാതാവിൻെറ കപ്പേളയിൽ


1954 സെപ്റ്റംബർ 12-ാംതീയതി ഞായർ

നൊവേന 3-ാംതീയതി വെള്ളി മുതൽ.

അനുഗ്രഹങ്ങൾ അർത്ഥിച്ചുകൊണ്ടുള്ള കത്തുകൾ "ആരോഗ്യമാതാവിൻെറ ബലിപീഠം, അങ്കമാലി" എന്ന വിലാസത്തിൽ അയക്കുക. ബലിപീഠത്തിനരികിലെ പെട്ടിയിൽ നിക്ഷേപിച്ചു്, ടി നിയോഗങ്ങൾക്കായി നൊവേന നടത്തുന്നതും അനന്തരം ടി കത്തുകൾ നശിപ്പിക്കുന്നതുമാണു്.








For Favours Received

Excuse for delay

A. T. Mathew, Azhakath,

Tankanika, E. Africa.

# ആസാധുമിഷനറി

## II

## ഭാരതത്തിൽ ഇന്നത്തെ സംഭവവികാസങ്ങൾ

(വി. സി. ജോർജ്ജ്)

മുഗൾസാമ്രാജ്യത്തിലും മുഗൾ ചക്രവർത്തിമാരിൽനിന്നും മിഷനറിമാർക്കുണ്ടായിക്കൊണ്ടിരുന്ന അനുഭവങ്ങളെ മുൻകാലത്തു ഭാരതത്തിന്റെ വിഭിന്നഭാഗങ്ങളിലുണ്ടായിരുന്ന അനുഭവങ്ങൾക്കു ഒരു ദൃഷ്ടാന്തമോ സൂചികയോ ആയി പരിഗണിക്കാം. മിഷനറിമാർ പരിത്യാജ്യന്മാരായി ഒരിടത്തും പരിണമിച്ചില്ല. അവരുടെ സേവനം പ്രാർത്ഥിതമായിരുന്നു. അവർ ആരാധ്യരുമായിരുന്നു. അവരുടെനേരെ മർദ്ദനായുധം ഉപയോഗിച്ച അവസരങ്ങൾ ഉണ്ടായി, ശരിതന്നെ. പക്ഷെ അവ താരതമ്യേന വളരെ കുറവായിരുന്നു. ഈ പശ്ചാത്തലംവെച്ചു വീക്ഷിക്കുമ്പോൾ സ്വതന്ത്രഭാരതത്തിൽ, ജാതിമതവർഗ്ഗവർണ്ണവ്യത്യാസമില്ലാതെ സകല പൗരജനങ്ങൾക്കും ശാന്തിയും, സമാധാനവും, സൗഭാഗ്യവും, സംതൃപ്തിയും വാഗ്ദാനം ചെയ്തുകൊണ്ടുദയംചെയ്ത ഈ ജനകീയമഹാരാജ്യത്തിൽ 1953 ഏപ്രിലിൽ ആരംഭിച്ചു വർദ്ധമാനമായി കഴിയുന്ന മിഷനറിവിരുദ്ധസംരംഭങ്ങൾ എത്രയോ വിലപനീയവും അപലപനീയവുമായിരിക്കുന്നു! സ്വതന്ത്രഭാരതത്തിന്റെ ആദിമവിധാതാക്കൾ ഈ അവസ്ഥ അഭിലഷിച്ചുകാണുകയില്ല. അവരുടെ ഗണത്തിൽ വിദേശമിഷനറിമാരും ഭാരതീയേതരരും ഉണ്ടായിരുന്നു. ഹ്യൂം, വെഡർബേൺ തുടങ്ങി സി. എഫ്. ആൻഡ്രൂസ്, ആനിബെസന്റ് ഇങ്ങനെ പല പ്രശസ്തനാമങ്ങൾ സ്മൃതിപഥത്തിൽ തള്ളിക്കയറുന്നു. ജോസഫ് ബപ്റ്റിസ്റ്റാ, ജോർജ് ജോസഫ് ഇത്യാദി ഏതദ്ദേശീയ ക്രിസ്ത്യൻ നേതാക്കന്മാരിൽ പലരും ദേശീയപ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ 'കോൺഗ്രസ്സ്' ശബ്ദം, അമേരിക്കയിലെ സ്വാതന്ത്ര്യസമരം അനുസ്മരിപ്പിക്കുന്നതാണ്. ഭാരതത്തിന്റെ ഭരണഘടനതന്നെ അമേരിക്കൻ മാഡലിൽ കരുപ്പിടിപ്പിച്ചതാണ്. ആകയാൽ വിദേശമിഷനറിവിരുദ്ധപ്രസ്ഥാനമോ ക്രിസ്തുമതവിദ്വേഷമോ സ്വതന്ത്രഭാരതത്തിന്റെ പാരമ്പര്യത്തിനു യോജിച്ചതല്ലെന്നു ഈ സ്വാതന്ത്ര്യദിനാഘോഷാവസരത്തിലെങ്കിലും വിസ്മരിച്ചുകൂടാത്തതാണ്.

റഷ്യയിൽനിന്നും ചൈനായിൽനിന്നും മററു ചില വിദേശങ്ങളിൽനിന്നും കമ്മ്യൂണിസ്റ്റുമിഷനറിമാർ ആയിരക്കണക്കിനു ഇന്ത്യയിൽ പ്രവേശിച്ചു അവരുടെ നശീകരണതത്വങ്ങൾ ആർഷഭാരതത്തിൽ പ്രചരിപ്പിക്കുന്നുണ്ട്. ഭാരതീയർ ആ രാജ്യങ്ങളിൽപോയി ആ തത്വങ്ങൾ ദത്തെടുത്തു ഇവിടെ കൊണ്ടുവന്നു വിളമ്പിവരുന്നുമുണ്ട്. ഇവരുടെ സംഖ്യ ആരു ചോദിക്കുന്നു, ഇവരുടെ പ്രവർത്തനത്തെ ആരു വിമർശിക്കുന്നു, ഇവർക്കു പാസ്പോർട്ടോ വിസായോ നിഷേധിക്കുവാൻ ആരു ധൈര്യമവലംബിക്കുന്നു! എങ്കിലും ഫോർട്ടുകൊച്ചിയിലെ ആ ഇററാലിയൻ പാതിരിമാരെവിടെ? ഇവരോടൊപ്പം എത്രയെത്ര ക്രൈസ്തവമിഷനറിമാരാണ് ഭാരതത്തിൽ അധിവാസസ്വാതന്ത്ര്യം ലഭിക്കാതെ നിഷ്കാസിതരായിത്തീർന്നിട്ടുള്ളതു്! ഈ ആഗസ്റ്റുമാസം അവസാനിക്കുന്നതിനുമുമ്പു് ഇന്ത്യ വിട്ടുപൊയ്ക്കൊള്ളണമെന്നു ആജ്ഞ ലഭിച്ചിട്ടു് ഊർദ്ധ്വംവലിച്ചുകഴിയുന്ന മിഷനറിമാരുമുണ്ട്. കട്ജു, ദത്താർ, നിയോഗി, ചാററർജി, ഖരെ എന്നിങ്ങനെ നീണ്ട പട്ടികയാണ് മിഷനറിക്കൊല്ലികളുടേതു്. ചെറുമുട്ടകൾ നമ്മുടെ സംസ്ഥാനത്തും കൂടി തുടങ്ങിയിരിക്കുന്നു. ചൈനയിൽ വിദേശമിഷനറിമാരിൽ ആരോപിച്ച ചാരവൃത്തിയാണ് തിരുവിതാംകൂർ കൊച്ചിയിലെ പാതിരിമാർക്കും കന്യാസ്ത്രീകൾക്കും ചില വിശാലവീക്ഷണക്കാർ ആരോപിക്കുന്നതു്. ലീജിയൻ ഓഫ് മേരി എന്നറിയപ്പെടുന്ന കത്തോലിക്കരുടെ സംഘടന വേമ്പനാട്ടുകായലിലെ വെള്ളം കുടിച്ചുവററിക്കാൻ ശപഥംചെയ്തുകൊണ്ടു് പുറപ്പെട്ടിരിക്കുകയാണെന്നും അവരുടെ ഉദ്ദേശ്യം മൊറോക്കൊ സുൽത്താനെ ആ വഴിക്കു് കയററി ഇവിടെ ഭരണാധികാരിയായി അവരോധിക്കുവാനാണെന്നും നമ്മുടെ മതവൈരികൾ പറകൊട്ടി വിളംബരം ചെയ്യാത്തതു് മഹാഭാഗ്യം തന്നെ.

"എന്റെ പ്രീതി വർഗ്ഗീകരിച്ചുള്ളതല്ല. ഇസ്ലാമിലും ക്രിസ്തുമതത്തിലും, യഹൂദധർമ്മത്തിലും, സൊരാസ്ട്രിയൻ തത്വങ്ങളിലും ഉത്തമമാണെന്നു് ഞാനറിയുന്ന സകലതിനേയും അതുൾക്കൊള്ളുന്നു" എന്നു മഹാത്മജി പറഞ്ഞ ഗാന്ധിയൻ ആദർശത്തെ മുറുകിപ്പിടിക്കുന്നു എന്നഭിമാനിക്കുന്ന ഇന്നത്തെ മന്ത്രിമാരും നിയമസഭാംഗങ്ങളും രാഷ്ട്രപിതാവിന്റെ പ്രസ്തുത ആശയം കാലോചിതമല്ലെന്നായിരിക്കാം കല്പിക്കുന്നതു്, ജല്പിക്കുന്നതെന്നു പറയുന്നില്ല. ഒരർദ്ധവർഷത്തിൽ സ്വതന്ത്ര ഇന്ത്യയിൽ പ്രവേശിക്കുവാൻ അനുവാദം അപേക്ഷിച്ച 138 മിഷനറിമാരിൽ 54 പേർക്കുമാത്രം അനുവാദം ലഭിക്കുകയുണ്ടായി എന്ന അവസ്ഥ മറെറന്തിനെയാണു് സൂചിപ്പിക്കുന്നതു്? മിഷനറിമാർ ആശുപത്രികൾ സ്ഥാപിക്കട്ടെ, അനാഥശാലകൾ നടത്തട്ടെ, പള്ളിക്കൂടങ്ങൾ പണിയട്ടെ, സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊള്ളട്ടെ, മതപ്രചരണം നടത്താതിരുന്നാൽ മതിയെന്നു പറയുന്ന അജ്ഞന്മാർ ഒന്നു ചിന്തിക്കട്ടെ, മിഷനറി ഈ രാജ്യത്തിൽ പ്രവേശിക്കാതെ വിദ്യാഭ്യാസസാമൂഹ്യരംഗങ്ങളിൽ എങ്ങനെ മിഷനറിപ്രവർത്തനം സാദ്ധ്യമാകുമെന്നു്. ഭരണഘടനയിൽ "പൊതുസമാധാനം, സദാചാരം, ആരോഗ്യം ഇവയ്ക്കും ഈ വിഭാഗത്തിലുള്ള മററു വ്യവസ്ഥകൾക്കും വിധേയമായി മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും മതവിശ്വാസം പരിപൂർണ്ണമായി സ്വീകരിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും എല്ലാവർക്കും സമമായ അധികാരമുണ്ടു്" എന്നു സുനിശ്ചിതമായി പ്രസ്താവിക്കുമ്പോഴാണു്, "എല്ലാവരും" എന്ന പദം "എല്ലാവരേ"യും നിർദ്ദേശിക്കുന്നില്ല. ചിലരെ, അതായതു് "പൗരന്മാരെ" മാത്രമേ സൂചിപ്പിക്കുന്നുള്ളു എന്ന വ്യാഖ്യാനം പൊന്തിവരുന്നതു്. റഷ്യ മുതലായ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽനിന്നു് ഈ അടുത്തകാലത്തു് പ്രാണരക്ഷാർത്ഥം ഓടിപ്പോന്ന റഷ്യാക്കാരാദിയായവർ ഇന്നു ആയിരക്കണക്കിനു് അമേരിക്കാ മുതലായ രാജ്യങ്ങളിൽ പൗരന്മാരായി കഴിയുന്ന വസ്തുത പ്രസ്തുത വ്യാഖ്യാതാക്കൾ വിസ്മരിക്കുന്നതു് അത്ഭുതം തന്നെ. ഇന്ത്യയിൽ ജനിച്ചുവളർന്നവർ ലക്ഷക്കണക്കിനു പാക്കിസ്ഥാനിൽ "പൗരന്മാ"രായി കഴിയുന്ന അവസ്ഥയും ചിന്തനീയമാണു്.

"I pay a tribute to the self-lessness and detachment of the Christian missionary, of the Catholic missionaries in particular who appear not to have been appendage of the Ruling Power with anything like vested interests in their survival" എന്നു് ഇൻഡ്യൻ പ്രധാനമന്ത്രി ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ക്രൈസ്തവമിഷനറിമാരുടെ നിസ്സ്വാർത്ഥതയും നിസ്സംഗതയും പണ്ഡിററു് നെഹ്റു പ്രശംസിക്കുമ്പോൾ, അവർക്കു് ഉപഹാരംതന്നെ സമർപ്പിക്കുമ്പോൾ, അവർ വിദേശിഭരണകർത്താക്കളുടെ ഇവിടെയുള്ള നിലനില്പിനെ അഭിലഷിക്കുന്നില്ലെന്നു പ്രസ്താവിക്കുമ്പോൾ, അവർ ദേശീയതത്വത്തിനു് വിരോധികളാണെന്നു ദുഷ്പ്രവാദം പരത്തി ക്രൈസ്തവസ്ഥാപനങ്ങളുടെ പടിക്കൽ "ക്വിററു് ഇൻഡ്യാ" ധ്വനിപ്പിക്കുന്നവരുടെ ചേതോവികാരങ്ങളെപ്പററി എന്താണു് പറയേണ്ടതു്. വിദേശമിഷനറിമാർ തങ്ങളുടെ മാതൃഭൂമിയെയും ഇഷ്ടജനങ്ങളെയും വിട്ടുപേക്ഷിച്ചു് അപരിചിതങ്ങളും അസുഖകരങ്ങളുമായ സാഹചര്യങ്ങളിൽ തങ്ങളുടെയും അന്യന്മാരുടെയും ആത്മരക്ഷ ദീക്ഷിച്ചു്, ആജീവനാന്തം ഭാരതത്തിൽ സേവനം ചെയ്യുവാൻ വന്നവരാണു്. അവരിൽ ഒരു ന്യൂനപക്ഷം ജന്മഭൂമി വീണ്ടും സന്ദർശിച്ചുവെന്നുവരാം. എല്ലാവരുടേയും തന്നെ അസ്ഥിപഞ്ജരങ്ങൾ ഇൻഡ്യയിൽ അന്തിമവിശ്രമം അടയേണ്ടതാണു്. ഈ ത്യാഗസമ്പന്നരെയാണു് രാജ്യദ്രോഹികളും ദേശീയതാദ്വേഷികളും വിദേശശക്തിദൂതന്മാരുമായി താറടിക്കുവാൻ ചിലർ മുതിരുന്നതു്. ഇക്കൂട്ടരുടെ ദുരുദ്ദേശ്യം കണ്ടാൽ അവർ ദിവാസ്വപ്നത്തിൽ വർത്തിച്ചുകൊണ്ടു് മററുള്ളവരെ മൂഢസ്വർഗ്ഗത്തിൽ കയററുവാൻ ശ്രമിക്കുകയാണെന്നേ സ്നേഹപൂർവ്വം ചിന്തിക്കുവാൻ സാധിക്കുകയുള്ളു. ഭാരതമാതാവിന്റെ യശശ്ശരീരത്തിൽ കളങ്കം പൂശുന്നതിൽ ദത്തശ്രദ്ധരായിരിക്കുന്ന ഈ കൂട്ടരുടെ

വി. യൗസേപ്പുപിതാവിന്റെ അനുഗ്രഹത്താലും റവ. അൽഫോൻസായുടെ മാദ്ധ്യസ്ഥത്താലും ഉദ്ദേശകാര്യം നടന്നതിനു് കൃതജ്ഞത.

ഏ. വി. ഏ., ബോംബെ

മാനസാന്തരത്തിനായി ഈയവസരത്തിൽ നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണു്.

വിഭാഗീകചിന്ത ഇൻഡ്യക്കെന്നുമാത്രം ആപത്തുവരുത്തിയിട്ടുണ്ടെന്നു കണക്കില്ല. ജാതി, മതം, വർഗ്ഗം, നിറം, ഇവയടിസ്ഥാനമാക്കിയിട്ടുള്ള ആനുകൂല്യപ്രാതികൂല്യചിന്തകൾ ഒരു രാഷ്ട്രത്തിലും പ്രജാസഞ്ചയത്തിന്റെ ഭൂരിസൗഖ്യത്തിനു് പ്രേരകമായിരിക്കുകയില്ല. താദൃശചിന്തകൾ രാഷ്ട്രീയഭദ്രതയുടെയും ഐശ്വര്യത്തിന്റെയും അടിത്തറ മാന്തുകമാത്രമാണു് ചെയ്യുന്നതു്. ആഭിജാത്യം, സമ്പൽസമൃദ്ധി, തൊഴിൽ വ്യത്യാസം, നിറഭേദം, മതവ്യത്യാസം, കുലഹീനത്വം, ദരിദ്രാവസ്ഥ ഇവയെല്ലാം അതിലംഘിക്കുന്ന, അഥവാ ഇവയാൽ സ്പർശയോഗ്യമല്ലാത്ത മൂല്യങ്ങൾ ഓരോ വ്യക്തിക്കും ഉണ്ടു്. ഈ മൂല്യങ്ങൾ മുൻനിർത്തിവേണം വ്യക്തികൾ തമ്മിലും സമുദായങ്ങൾ തമ്മിലുമുള്ള വർത്തനം നിയന്ത്രിക്കുവാൻ. "Religion is essentially an individual matter which each one has to decide for himself" എന്നു മഹാത്മഗാന്ധി (Harijan 19-9-1933) പ്രഖ്യാപിച്ചു. ഏതെങ്കിലും മതം സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ

നിത്യമായ സന്തോഷത്തിനു്

പണമാണു് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണു്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്കു് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്കു്.


ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്ട്
ചങ്ങനാശ്ശേരി — എടത്വാ - കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

"രണ്ടു ലക്ഷം ഗർഭിണികൾ അകാലമരണമടയുന്നു"

ഇൻഡ്യയിൽ പ്രതിവർഷം ശരാശരി രണ്ടുലക്ഷം മാതാക്കൾ ഗർഭധാരണംമൂലം അകാലമരണമടയുന്നു എന്നു കണക്കുകൾകൊണ്ടു കാണുന്നു. "പ്രഗ്നോൾ" ഗർഭോല്പാദനകാലം മുതൽ പ്രസവംവരെ ഉപയോഗിച്ചാൽ ഗർഭസന്ധിയിൽ സ്ത്രീകൾക്കു് ഉണ്ടാകാവുന്ന വിവിധങ്ങളായ അനേകം രോഗങ്ങളെ പരിഹരിച്ചു് ഗർഭം അലസിപ്പോകാതെ സംരക്ഷിച്ചും പ്രസവപീഡകൾക്കു് ഇടയുള്ള അനേകം അപകടസംഭവങ്ങളെ മുൻകൂട്ടിത്തടഞ്ഞും ഗർഭാശയത്തെ വികസിപ്പിച്ചും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും, ഗർഭശിശുവിന്റെ വളർച്ചയ്ക്കും, തള്ളയുടെ ആരോഗ്യത്തിനും ഏററവും പ്രയോജനകരവും പ്രകൃതിദത്തവുമായ ഒരു ദിവ്യൗഷധം




പ്രഗ്നോൾ

വിദഗ്ദ്ധ വൈദ്യാഭിപ്രായം

'പ്രഗ്നോൾ' റേബ്ലററ്സ് എന്റെ ഒട്ടേറെ രോഗിണികളിൽ പരീക്ഷിച്ചുനോക്കിയതിൽ ഗർഭിണികൾക്കുണ്ടാകാവുന്ന വിവിധങ്ങളായ അസ്വാസ്ഥ്യങ്ങളുടെ നിവാരണത്തിനും ഗർഭശിശുവിന്റെ സംരക്ഷണത്തിനും അമൂല്യമായ പ്രതിവിധിയാണെന്നു് ബോദ്ധ്യമായിരിക്കുന്നു. പാശ്ചാത്യപൗരസ്ത്യഔഷധങ്ങളുടെ അതിശയനീയമായ ഈ സംയോഗം ഗർഭിണികളുടെ അരിഷ്ടതകൾ സമർത്ഥമായി പരിഹരിക്കുന്നു.

ഡോക്ടർ എസ്സ്. ജോൺ L. M. & S., L. R. C. S., L. R. F. P., S. M. R. C. P., D. T. M. & H., (Rtd.) സർജൻ ജനറൽ.

60 Tablets for one month's use Rs. 3—12—0

എല്ലാ പ്രധാന മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

Distributors for T. C. State:- MODERN TRADERS, Alleppey

വിമർശനവീഥി

# കോൺ. പ്രസി. നെഹ്റുവിന്റെ ശ്രദ്ധേയമായ വിശദീകരണം

## നെഹ്റു അപലപിക്കുന്നു, ക്രിസ്തീയ മിഷനറിമാരുടെ നേർക്കുള്ള ആക്രമണപരമായ നിലപാട്

### മതേതരരാഷ്ട്രത്തിൽ മതസ്വാതന്ത്ര്യവും മനഃസാക്ഷിസ്വാതന്ത്ര്യവും ഉണ്ട് — വിദേശമിഷനറിമാർ വളരെ നല്ല സേവനങ്ങൾ ഇൻഡ്യയിൽ ചെയ്തിട്ടുണ്ടു്

നമ്മുടെ പ്രധാനമന്ത്രി ശ്രീ നെഹ്റു കോൺഗ്രസ് പ്രസിഡണ്ട് എന്ന നിലയിൽ ആഗസ്റ്റ് 9-ാംനു പ്രദേശ് കോൺഗ്രസ് പ്രസിഡന്റന്മാർക്ക് അയച്ച കത്തിൽ മതേതരരാഷ്ട്രം, മനസ്സാക്ഷിസ്വാതന്ത്ര്യം, ക്രിസ്തീയമിഷ്യനറിമാരുടെ പ്രവർത്തനം മുതലായ മതപരവിഷയങ്ങളെ പരാമർശിച്ച് വിശദീകരണങ്ങൾ നൽകിയിരിക്കുന്നു. അവയാണ് താഴെ ചേർക്കുന്നത്:—

#### മതേതരരാഷ്ട്രം

നാം നമ്മുടെ രാഷ്ട്രത്തെ മതേതരം (സെക്യുലർ) എന്നു വിളിക്കുന്നു. സെക്യുലർ എന്ന പദം ഒരു പക്ഷേ സമുചിതമായ ഒന്നല്ലായിരിക്കാം. എങ്കിലും കൂടുതൽ മെച്ചമായ മറ്റൊരു പദത്തിന്റെ അഭാവത്തിൽ അതു് നാം ഉപയോഗിച്ചിരിക്കുകയാണ്. അതിന്റെ അർത്ഥം സകല മതങ്ങൾക്കും സ്വാതന്ത്ര്യപ്രവർത്തനമുണ്ടെന്നാകുന്നു; അവ പരസ്പരം തടസ്സപ്പെടുത്തുകയോ നമ്മുടെ രാഷ്ട്രത്തിന്റെ മൗലികാശയങ്ങളിൽ കൈകടത്തുകയോ ചെയ്യരുതെന്നുള്ള വ്യവസ്ഥയ്ക്കു മാത്രമേ ആ സ്വാതന്ത്ര്യപ്രവർത്തനം വിധേയമായിരിക്കുന്നുള്ളു. ഇൻഡ്യയിലെ ന്യൂനപക്ഷസമുദായങ്ങൾ മതത്തെ സംബന്ധിച്ചിടത്തോളം ഈ നില സ്വീകരിക്കണമെന്നാണ് പ്രസ്തുതപദം അർത്ഥമാക്കുന്നതു്; അതിനെക്കാൾ അധികവും അതു് അർത്ഥമാക്കുന്നുണ്ടു്; ഭൂരിപക്ഷസമുദായം മതത്തെ സംബന്ധിച്ചിടത്തോളം പ്രസ്തുത നില പരിപൂർണ്ണമായും മനസ്സിലാക്കിയിരിക്കണമെന്നു്. എന്തുകൊണ്ടെന്നാൽ സംഖ്യാബാഹുല്യത്താലും മറ്റുപ്രകാരത്തിലും ഭൂരിപക്ഷസമുദായത്തിന്റെ ഉത്തരവാദിത്വത്തിൽപെടുന്നതാണ്, അതിന്റെ പ്രാബല്യത്തെ നമ്മുടെ മതേതരാദർശത്തിനു് വിരുദ്ധമാകാവുന്ന യാതൊരു വിധത്തിലും വിനിയോഗിക്കരുതെന്നുള്ളതു്.

#### മതപരിവർത്തന സ്വാതന്ത്ര്യം

സകല സാമുദായികസംഘടനകളും തങ്ങൾക്ക് പ്രത്യേകാവകാശങ്ങൾ വേണമെന്നു് മനഃപൂർവ്വം ആഗ്രഹിക്കുന്നു. ചില ഹൈന്ദവസമുദായസംഘടനകൾ ഹൈന്ദവരാഷ്ട്രത്തെപ്പറ്റി സംസാരിക്കുന്നുണ്ടു്. അതു് ദേശീയത്വവുമല്ല, ജനാധിപത്യവുമല്ല. മദ്ധ്യയുഗങ്ങളിലെ ആശയമാണതു്. അപ്രകാരംതന്നെ സമത്വം പുരോഗമിപ്പിക്കണമെന്നു അവകാശപ്പെടുന്ന സമുദായത്തിൽ ജാതിവ്യത്യാസത്തിനും അർത്ഥമൊന്നുമില്ല.

നമ്മുടെ ഭരണഘടന സകല മതങ്ങൾക്കും സ്വാതന്ത്ര്യം നൽകുന്നുണ്ടു്, മതം മാറുവാനുള്ള (Proselytise) സ്വാതന്ത്ര്യം പോലും. മതം മാറുവാനുള്ള ശ്രമങ്ങളെ വ്യക്തിപരമായി ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ ആ ഇഷ്ടക്കേട് മറ്റുള്ളവരിൽ കുത്തിച്ചെലുത്തുവാൻ എനിക്കു കാര്യവുമില്ല. ചില ബോദ്ധ്യങ്ങൾനിമിത്തം ഒരു വ്യക്തി തന്റെ മതം മാറുന്നതു് എനിക്കു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ കൂട്ടത്തോടെ മതം മാറാനുള്ള ശ്രമങ്ങൾ എനിക്കു മനസ്സിലാക്കുവാൻ കഴിവില്ല. അവയുടെ പിന്നിൽ പലപ്പോഴും ചില രാഷ്ട്രീയപ്രേരണകളുണ്ടു്.

ക്രിസ്തീയ മിഷ്യനറിമാരുടെ പ്രശ്നം അടുത്ത കാലത്തു വളരെയധികം ചർച്ചാവിഷയമായിട്ടുണ്ടല്ലോ. മതസ്വാതന്ത്ര്യം സംബന്ധിച്ചിടത്തോളം അവനവന്റെ വിശ്വാസം പ്രചരിപ്പിക്കുവാൻ ഇൻഡ്യയിലുള്ള സകല മതങ്ങൾക്കും സ്വാതന്ത്ര്യമുണ്ടു്; ചില പരിഗണനകൾക്ക് എല്ലായ്പ്പോഴും അതു് വിധേയമായിരിക്കണമെന്നു മാത്രം. വിദേശമിഷ്യനറിമാരുടെ കാര്യം പറയുമ്പോൾ മതപരമായ പ്രശ്നമല്ല വാദവിഷയമാകുന്നതു്, പ്രത്യുത വിദേശികൾക്ക് ഏതു ഉദ്ദേശത്തിനായും ഇൻഡ്യയിൽ പ്രവേശനം നൽകുന്ന പ്രശ്നമാണ്.

#### വിദേശികൾക്കു സ്വാഗതം

വിദേശികൾക്ക് ഇൻഡ്യയുടെ പടിവാതിലുകൾ അടച്ചിടാൻ നാം ആഗ്രഹിക്കുന്നില്ല; യഥാർത്ഥത്തിൽ നാം അവരെ സ്വാഗതം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ അവരുടെ പ്രവേശനത്തിനു് ചില ചട്ടങ്ങൾ നാം ഏർപ്പെടുത്തുന്നുണ്ടു് അവയ്ക്കു മതത്തോടു് യാതൊരു ബന്ധവുമില്ല. വിദേശികൾ വളരെയധികം ഒരു രാജ്യത്തു് പ്രവേശിച്ചാൽ പുതിയ പ്രശ്നങ്ങൾ ആവിർഭവിച്ചേക്കാം. പ്രോത്സാഹനം നൽകുവാൻ നമുക്കിഷ്ടമില്ലാത്ത ചില ജീവിതവൃത്തികളെയോ പ്രവർത്തനങ്ങളെയോ ആ പ്രവേശനം ബാധിച്ചേക്കാം.

തന്മൂലം ഈ വിഷയം സംബന്ധിച്ച ചില ചട്ടങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശക്രിസ്തീയമിഷ്യനറിമാരെ സംബന്ധിച്ചിടത്തോളം യാതൊരു സംശയവുമില്ല. അവർ ഇൻഡ്യയിലെ പല ഭാഗങ്ങളിലും വളരെ നല്ല സേവനം ചെയ്തിട്ടുണ്ടെന്നുള്ളതിനു്. അതുപോലെതന്നെ ഒട്ടും സംശയമില്ലാത്ത സംഗതിയാണ്, അവരിൽ ചിലർ ഇൻഡ്യക്ക് പ്രയോജനകരമായവിധം പ്രവർത്തിച്ചിട്ടില്ലെന്നുള്ളതു്. അവർ സദുദ്ദേശത്താൽ പ്രേരിതരായിരിക്കാം. എങ്കിലും അവരുടെ ലക്ഷ്യങ്ങൾ, രാഷ്ട്രീയമാകട്ടെ സാമുദായികമാകട്ടെ, നമ്മുടേതു പോലെയല്ലായിരിക്കാം.

രാഷ്ട്രീയമായി പറഞ്ഞാൽ നമ്മുടെ ചില അതിർത്തിമേഖലകൾക്കുള്ളിൽ ഏതെങ്കിലും വിദേശി വസിക്കുന്നതു് പ്രോത്സാഹിപ്പിക്കുവാൻ നമുക്കിഷ്ടമില്ല. ഇതിനു് മതത്തോടു് യാതൊരു ബന്ധവുമില്ല. അവരുടെ സാന്നിദ്ധ്യം അവിടെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആകയാൽ ഈ അതിർത്തിപ്രദേശങ്ങളിൽ ഏതാണ്ട കർശനമായി നമ്മുടെ ചട്ടങ്ങൾ നാം പ്രയോഗിക്കേണ്ടിയിരിക്കുന്നു.

#### മിഷ്യനറി പ്രവർത്തനങ്ങളും ഇതരജീവികളുടെ മുക്തിയും

ഗോത്രജാതിക്കാരുടെ ഇടയിൽ (Tribal) നടക്കുന്ന മിഷ്യനറി പ്രവർത്തനങ്ങളുടെ കാര്യത്തിൽ ചില വൈഷമ്യങ്ങൾ ആവിർഭവിച്ചിട്ടുണ്ടു്. ഗോത്രജാതിക്കാർ നല്ലൊരു ജനസഞ്ചയമാണ്. അവരുടെ ഇടയിലുള്ള മിഷ്യനറി പ്രവർത്തനങ്ങൾ, ക്രിസ്ത്യാനികളുടേയോ ഹിന്ദുക്കളുടേയോ മുസ്ലീങ്ങളുടേയോ മറ്റാരുടെയെങ്കിലുമോ ആകട്ടെ, ജനസാമാന്യത്തിന്റെ മനസ്സിൽ പലപ്പോഴും അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു. അവ സംഘട്ടനങ്ങൾക്ക് കാരണമാക്കിയേക്കാവുന്നവയുമാണ്. ബോദ്ധ്യംനിമിത്തമുള്ള മതമാറ്റങ്ങൾ വ്യക്തികളുടെ ഇടയിൽ നടക്കുന്നുണ്ടെന്നു് പറയാൻ മിക്കവാറും സാദ്ധ്യമല്ല.

ഇപ്പോൾ പല സ്ഥലങ്ങളിലും ക്രിസ്തീയ മിഷ്യനറിപ്രവർത്തനങ്ങൾ മാത്രമല്ല, പിന്നെയോ ഹൈന്ദവമുസ്ലീംപ്രവർത്തനങ്ങളും നടക്കുന്നുണ്ടു്. ശുദ്ധിപ്രസ്ഥാനവും നടക്കുന്നു. ഉദ്ദേശങ്ങളിൽ വളരെയധികം രാഷ്ട്രീയമാണ് ആ പ്രസ്ഥാനമെന്നു് എനിക്കു തോന്നുന്നു. ഈ രാഷ്ട്രീയ നിറമാണ് ഞാൻ അപലപിക്കുന്നതു്.

ക്രിസ്തീയമിഷനറിമാരുടെ നേർക്ക് ആക്രമണപരമായ നിലപാട്ട സ്വീകരിക്കാനുള്ള ഒരു വാസനയും ഇൻഡ്യയുടെ ചില ഭാഗങ്ങളിലുണ്ടു്. അത്തരത്തിലുള്ളതു് കർശനമായി നിരുത്സാഹപ്പെടുത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അതു് നമ്മുടെ ദേശീയതത്വത്തിന്റെ ഒരംശവുമല്ല; ദേശീയതലത്തിൽ ശാന്തമായി കൈകാര്യം ചെയ്യേണ്ട പ്രശ്നത്തിന്റെനേർക്ക് ഇടുങ്ങിയതും അസഹിഷ്ണുവുമായ സമീപനം സ്വീകരിക്കാൻ അതു പ്രോത്സാഹിപ്പിക്കുന്നു. ആക്രമണപരമായ ഈ നിലപാടിന്റെ ഫലം, നമ്മുടെ ദേശത്തിലെ സമുദായങ്ങളിലെ വളരെ വിപുലവും പ്രധാനവുമായ ഒരു ഘടകമാകുന്ന ഇൻഡ്യൻ ക്രിസ്ത്യാനികളുടെ മനസ്സിൽ ഒരു ഭീതിവികാരം സൃഷ്ടിക്കുമെന്നതാണ്. ഇൻഡ്യയിലെ ഏതൊരു ജനവിഭാഗത്തിന്റേയും മനസ്സിൽ അത്തര ഭീതി സൃഷ്ടിക്കുന്ന ഏതും അപലപിക്കപ്പെടണം. അതു് അസ്വസ്ഥതയെ ജനിപ്പിക്കും; നമ്മുടെ മതേതരരാഷ്ട്രത്തിനു് വിപരീതവുമാണതു്.

ഇൻഡ്യയിലെ ന്യൂനപക്ഷമതസമുദായങ്ങൾ—മുസ്ലീമിങ്ങൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, പാർസികൾ, ബുദ്ധമതക്കാർ, ജൈനർ, യഹൂദർ മുതലായവർ, മറ്റേതുംപോലെ ഇൻഡ്യയുടെ ഒരു ഭാഗമാണെന്നു് നാം സദാ അനുസ്മരിക്കണം. അവരെ ആ നിലയിൽ പരിഗണിക്കാതിരുന്നാൽ തൽക്ഷണം നാം നമ്മുടെ മതേതരവും പ്രജായത്തപരവുമായ ആദർശങ്ങളിൽനിന്നു് അകന്നുപോകാൻ ഇടവരും; ഇൻഡ്യയുടെ ഐക്യത്തെ അതു ബലഹീനമാക്കുകയും ചെയ്യും.

സകല കോൺഗ്രസുകാരും ഈ ബോധമുള്ളവരായിരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. അബദ്ധവും നമ്മുടെ ലക്ഷ്യങ്ങൾക്ക് വിരുദ്ധവുമായ നിലപാടുകൾ മനസ്സറിയാതെപോലും സ്വീകരിക്കാൻ നാം നമ്മെ അനുവദിച്ചുകൂടാ. സുശക്തമായ ഒരു നിലപാട് ഈ വിഷയങ്ങളിൽ സ്വീകരിക്കുന്നതുകൊണ്ടു് നാം ചില ആളുകളെ അതൃപ്തിപ്പെടുത്തിയെന്നോ, തിരഞ്ഞെടുപ്പിൽ തോറ്റുവെന്നോ വന്നേക്കാം. അങ്ങനെ വരുന്നതാണ്, നമ്മുടെ സംരംഭത്തിലും നമ്മുടെ ആദർശങ്ങളിലും നമുക്കുള്ള വിശ്വാസം നഷ്ടപ്പെടുന്നതിനേക്കാൾ നല്ലതു.

#### സകല ജനങ്ങളുടേയും സമത്വം

കോൺഗ്രസ്സ് ഈ നിലപാട്ട് ധൈര്യസമേതം സ്വീകരിക്കണം; അല്ലാതെ ഭയത്താലോ ബലഹീനതയാലോ, ഇൻഡ്യയുടേയും അതിലെ നിവാസികളുടേയും ഭാവിക്കു ദോഷകരമായ യാതൊരു പ്രവണതയുമായി ഒത്തുതീർപ്പുണ്ടാക്കരുതു്. നാം എപ്പോഴും മനസ്സിൽനിന്നു വിട്ടുപോകാതെ സൂക്ഷിക്കേണ്ടതു് ഇൻഡ്യയുടെ ഐക്യം എന്ന ആദർശമാണ്; അതിലെ നിവാസികളുടെ രാഷ്ട്രീയവും സാമുദായികവുമായ സമത്വമാണ്; അവർ ഏതു ഗ്രൂപ്പിലോ മതത്തിലോ സംസ്ഥാനത്തിലോ ഉൾപ്പെട്ടിരുന്നവരായിരുന്നാലും വേണ്ടില്ല. ക്രമപ്രവൃദ്ധമായ സാമ്പത്തികസമത്വത്തിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടിയും നാം പ്രവർത്തിക്കണം. അതു കൈവരാൻ കുറെനാൾ വേണ്ടിവന്നേക്കും. എങ്കിലും നമ്മുടെ പ്രയത്നങ്ങൾ എല്ലായ്പ്പോഴും ആ ലക്ഷ്യത്തിലേക്ക് ചായ്‌വുള്ളതായിരിക്കണം. അതിനുവേണ്ടി സാമുദായികസമത്വത്തിന്റെ അന്തരീക്ഷം നാം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

എന്നാൽ ശിഥിലീകരണവാസനകളെ പ്രോത്സാഹിപ്പിക്കുന്ന ചില ശക്തികൾ ഇപ്പോളുണ്ടു്. തന്മൂലം കോൺഗ്രസിനു് ഒരിക്കലും സ്വയം സംതൃപ്തിയുള്ളതായിരിക്കാൻ സാദ്ധ്യമല്ല; ചിലതു നല്ലതും ചിലതു ചീത്തയുമായ പ്രസ്തുത വിവിധശക്തികളുടെ പ്രവർത്തനങ്ങളെ ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ല

* * *

ശ്രീ നെഹ്റുവിന്റെ അത്യുൽകൃഷ്ടമായ ഈ വിശദീകരണം സകലരുടേയും കണ്ണുതുറക്കേണ്ടതാണ്. മതേതരരാഷ്ട്രത്തിന്റെ പേരും പറഞ്ഞുകൊണ്ടു് മതവിരുദ്ധമായ നിലപാട്ട സ്വീകരിക്കുന്നവരും മതപ്രചരണത്തിനുള്ള ന്യായമായ സ്വാതന്ത്ര്യം സമ്മതിക്കാത്തവരും ഇൻഡ്യയുടെ സ്വദേശീയവും വിദേശീയവുമായ ക്ഷേമത്തെ ഏകലക്ഷ്യമാക്കി ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ശ്രീ നെഹ്റുവിന്റെ പ്രജായത്തവും സഹിഷ്ണുതാപരവുമായ ഉദ്ബോധനങ്ങൾ സ്വീകരിക്കുകയും അനുഷ്ഠിക്കുകയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!


## "മേരിവത്സരം"

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്, മരിയൻജൂബിലിവത്സരം സംബന്ധിച്ച് പുറപ്പെടുവിച്ച "ഫുൾജെൻസ് കൊറോണ" എന്ന തിരുവെഴുത്തിന്റെ മലയാളപരിഭാഷ.

വിവർത്തകൻ:

റവ. ഡോക്ടർ തോമസ് മൂത്തേടൻ M. A., D. D.

വില 100ക്ക് 4ക.

(തപാൽക്കൂലി പുറമെ)

ഒറ്റപ്രതിക്ക് 1ണ.

തപാലിൽ അയക്കാൻ 2ണ സ്റ്റാമ്പയക്കുക

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1



## അത്ഭുതപ്രവർത്തകയായ "വെച്ചൂർമുത്തിയു"ടെ തിരുനാൾ

## 1954 സെപ്റ്റംബർ 8-ാംനു ബുധനാഴ്ച

മരിയജൂബിലിവത്സരത്തിൽ എറണാകുളം അതിരൂപതയിലെ ഒരു തീർത്ഥദേവാലയമായി പ്രഖ്യാപിച്ചിട്ടുള്ള കുടവെച്ചൂർ പരിശുദ്ധദേവമാതാവിന്റെ ദേവാലയത്തിൽ ഈ അമ്മയുടെ തിരുനാൾ ഇക്കൊല്ലം പതിവുപോലെ സെപ്റ്റംബർ 8-ാംനു ബുധനാഴ്ച പൂർവ്വാധികം ആഡംബരപരമായ കർമ്മപരിപാടികളോടുകൂടി ആഘോഷിക്കുന്നതാണ്.

ഭക്തജനങ്ങൾക്കു സാധാരണ തിരുനാളവസരത്തിൽ അനുവദിച്ചിട്ടുള്ള നിരവധി ദണ്ഡവിമോചനങ്ങൾക്കു പുറമെ ഈ ജൂബിലിവർഷം പ്രമാണിച്ചു പ്രത്യേകമായ ദണ്ഡവിമോചനങ്ങൾ ഈ അവസരത്തിൽ പ്രാപിക്കാവുന്നതാണ്. കഴിവുള്ളവരെല്ലാം തീർത്ഥകസംഘങ്ങളായി വന്നു തിരുനാളിൽ സംബന്ധിച്ചു ദണ്ഡവിമോചനങ്ങളും പരിശുദ്ധ അമ്മയുടെ പ്രത്യേകാനുഗ്രഹങ്ങളും പ്രാപിക്കുന്നതിനു സാദരം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

വെച്ചൂർ
24—8—1954

എന്നു ടി പള്ളിവികാരി


ചെയ്യുന്നതു് ഓരോ വ്യക്തിയുടെയും കാര്യമാണെന്നാണല്ലോ ഇതിന്റെസാരം. ഈ ബോധം "ശുദ്ധികർമ്മം" ഹിമവൽസേതുപര്യന്തം അടിച്ചേൽപ്പിക്കുവാൻ ഉത്സാഹിക്കുന്നവർ ഓർമ്മിക്കാത്തതാണു കഷ്ടം. ക്രിസ്തുവിന്റെ മിഷനറിമാരുടെ സംഗതിയിലാകട്ടെ അവർക്ക് ലഭിച്ചിട്ടുള്ള ചൈതന്യം ആപത്തിന്റെ മുമ്പിൽ സങ്കുചിക്കുന്നതല്ലാ, "അതു് പ്രവർത്തനത്തിന്റെയും സ്നേഹത്തിന്റെയും ശിക്ഷണത്തിന്റെയും ചൈതന്യം ആകുന്നു." (II Timothy 1:7)

## എൻെറ യൂറോപ്പുപര്യടനം

(2-ാംപേജ് തുടർച്ച)

തിനു് സ്വീകരിക്കപ്പെടുന്ന വിചിത്രമായ ഒരു വാദരീതിയുണ്ടു്. കഴിഞ്ഞ യുദ്ധകാലത്തു യൂറോപ്യൻജനത പൊതുവെ വളരെ കഷ്ടതകളും ദാരിദ്ര്യവും സഹിക്കേണ്ടിവന്നു. ഇപ്പോഴാകട്ടെ, സാമ്പത്തികസാഹചര്യങ്ങൾ സാധാരണനിലയിൽ വന്നുചേർന്നിട്ടുള്ളതുകൊണ്ടു് ആനന്ദിക്കുന്നതിനുള്ള തൃഷ്ണ സാമാന്യാതീതമായി അവരിൽ വർദ്ധിച്ചിരിക്കുന്നു. ഒരു മഹായുദ്ധത്തെത്തുടന്നു് ഇങ്ങനെ ഒരു പരിണാമമുണ്ടാവുക സാധാരണമത്രെ. ചുരുക്കത്തിൽ, ജനത ഭൗതികകാര്യങ്ങൾക്കു പ്രാമാണ്യം നൽകുകയും ആദ്ധ്യാത്മികകാര്യങ്ങൾ അവഗണിക്കുകയും ചെയ്യുന്നു എന്നുള്ളതാണു് ഇന്നത്തെ അനുഭവം.

### രാജ്യത്തിൻെറ പുനരുത്ഥാനം

ഇററലി സാമാന്യമായി പറഞ്ഞാൽ ഒരു പാവപ്പെട്ട രാജ്യമാണു്. ദക്ഷിണഭാഗത്തെക്കാൾ ഉത്തരഭാഗത്താണു് കൂടുതൽ ഐശ്വര്യമുള്ളതു്. ഇററലിയുടെ സാഹചര്യങ്ങൾ രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിക്കു വളരെ സഹായകങ്ങളല്ല. അസംസ്കൃതവിഭവങ്ങൾ അവിടെ വളരെ കുറവാണു്; ഫലപുഷ്ടമായ കൃഷിഭൂമികൾ വിരളം; ജനസംഖ്യ വളരെ അധികവും ജനനനിരക്കു കൂടുതലും; കൂടാതെ 20 ലക്ഷത്തോളം വരുന്ന തൊഴിലില്ലാത്തവരുടെ ഒരു ദരിദ്രവ്യൂഹവും അവിടെയുണ്ടു്. ഇങ്ങനെയെല്ലാമാണെങ്കിലും മഹായുദ്ധത്തിനുശേഷം "മാർഷൽ പ്ലാൻ" പരിപാടികളനുസരിച്ചു് ഇററലി വളരെയേറെ പുരോഗമിച്ചിട്ടുണ്ടു് എന്നു സമ്മതിക്കാതെ തരമില്ല. രണ്ടാമത്തെ ലോകമഹായുദ്ധത്തിൽനിന്നു ഇറാലി പുറത്തുവന്നതു് നഷ്ടശിഷ്ടങ്ങളുടെ ഒരു കൂമ്പാരമായിട്ടായിരുന്നുവല്ലോ. രാജ്യഭണ്ഡാകാരം പാപ്പരായിരുന്നു, നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും നിരവധി കെട്ടിടങ്ങൾ നിലംപരിശാക്കപ്പെട്ടിരുന്നു, പാലങ്ങളും, റെയിലുകളും, റോഡുകളും, ജലവിതരണമാർഗ്ഗങ്ങളും എല്ലാം തകർക്കപ്പെട്ടിരുന്നു എന്നാൽ അമേരിക്കയുടെ ഉദാരമായ സഹായഹസ്തത്തെ ഇററലിക്കാർ അവരുടെ രാജ്യനന്മക്കായി ബുദ്ധിപൂർവ്വം ഉപയോഗിക്കുകയും തൽഫലമായി ഇന്നു് ഒരു പുതിയ ഇററലി ആധുനികമായ സകല സജ്ജീകരണങ്ങളോടുംകൂടി ഐശ്വര്യത്തിൻെറ മാർഗ്ഗത്തിൽ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആധുനികഇററലിക്കു എവിടെയും ഒരു പുതുമയുണ്ടു്. പുതിയ ഭവനങ്ങൾ, പുതിയ സ്ഥാപനമന്ദിരങ്ങൾ, പുതിയ തീവണ്ടികൾ, പുതിയ ട്രാമുകൾ, പുതിയ ബസ്സുകൾ, പുതിയ വ്യവസായശാലകൾ— എവിടെ നോക്കിയാലും ഈ പുതുമയുടെ പൊൻപുലരിയാണു് ഒരു നിരീക്ഷകനു പ്രഥമത ദൃശ്യമാകുന്നതു്. ആരോഗ്യസംരക്ഷണകാര്യത്തിൽ ഇററലി ഒരു നവയുഗം സമാരംഭിച്ചുകഴിഞ്ഞു. ഇററലിയിൽ ജനലക്ഷങ്ങളെ കൊന്നൊടുക്കിക്കൊണ്ടിരുന്ന മലേറിയായെ ഡി. ഡി. ടി. യുടെ പ്രയോഗംകൊണ്ടു് അവർ നാട്ടുകടത്തിക്കളഞ്ഞു. കർഷകജനം മാന്യമായി ഉടുത്തൊരുങ്ങി നടക്കുന്നതു കാണാൻ ഒരു കൗതുകമുണ്ടു്. തൊഴിലാളികളുടെ ഇടയിൽ മോട്ടോർ സൈക്കിൾ ഒരു സാധാരണ വാഹനമായിത്തീർന്നിരിക്കുന്നു. അമേരിക്കയുടെ സാമ്പത്തികസഹായവും ഇററലിക്കാരുടെ തീവ്രമായ അദ്ധ്വാനവും ഒന്നുചേർന്നാണു് സുഭഗമായ ഈ സ്ഥിതിവിശേഷം ഇത്രവേഗത്തിൽ സംജാതമാക്കിയതെന്നു പ്രസ്താവിച്ചുവല്ലോ. ഇറാല്യൻജനത ബുദ്ധിവൈഭവത്തിലും കർമ്മകുശലതയിലും പണ്ടേ പ്രഖ്യാതരാണു്.

### തൊഴിലാളിവിഭാഗം

കമ്മലിത്താസഭവകയായി റോമയിൽ ഇപ്പോൾ ഒരു വൈദികകലാലയം പണുതുകൊണ്ടിരിക്കുകയാണു്. 250 മുറികളുള്ള ഈ മന്ദിരം സാർവ്വലൗകികമായ ഒരു പ്രശസ്തസെമ്മിനാരിയായിരിക്കും. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും സമുന്നതമായ ശിക്ഷണം നൽകുന്നതിനുള്ള സ്ഥാപനമാണതു്. അതിൻെറ പണിയിൽ ഏകദേശം 100പേർവീതം ഏർപ്പെട്ടിരിക്കുന്നുണ്ടു്. അവരുടെ ജോലികളെ ഞാൻ വളരെ കാര്യമായി ശ്രദ്ധിച്ചിരുന്നു. ഒരിററാലിയൻ തൊഴിലാളി അവൻെറ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സമയത്തു പ്രദർശിപ്പിക്കുന്ന വൈദഗ്ദ്ധ്യവും ശ്രദ്ധയും എന്നെ വിസ്മയിപ്പിച്ചു. ഈ തൊഴിലാളിമനോഭാവം രാജ്യശ്രേയസ്സിനു വലിയൊരു താങ്ങായിട്ടുണ്ടു് എന്നു പ്രത്യക്ഷമാണല്ലോ. എങ്കിലും ഇററലിയിലെ തൊഴിലാളിവിഭാഗം ഇപ്പോഴും ഏതു ചേരിയിലാണു് നിലകൊള്ളുന്നതെന്നു തീർച്ചപറയാറായിട്ടില്ല. യഥാർത്ഥജനാധിപത്യാദർശങ്ങൾ അമേരിക്കയുടെ അഭിലാഷത്തിനനുസരിച്ചു അവരിൽ സ്ഥിരപ്രതിഷ്ഠിതങ്ങളായിക്കഴിഞ്ഞു എന്നു വ്യാമോഹിക്കുവാൻ നിവൃത്തിയില്ല. സാമ്പത്തികമായ പുനരുജ്ജീവനംകൊണ്ടു ഇററലിയിൽ കമ്മ്യൂണിസപ്രവാഹം തടയപ്പെട്ടിട്ടുണ്ടു്. പക്ഷെ അതിനെ അവിടെനിന്നു കെട്ടുകെട്ടിച്ചു എന്നു പറയാൻവഹിയാ.

### കമ്മ്യൂണിസത്തിൻെറ കാരണങ്ങൾ

ഇററലിയിലാകട്ടെ ഫ്രാൻസിലാകട്ടെ കമ്മ്യൂണിസപ്രചാരണത്തിനുള്ള കാരണങ്ങൾ തൊഴിലില്ലായ്മയോ ദാരിദ്ര്യമോ ആണെന്നു പറഞ്ഞുകൂടാ. ഫ്രാൻസിൽ തൊഴിൽരാഹിത്യപ്രശ്നമേയില്ലെന്നു പറയാം. പക്ഷെ അവിടത്തെ ജനങ്ങളിൽ നല്ലൊരുഭാഗം കമ്മ്യൂണിസ്റ്റുകളാണു്. ഇററലിയിൽത്തന്നെ ജീവിതനിലവാരം കൂടുതൽ ഉയർന്നതായ ഉത്തരഭാഗത്താണു് കമ്മ്യൂണിസം കൂടുതൽ ശക്തി പ്രാപിച്ചിട്ടുള്ളതു് ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള യുവാക്കന്മാരും പലേകാരണങ്ങളാൽ ഇന്നത്തെ വ്യവസ്ഥിതിയെ എതിർക്കുന്ന തൊഴിലാളികളുമാണു് എളുപ്പത്തിൽ അതിലേക്കാകൃഷ്ടരാകുന്നതു്. കൂടാതെ, ഇറാല്യൻ ഗവമ്മെൻറിനു ഇതുവരെയും അതിൻെറ വാഗ്ദാനങ്ങൾക്കനുസരിച്ചു ഭൂനയത്തേയും സാമൂഹികപരിഷ്കാരങ്ങളേയും നടപ്പാക്കാൻ സാധിച്ചിട്ടില്ല. തന്മൂലം പ്രചാരണത്തിനുവേണ്ടി അനുകൂലമായ ഏതൊരസ്വസ്ഥതയേയും ഉപകരണമാക്കുന്ന കമ്മ്യൂണിസ്റ്റുകൾക്കു ഇതു പററിയൊരവസരമായിത്തീർന്നിരിക്കുന്നു.



സിഞ്ഞോർ ഡെ ഗസ്പാരി
(ഇദ്ദേഹം ആഗസ്റ്റ് 19-ാംനു-ചരമമടഞ്ഞു)

ഇററലിയിൽ ഒട്ടാകെ 20 ലക്ഷത്തോളം തൊഴിലില്ലാത്തവരുണ്ടെന്നു പ്രസ്താവിച്ചുവല്ലോ. അവരുടെ സ്ഥിതിയെന്താണു്? എൻെറ ജിജ്ഞാസയെ വളരെയേറെ സമാകർഷിച്ച ഒരു കാര്യമാണിതു്. പട്ടണപ്രദേശങ്ങളിലോ ഗ്രാമങ്ങളിലോ അവരാരും കൂട്ടംകൂടി കണ്ടില്ല. അങ്ങിനെ ഒരു വിഭാഗംതന്നെ പ്രത്യക്ഷത്തിൽ അവിടെയുള്ളതായി ശ്രദ്ധേയമായിരുന്നില്ല. തന്മൂലം അതേപ്പററി ഞാൻ അന്വേഷിച്ചു. നിഷ്കൃഷ്ടമായ പര്യന്വേഷണത്തിൽ തെളിഞ്ഞുവരുന്ന വസ്തുതകൾ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇററലിയിലെ തൊഴിലാളികളുടെ മൊത്തം സംഖ്യ 2കോടിയിൽ പരമാണു്. അതുകൊണ്ടു തൊഴിലില്ലാത്തവർ പത്തിലൊന്നുമാത്രമേ വരുന്നുള്ളൂ ഒരു തൊഴിലാളിക്കു തൊഴിൽ നഷ്ടപ്പെട്ടാൽ തൊഴിലില്ലാത്ത ആറുമാസക്കാലത്തേക്കു സാമൂഹികസഹായപദ്ധതി മൂലം ഗവമ്മെൻറിൽനിന്നു അറുപതുഡോളർവീതം സഹായധനം ലഭിക്കുന്നതാണു്. അതിനുശേഷം നിയമദൃഷ്ട്യാ അവർ യാതൊരുവക വരുമാനവുമില്ലാത്തവരാണെങ്കിലും മെഡിക്കൽ പരിശോധനാറിപ്പോർട്ടുകൾകൊണ്ടു കാണുന്നതു് അവർ ആരോഗ്യവാന്മാരായിത്തന്നെ ജീവിക്കുന്നു എന്നാണു്. ഈ വിരോധാഭാസത്തെപ്പററി അന്വേഷിച്ചതിൽ, അതിൻെറ രഹസ്യം അവർ മററുതരത്തിൽ അവരുടെ ജീവിതമാർഗ്ഗം കണ്ടെത്തുന്നു എന്നതാണെന്നു മനസ്സിലായി. വിദേശസഞ്ചാരികൾക്കു ചില്ലറ ശുശ്രൂഷകൾ ചെയ്തുകൊടുത്തും പരസ്യക്കടലാസുകൾ പറിച്ചുവിററും ഒരു ചെറിയ വരുമാനം ഉണ്ടാക്കുന്നതിനു അവർക്കു സാധിക്കുന്നു പ്രത്യേകിച്ചും 90ശതമാനവും തൊഴിൽചെയ്യുന്നവരായതുകൊണ്ടു ഈ 10 ശതമാനം ആളുകൾ അവരെ ആശ്രയിച്ചു കഴിയുന്നവരാണു്. ഇററലിയിൽ ധനവാന്മാരുടെ ഇടയിൽ കാണുന്നതിൽ കൂടുതലായ സഹകരണസന്നദ്ധത പാവപ്പെട്ടവരുടെ ഇടയിൽ പ്രത്യക്ഷമാകുന്നു. എങ്ങിനെയും തൊഴിൽരഹിതരും ഭക്ഷണത്തിൻെറയും മററു ജീവിതാവശ്യങ്ങളുടെയും കാര്യത്തിൽ തൊഴിലുള്ളവരെപ്പോലെതന്നെ സുഭിക്ഷതയിലാണു് കഴിഞ്ഞുകൂടുന്നതു്.

### രാഷ്ട്രീയജീവിതം

ഇററലിയിൽ ഇന്നു കമ്മ്യൂണിസത്തിൻെറനിലനില്പിനുള്ള ഒരു മറയായിത്തീർന്നിരിക്കുന്നതു അവിടത്തെ രാഷ്ട്രീയപ്രശ്നങ്ങളാണെന്നു പറയാം. 1953 ജൂലൈ മാസത്തിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസത്തിനു വളരെയൊന്നും കൂടുതൽ നേട്ടമുണ്ടായിട്ടില്ല എന്നുള്ളതു വാസ്തവമാണു്. എങ്കിലും ഡെ ഗസ്പാരിയുടെ നേതൃത്വത്തിലുള്ള ക്രിസ്ത്യൻ ഡെമോക്രാററിക്ക് പാർട്ടിക്കു അതിൽ ഖണ്ഡിതമായ ഒരു ഭൂരിപക്ഷം ലഭിക്കുന്നതിനിടയായില്ല. നിയമസഭയിൽ 48 ശതമാനം സീററുകൾ മാത്രമാണു് അവർക്കു ലഭിച്ചതു് തന്മൂലം തനിച്ചുനിന്നു ഒരു ഗവമ്മെണ്ടു രൂപവൽക്കരിക്കുന്നതിനു ആ കക്ഷിക്കു സാധിക്കാതെവന്നു ലിബറൽ പാർട്ടി മുതലായ ചില ന്യൂനപക്ഷപാർട്ടികളോടു യോജിച്ചു ഡെമോക്രാററിക്ക് പാർട്ടി മെമ്പറന്മാർ മുൻനിന്നു രൂപവൽക്കരിച്ച ഒരു സംയുക്തഗവമ്മെണ്ടാണു് ഇപ്പോൾഭരണം നടത്തുന്നതു്. കമ്മ്യൂണിസ്റ്റു, സോഷ്യലിസ്റ്റു് മുതലായ ഇടതുപക്ഷപാർട്ടികളെ ഭരണത്തിൽനിന്നും അകററിനിത്തുന്നതിനു അതുകൊണ്ടു കഴിഞ്ഞിട്ടുണ്ടെങ്കിലും പ്രബലമായ ഒരു പാർട്ടിഗവമ്മെണ്ടിൻെറ സ്ഥിരതയോ ശക്തിയോ അതിനില്ല. ഗവമ്മെൻറിൻെറ ഈ ദുർബലസ്ഥിതിയാണു് ഇററലിയുടെ ഇന്നത്തെ പ്രധാനമായ പ്രശ്നം. കമ്മ്യൂണിസ്റ്റേതരമായ എല്ലാ പാർട്ടികളുടേയും യോജിപ്പിലാണു്

## ഏജൻസി അറിയിപ്പ്

എളപ്പാറയിൽ ശ്രീ ജോസഫ് വക്കീയെ ഉപ്പുതറ, അയ്യപ്പൻകോവിൽ, കൽതൊട്ടി, മേരികുളം, ചിന്നാർ, ചെമ്മണ്ണു, പുളിങ്കട്ട, ഏലപ്പാറ, മുതലായ സ്ഥലങ്ങളിലെ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

ഇററലിയുടെ രാഷ്ട്രീയമോക്ഷം പ്രമുഖരാഷ്ട്രനേതാവായ ഡെ ഗസ്പാരി വിഭാവനം ചെയ്യുന്നതു്. 1948-ൽ അദ്ദേഹം ഇപ്രകാരം പ്രഖ്യാപിച്ചു- "ഐക്യമാണു് എക്കാലത്തും നമ്മുടെ പ്രശ്നമായിരുന്നിട്ടുള്ളതു്. ദാരിദ്ര്യത്തേയും തൊഴിലില്ലായ്മയേയും നിഷ്കാസനം ചെയ്യുന്നമെന്നുള്ളതു് തീർച്ചയായും നമ്മെ തുറിച്ചുനോക്കുന്ന ഒരു പ്രശ്നമാണു്. പക്ഷെ ഇററാല്യൻ ജനതയെ ഒന്നാകെ സമാധാനമാർഗ്ഗങ്ങളിലൂടെ ഒരേക ഐക്യബന്ധത്തിലേക്കു കൊണ്ടുവരികയെന്നുള്ളതാണു് സർവ്വപ്രധാനമായ ആവശ്യം. ഗവമ്മെണ്ടിൽ നമുക്കു ഐക്യമുണ്ടായാൽ നമ്മുടെ മറെറല്ലാ പ്രശ്നങ്ങളേയും പരിഹരിക്കുന്നതിനു നമുക്കു സാധിക്കും." ഇററലിയുടെ ഇരുളടഞ്ഞ ചരിത്രകാലങ്ങളിൽ കമ്മ്യൂണിസ്റ്റുഭീഷണിക്കെതിരായി ചെറുത്തുനിന്ന ധീരനേതാവായി ഭാവിചരിത്രകാരന്മാർ ഡെ ഗസ്പാരിയെ വാഴ്ത്തുമെന്നതു തീർച്ചയാണു്. എങ്കിലും ഇന്നു ഖണ്ഡിതമായ ഒരു ഭൂരിപക്ഷം നേടുന്നതിനു സാധിക്കാതെ ദുർബലമായ ഒരു സംയുക്തകക്ഷിയെ ആശ്രയിച്ചു അനിശ്ചിതമായ ഭരണത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയോടു ഏററുമുട്ടേണ്ടിവന്നിരിക്കുന്നതു വളരെ നിർഭാഗ്യകരമാണു്. ഇങ്ങനെയെല്ലാമാണെങ്കിലും ഇററലിയുടെ രാഷ്ട്രീയജീവിതത്തിൽ ക്രിസ്ത്യൻ ഡെമോക്രാററിക്ക് പാർട്ടിയാണു് അവരുടെ രക്ഷാസങ്കേതം. ആ പാർട്ടിയുടെ ജീവനാഡിയും ചൈതന്യകേന്ദ്രവുമായ ഡെഗാസ്പാരി അവരുടെ അനിഷേധ്യനേതാവായിരുന്നു.




### സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam, September 1 1854 No. 3

## ഇംഗ്ലണ്ടിന്റെ മാതൃഭക്തിപ്രകടനം

ചരിത്രപ്രസിദ്ധമായ വാത്സിങ്ങാമിലെ മാതൃസ്വരൂപത്തിന്റെ സന്നിധിയിൽ മരിയവത്സരം പ്രമാണിച്ച് ഇംഗ്ലീഷുകാർ അത്യാഡംബരതരമായ ഭക്തിപ്രകടനങ്ങൾ നിർവ്വഹിച്ചിരിക്കുന്നു. ഗ്രേറ്റ് ബ്രിട്ടനിലെ പുതിയ ഡലിഗേറ്റ് അപ്പസ്തോലിക്കാ ഓഹാറാ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പരിശുദ്ധ മാർപ്പാപ്പായുടെ പ്രതിനിധി എന്ന നിലയിൽ മാതാവിന്റെ തിരുസ്വരൂപത്തെ മുടിധരിപ്പിച്ചു. ആഗസ്റ്റ് 15-ാംതീയതി പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിൽ ഉച്ചതിരിഞ്ഞ് രണ്ടേമുക്കാൽ മണിക്കാണ് പ്രസ്തുത കർമ്മത്തോടുകൂടി മൂന്നുദിവസത്തെ പരിപാടികൾ സമാരംഭിച്ചതു്. വാത്സിങ്ങാമിലെ പുരാതനമായ ആബ്ബിയിലെ കമാനത്തിൽ വച്ചാണ് കിരീടധാരണം നിർവ്വഹിക്കപ്പെട്ടതു്. അനന്തരം തിരുസ്വരൂപം ഘോഷയാത്രയായി സ്ലീപ്പർ ചാപ്പലിലേക്കു സംവഹിക്കപ്പെടുകയും അവിടെ പ്രതിഷ്ഠിക്കപ്പെടുകയുംചെയ്തു. തുടർന്നു നോത്താംപ്ടൻമെത്രാൻ പാർക്കർ തിരുമനസ്സുകൊണ്ട് പോണ്ടിഫിക്കൽ കുർബാന അർപ്പിച്ചു. ഓരോദിവസവും പ്രത്യേക പരിപാടികൾ ഭംഗിയായി നിർവ്വഹിക്കപ്പെട്ടു. പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് സ്റ്റേറ്റ്പ്രോ സിക്രട്ടറി മോൺ. മൊന്തീനിവഴി തിരുമനസ്സിലെ ആശംസാസന്ദേശം അയച്ചുകൊടുക്കുകയുമുണ്ടായി.

## മലകളുടെമുകളിൽ കുർബാന

വാത്സിങ്ങാമിലെ ആഘോഷപരിപാടികളോടൊന്നിച്ച് ഇംഗ്ലണ്ടിലും സ്കോട്ട്ലണ്ടിലും വെയിത്സിലുമുള്ള ഏററം ഉയരംകൂടിയ മലകളായ സ്കാഫെൽപൈക്ക്, ബെൻനേവിസ്, സ്നോഡൺ എന്നിവയുടെ ഉച്ചിയിൽ വിശുദ്ധബലികൾ അർപ്പിക്കപ്പെട്ടു. അതേ അവസരത്തിൽതന്നെ സ്കോട്ട്ലണ്ടിലെ ഏററം വലിയ പർവ്വതങ്ങളിലൊന്നായ ലാവലോറാ എന്ന മുടിയിലേക്കു നിരവധി തീർത്ഥകർ കയറുകയും അവിടെ പരിശുദ്ധ കന്യകയുടെ തിരുസ്വരൂപം പ്രതിഷ്ഠിച്ചു ദിവ്യബലി അർപ്പിക്കപ്പെടുകയുംചെയ്തു. വേറൊരു കൊടുമുടിയായ മൂർഫാസനിൽ സ്ലാനിഷ് യുവമുന്നണി സംഘടനയിലെ പർവ്വതാരോഹണസംഘത്തിൽപ്പെട്ട യുവാക്കൾ കയറി "നന്മനിറഞ്ഞ മറിയമേ" എന്നാലേഖനംചെയ്ത ഒരു ശില സ്ഥാപിച്ചു.

# —വിവിധവൃത്താന്തങ്ങൾ—

## ജർമ്മൻ യുവാക്കന്മാർ തിരുനാളാഘോഷിക്കുന്നു

ജർമ്മനിയിലെ ഡോർട്ടുമണ്ട് എന്ന സ്ഥലത്തുള്ള ഹാൽസാസ്റ്റയറിൽവച്ചു ജർമ്മൻ കാത്തലിക്ക് യൂത്ത് അസ്സോസിയേഷൻ യുദ്ധാനന്തരം അവരുടെ പ്രഥമ തിരുനാളാചരണം മോടിയായി നടത്തിയിരിക്കുന്നു. മൂന്നുദിവസത്തെ പരിപാടികളാണുണ്ടായിരുന്നതു്. ഒരുലക്ഷത്തിലധികം വരുന്ന ഒരു യുവസഞ്ചയം അതിൽ പങ്കെടുത്തു. പ്രാരംഭദിവസം ജർമ്മനിയിലെ പേപ്പൽ നൺഷിയോ ആർച്ചുബിഷപ്പ് മ്യൂൻഞ്ച് തിരുമേനി ദിവ്യബലിയർപ്പിച്ചു. യുവതീയുവാക്കന്മാരെ അഭിസംബോധനം ചെയ്തുകൊണ്ട് തിരുമേനി പറഞ്ഞ പ്രസംഗത്തിൽ പ്രസ്താവിച്ചതു്, വസ്തുതകളെ വിലയിരുത്തുന്ന നിങ്ങളുടെ ത്രാസുകളിൽ നിങ്ങളുടെ ആത്മാവിനു ഒന്നാംസ്ഥാനം നൽകപ്പെടണം, ആത്മാവിന്റെ പരിശീലനം നിങ്ങളുടെ ജീവിതകൃത്യമാണെന്നു സദാ സ്മരിക്കണമെന്നായിരുന്നു. വൈകിട്ട് പ്രസിഡൻറ് ഹ്യൂസ്സും കാനൻ ജോസഫ് കാർഡ്ജിനും യുവാക്കന്മാരോട് പ്രസംഗിച്ചു. യുവക്രൈസ്തവതൊഴിലാളി സംഘടനയുടെ ജനയിതാവായ കാനൻ കാർഡ്ജിൻ പറഞ്ഞതു്, യഥാർത്ഥത്തിലുള്ളതും, നിലനില്ക്കുന്നതും, രക്ഷാകരവുമായ വിപ്ലവത്തിന്റെ പതാകാവാഹകർ ക്രിസ്തീയയുവതൊഴിലാളികൾ മാത്രമാണെന്നത്രെ.

## വൈദികതീർത്ഥകസംഘം ലൂർദ്ദിലേക്കു്

ഇററലിയുടെയും, സിസിലിയുടേയും, സർഡീനിയായുടേയും വിവിധഭാഗങ്ങളിൽനിന്നുമായി രോഗികളായ 236 വൈദികർ ഒരു തീർത്ഥകസംഘമായി ലൂർദ്ദിലെത്തിയിരിക്കുന്നു. അവരിൽ 20 പേർ ചക്രംഘടിപ്പിച്ചിട്ടുള്ള രോഗശയ്യയിലാണ് യാത്രചെയ്തതു്. 14 കമ്പാർട്ടുമെൻറുകളുള്ള ഒരു പ്രത്യേക തീവണ്ടിയിലാണ് തീർത്ഥകർ ലൂർദ്ദിലെത്തിയതു്. ഒരു രോഗിയായ മോൺ. ലൂയിജി നൊവാറീസ് എന്ന ദേഹമാണ് ഈ തീർത്ഥാടനം സംഘടിപ്പിച്ചതു്. 93 വയസ്സ് പ്രായമുള്ള കാരിഞ്ചീ മെത്രാപ്പോലീത്താ ഈ സംഘത്തിൽ ഉൾപ്പെടുന്നു. അദ്ദേഹം റീത്തുകളുടെ തിരുസംഘത്തിന്റെ സിക്രട്ടറിയാണ്. ഫ്രാൻസിൽ മോൺട്ട പെല്ലിയെ എന്ന സ്റ്റേഷനിലെത്തിയപ്പോൾ അദ്ദേഹം പ്ലാററ്ഫാറത്തിൽ ദിവ്യബലി അർപ്പിച്ചു. എല്ലാ തീർത്ഥകരും അതിൽ സംബന്ധിച്ച് ദിവ്യകാരുണ്യം സ്വീകരിച്ചു. ധ്യാനപ്രസംഗങ്ങളും പ്രാർത്ഥനകളും ഒന്നിച്ച് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉച്ചഭാഷിണിമൂലം ട്രെയിനിൽ സജ്ജീകരിച്ചിട്ടുണ്ട്. ഗ്രോട്ടോയിലെത്തിയശേഷം കൂട്ടത്തിലുണ്ടായിരുന്ന ഒരു ശെമ്മാശനെ അവിടെവച്ചു പൗരോഹിത്യപദത്തിലേക്കുയർത്തുകയും അദ്ദേഹം ഗ്രോട്ടോയിൽ നവപൂജ അർപ്പിക്കുകയുംചെയ്തു.

## നേഴ്സുമാരുടെ സാർവ്വലൗകിക കോൺഗ്രസ്സ്

കത്തോലിക്കാ നേഴ്സുമാരുടേയും, വൈദ്യപരവും സാമൂഹികവുമായ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളുടേയും സാർവ്വലൗകിക സംഘടന അതിന്റെ വാർഷികകോൺഗ്രസ്സ് ഇക്കൊല്ലം അടുത്തമാസത്തിൽ കിബെക്കിൽവച്ചു നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. മോൺട്രിയിലെ കർദ്ദിനാൾ ലെജെറും, ഡലിഗേററ് അപ്പസ്തോലിക്കാ ആർച്ചുബിഷപ്പ് പാനിക്കോയും, കിബെക്കിലെ മെത്രാപ്പോലീത്താ റോയിയും കോൺഗ്രസ്സിൽ പ്രസംഗിക്കുന്നതാണ്. 40ൽപ്പരം രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ അതിൽ സംബന്ധിക്കും.

## മിഷനറിമാരെ ചൈന പുറംതള്ളുന്നു

കമ്മ്യൂണിസ്റ്റു ചൈനയിൽനിന്നും 44 പേരടങ്ങിയ ഒരു മിഷനറിസംഘം കഴിഞ്ഞാഴ്ചയിൽ എസ്. എസ്. ഹുനാൻ എന്ന ഇംഗ്ലീഷ് കപ്പലിൽ രക്ഷപെട്ടു പോന്നിരിക്കുന്നു. ഒരു വൈദികനും ആറു കന്യാസ്ത്രീകളും ഈ സംഘത്തിൽ പെടുന്നു. ഇക്കൊല്ലം പുറത്തുപോന്നിട്ടുള്ള ഏററം വലിയ ഗണമാണിതു്. അവിടെ 129 വിദേശമിഷനറിമാർകൂടി ശേഷിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. അവരിൽ 3 മെത്രാന്മാരും 20 വൈദികരും കാരാഗൃഹത്തിലാണ്. കമ്മ്യൂണിസ്റ്റു ഭരണം ആരംഭിച്ചപ്പോൾ ആകെ അവിടെ ഉണ്ടായിരുന്നതു 5000 മിഷനറിമാരാണ്. 2000 ഏതദ്ദേശീയ വൈദികരിൽ വളരെപ്പേർ തടവിലാണ്. വളരെപ്പേരെ നാടുകടത്തി. വളരെപ്പേർ ഒളിവിൽ അവരുടെ സേവനം തുടരുന്നുണ്ട്. മൂന്നുപേർ മാത്രമേ അവരുടെ ജോലികൾ തുടരുന്നതിനു് അനുവദിക്കപ്പെട്ടിട്ടുള്ളു. അവർ നിരന്തരമായി കമ്മ്യൂണിസ്റ്റു നിയന്ത്രണങ്ങൾക്കു വിധേയരാക്കപ്പെടുന്നുണ്ട്. കമ്മ്യൂണിസ്റ്റുകളാൽ വധിക്കപ്പെട്ട ചൗ ചിഷി മെത്രാപ്പോലീത്തായെ അവരുടെ "ദേശീയസഭ"യുടെ തലവനായി അധിരോധിക്കുന്നതിനു് ഒരു ശ്രമം നടന്നു. പക്ഷേ ഹാസ്യരൂപത്തിൽ അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നു: "ലോകമാസകലമുള്ള സഭയുടെമേൽ അധികാരമുള്ള പാപ്പാസ്ഥാനത്തേക്കു നിങ്ങൾ എന്നെ ക്ഷണിച്ചിരുന്നെങ്കിൽ അതൊന്നു പരിക്ഷിച്ചുനോക്കാമായിരുന്നു!"

## കാനഡായിലെ മരിയൻ കോൺഗ്രസ്സ്

കാനഡായിലെ ദേശീയ മരിയൻ കോൺഗ്രസ്സ് മഞ്ഞുമാതാവിന്റെ തിരുനാൾ ദിവസത്തിൽ സമുൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. 11 ദിവസത്തേക്കാണ് കോൺഗ്രസ്സ് പരിപാടികൾ നിശ്ചയിച്ചിരിക്കുന്നതു്. മോൺട്രിയലിനും ക്യൂബെക്കിനും ഇടയ്ക്കു് മൂവാററുംമുഖത്തുള്ള കത്തീഡ്റലിൽ നടത്തപ്പെട്ട പൊൻറിഫിക്കൽ കുർബാനയോടുകൂടി അതു സമാരംഭിച്ചു. ഐക്യരാജ്യങ്ങളിൽനിന്നും കാനഡായുടെ വിവിധ ഭാഗങ്ങളിൽനിന്നും തീർത്ഥകർ കോൺഗ്രസ്സ് കേന്ദ്രമായ കാപ്പ് ദെ ലാ മാഡലീൻ എന്ന ഗ്രാമപ്രദേശത്തേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്നു. 10 ലക്ഷത്തിൽ കുറയാത്ത ഒരു സംഖ്യ അതിൽ സംബന്ധിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. അവർക്കുവേണ്ട എല്ലാ സജ്ജീകരണങ്ങളും സ്ഥലത്തു നിർവ്വഹിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

## വി. 10-ാംപീയൂസിന്റെ ബാല്യകാലപ്രതിമ

വി. പത്താംപീയൂസിന്റെ ജന്മദേശമായ റീയസ്സേഗ്രാമത്തിൽനിന്നും കാസ്സൽ ഫ്രാങ്കോയിലേക്കുള്ള റോഡരുകിൽ ഒരു പുൽതകിടിയിൽ വിശുദ്ധന്റെ ബാല്യകാലത്തിലെ ഒരു പ്രതിമ സ്ഥാപിക്കുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. നഗ്നപാദനായി, തന്റെ ചെരിപ്പുകളും പുസ്തകങ്ങളും ചുമലിൽ ഇരുവശങ്ങളിലുമായി തൂക്കിയിട്ടിരിക്കുന്ന ഒരു ബാലനായിട്ടാണ് പ്രതിമ ഉണ്ടാക്കുന്നതു്. ദിവസത്തിൽ രണ്ടുപ്രാവശ്യം വീതം അദ്ദേഹം ഈ വിധത്തിലാണല്ലോ തന്റെ ബാല്യകാലത്തിൽ സ്കൂളിലേക്കും വീട്ടിലേക്കും ഈ വഴിയിൽക്കൂടി പോയിക്കൊണ്ടിരുന്നതു്. മുഴുവൻ സമയവും ചെരിപ്പു ധരിച്ചാലുണ്ടാകാവുന്ന ചിലവു വഹിക്കുവാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ട് സ്കൂളിൽ ചെന്നതിനുശേഷം മാത്രമെ ഈ പാവപ്പെട്ട ബാലൻ അതുപയോഗിച്ചിരുന്നുള്ളു. ഇപ്രകാരം ഒരു പൂർണ്ണകായപ്രതിമ സ്ഥാപിക്കുന്നതിനുള്ള അഭിപ്രായം റീയെസ്സെയിലെ മേയറാണ് പ്രകടിപ്പിച്ചതു്. ഇററലിയിലുള്ള വിദ്യാർത്ഥികളാണ് അതിനുവേണ്ട ചിലവുകൾ വഹിക്കുന്നതിനു് സന്നദ്ധരായി മുമ്പോട്ടുവന്നിട്ടുള്ളതു്.

## ടെലവിഷനിൽ മാർപ്പാപ്പാ ത്രികാലജപം ചൊല്ലുന്നു

ഇപ്പോൾ കാസ്റ്റൽ ഗണ്ടോൾഫോയിൽ താമസിക്കുന്ന 78 വയസ്സുകാരനായ പരിശുദ്ധ മാർപ്പാപ്പാ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ദിവസം ഉച്ചയ്ക്കു അവിടുത്തെ രഹസ്യക്കപ്പേളയിൽ ത്രികാലജപംചൊല്ലുന്ന രംഗം ടെലെവിഷൻവഴി പ്രക്ഷേപിക്കപ്പെട്ടു. മാതാവിനോടുള്ള ഭക്തിയെ ഉത്തേജിപ്പിക്കുന്നതിനും സ്വർഗ്ഗാരോപണപ്രഖ്യാപനം അനുസ്മരിക്കുന്നതിനും വേണ്ടിയാണ് ഈ പരിപാടി അംഗീകരിക്കപ്പെട്ടതു്. ടെലെവിഷന്റെ മുമ്പിൽ അനേകലക്ഷങ്ങൾ പരിശുദ്ധ പിതാവ് ഭക്തിപൂർവ്വം മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതു കാണുകയും അവിടുത്തെ പ്രാർത്ഥനോച്ചാരണം കേൾക്കുകയും ആത്മനാ അതിൽ പങ്കെടുക്കുകയും ചെയ്തു.

## കടലിൽ ക്രിസ്തുവിന്റെ പ്രതിമ

മദ്ധ്യധരണ്യാഴിയിലെ സാൻഫ്രുട്ട്വോസാ ഉൾക്കടലിൽ സ്ഥാപിക്കുവാനുള്ള ക്രിസ്തുവിന്റെ ഓടുകൊണ്ടു നിർമ്മിച്ച ഒരു വലിയ പ്രതിമ ആഗസ്റ്റ് 22-ാം തീയതി ഒരു കത്തോലിക്കാ വൈദികൻ ആശീർവ്വദിച്ചിരിക്കുന്നു. എട്ടരയടി പൊക്കവും എണ്ണൂറു ടൺ തൂക്കവുമുള്ള ഈ പ്രതിമ ഇതിന്റെ സിമൻറ് ബേസോടുകൂടി, കടലിൽ മുങ്ങിമരിച്ച മീൻപിടിത്തക്കാർ, നാവികർ മുതലായവർക്കുവേണ്ടിയുള്ള സ്മാരകമായി കടലിൽ സ്ഥാപിക്കുന്നതാണ്. സാൻഫ്രുട്ടവോസാ ഉൾക്കടലിലെ ജലം വളരെ തെളിഞ്ഞതാകയാൽ പ്രതിമ എപ്പോഴും ദൃശ്യമായിരിക്കുന്നതാണ്. നീട്ടിയ കരങ്ങളോടുകൂടിയ രൂപത്തിലാണു് പ്രതിമ നിർമ്മിച്ചിരിക്കുന്നതു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

